ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ 2005-2006 സാമ്പത്തിക വർഷത്തേക്കുള്ള XXIV, XXV നമ്പർ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്. എല്ലാ രാജ്യങ്ങളിലുമുള്ള ജനങ്ങൾ അവരുടെ സ്വന്തം ഭരണഘടനയെക്കുറിച്ച് അഭിമാനംകൊള്ളുന്നവരാണ്. പക്ഷേ, എല്ലാവരും ഭരണഘടനയെക്കുറിച്ച് സംസാരിക്കുമ്പോൾ അവർ പറയും, ഞങ്ങളുടെ ഭരണഘടന നിഷ്പക്ഷമായ ഭരണഘടനയാണ്, ആരുടെയും പക്ഷംപിടിക്കുന്ന ഭരണഘടനയല്ല എന്ന്. നമ്മുടെ ഭരണഘടനയെക്കുറിച്ച് സംസാരിക്കുമ്പോൾ അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയും, നമ്മുടെ ഭരണഘടന നിഷ്പക്ഷമായ ഒരു ഭരണഘടനയല്ല. നമ്മുടെ ഭരണഘടന പക്ഷംപിടിക്കുന്ന ഭരണഘടനയാണ്. അത് സാധാരണക്കാരന്റെ, ആലംബഹീനരുടെ, ആർത്തരുടെ, നൂറ്റാണ്ടുകളോളം ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ ജീവിക്കാൻ വിധിക്കപ്പെട്ട ജനപഥങ്ങളുടെയെല്ലാം പക്ഷംപിടിക്കുന്ന ഒരു ഭരണഘടനയാണ്. നമ്മുടെ ഭരണഘടന രാജ്യത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണവ്യവസ്ഥകളെക്കുറിച്ചും അവർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങളെക്കുറിച്ചുമൊക്കെ വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. എല്ലാവർക്കും നിയമത്തിന്റെ മുമ്പിൽ, നീതിയുടെ മുമ്പിൽ തുല്യാവകാശം വിളംബരം ചെയ്യപ്പെടുമ്പോൾത്തന്നെ ഒരുപാട് വർഷങ്ങളോളം, നൂറ്റാണ്ടുകളോളം എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട ജനസമൂഹത്തെ ദേശീയ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുകൊണ്ടുവരുവാനുള്ള പ്രൊവിഷൻ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് നമ്മുടെ ഭരണഘടന രൂപീകരിക്കപ്പെട്ടത്. സ്വാതന്ത്ര്യ സമരകാലത്ത് രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുമ്പോൾ അതിനോടൊപ്പംതന്നെ സാധാരണക്കാരായ ജനവിഭാഗങ്ങളുടെ ജീവിതത്തിലെ എല്ലാം നിഷേധിക്കപ്പെട്ട ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടികൂടി ശബ്ദം ഉയർത്തിക്കൊണ്ടുള്ള ഒരു സ്വാതന്ത്ര്യസമരമായിരുന്നു നമ്മുടേത്. ആ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം കൊടുത്ത ധീരരായ ദേശാഭിമാനികളുടെ മനസ്സും അവരുടെ സ്വപ്നവും എല്ലാം പ്രതിഫലിക്കുന്ന ഒന്നാണ് നമ്മുടെ ഭരണഘടന. ഭരണഘടനയുടെ പ്രൊസീഡിംഗ്സ് വായിച്ചുനോക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ചർച്ചചെയ്യപ്പെടുന്ന അവസരങ്ങൾ നമ്മുടെ അസംബ്ലിയുടെയും നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിന്റെയും ഉജ്ജ്വലവും സുവർണ്ണവുമായ മുഹൂർത്തങ്ങളാണ് എന്ന് തോന്നിപ്പോകും. പക്ഷേ, ആ ഭരണഘടനയുടെ ഉദ്ദേശലക്ഷ്യങ്ങൾ; വളരെ കുറഞ്ഞ നാളുകൾകൊണ്ട് ഈ ജനങ്ങളെ മുഴുവൻ ജീവിതത്തിന്റെ മെയിൻ സ്ട്രീമിലേക്ക് കൊണ്ടുവരണമെന്നുള്ള ഉദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള 57 വർഷങ്ങളാണ് ഇവിടെ കഴിഞ്ഞുപോയത്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടി ആവിഷ്കരിച്ച പദ്ധതികളെല്ലാം ഈ ജനവിഭാഗങ്ങൾക്ക് കിട്ടിയിട്ടുണ്ടോ എന്ന് പരിശോധന നടത്തേണ്ട സമയമാണ്. ആ കോടാനുകോടി രൂപയുടെ ആനുകൂല്യങ്ങൾ ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷൻ, നീതിപൂർവ്വമായി ആ

LIBRARY ARCHIVES Kerala Legislative Assembly

തുകയുടെ വിതരണം നടന്നിട്ടുണ്ടോ? അത് സാധാരണ ജനവിഭാഗങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലും, പിന്നോക്ക ജനവിഭാഗങ്ങളിലും എത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുമ്പോൾ വളരെ ദൗർഭാഗ്യകരമാണെന്നു മാത്രമേ നമുക്ക് വിശേഷിപ്പിക്കാൻ കഴിയുകയുള്ളൂ. കോടിക്കണക്കിനുള്ള ഈ തുക ഓരോ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും നേരിട്ട് വീതംവച്ച് കൊടുത്തിരുന്നുവെങ്കിൽ അവരെല്ലാം ഇന്ന് ലക്ഷപ്രഭുക്കളായി മാറുമായിരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. അപ്പോൾ എന്തുകൊണ്ടാണ് ഗവൺമെന്റുകൾ കൊടുത്ത ഈ കോടിക്കണക്കിന് രൂപ അവരുടെ കൈയിലെത്താതെപോയത് എന്ന് അന്വേഷിക്കുവാനുള്ള ബാദ്ധ്യത എല്ലാ വെൽഫെയർ സ്റ്റേറ്റിനും ഉണ്ടെന്ന് ഓർമ്മിപ്പിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. പല പദ്ധതികളും ഗുണഭോക്താക്കളിൽ എത്തിയിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം നമുക്കുതന്നെ അറിയാം. നമ്മൾ ഇപ്പോൾ പഞ്ചായത്തുകൾവഴി വിതരണം നടത്തുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള തുകയുടെ മൂന്നിൽ രണ്ടു ഭാഗവും പഞ്ചായത്തുകൾവഴിയാണ് വിതരണം ചെയ്യുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം നാന്നൂറ്റിയെഴുപതുകോടി രൂപയും, ഈ വർഷം അഞ്ഞൂറ്റിമുപ്പത് കോടി രൂപയുമുൾപ്പെടെ ആയിരം കോടി രൂപയാണ് കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി വിതരണം നടത്തിയത്. ഈ ആയിരം കോടി രൂപയുടെ ഫലങ്ങൾ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കിട്ടിയിട്ടുണ്ടോ? ഞാൻ പഞ്ചായത്തുകളെ കുറ്റപ്പെടുത്തുന്നില്ല. പഞ്ചായത്തുകൾക്ക് അത് നടപ്പിലാക്കാനുള്ള ഒരുപാട് തടസ്സങ്ങളുണ്ട്. പ്ലാനിംഗ് ബോർഡിന്റെ കർശനമായ ചില നിബന്ധനകൾ പദ്ധതികൾ പലതും നടപ്പിലാക്കാൻ അവർക്ക് മുന്നിൽ തടസ്സങ്ങളായി നിൽക്കുന്നു. കർശനമായ ചില നിയമങ്ങൾ, ആ നിയമങ്ങൾ റീ-സ്ട്രക്ചർ ചെയ്യാൻ ഈ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുന്നു. ഉദാഹരണമായി, എസ്.സി. മേഖലയിൽ പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ 51 ശതമാനംതന്നെ എസ്.സി. വേണമെന്ന് നിർബന്ധം പിടിച്ചിരിക്കുന്നു. അൻപത്തിയൊന്ന് ശതമാനമുള്ള കോളനികൾ വളരെ കുറവാണ്. അത് അൻപത് ശതമാനമായാൽ, നാൽപ്പത്തിയൊൻപത് ശതമാനമായാൽ പദ്ധതികൾ നടപ്പിലാക്കാൻ പറ്റാത്ത ഒരു അവസ്ഥയുണ്ടായിരിക്കുന്നു. ആ നിയമം റിലാക്സ് ചെയ്യണം. എല്ലാ പട്ടികജാതി വിഭാഗക്കാർക്കും ഈ ആനുകൂല്യങ്ങൾ എത്തിക്കണമെങ്കിൽ കർശനമായ വ്യവസ്ഥകളിൽ, കർശനമായ നിയമങ്ങളിൽ ഇളവ് വരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പദ്ധതി പണം ലാപ്സായി പോകുന്നതിനെക്കാൾ നല്ലത്, പദ്ധതി പണം ചെലവഴിക്കാതിരിക്കുന്നതിനെക്കാൾ നല്ലത് അല്ലെങ്കിൽ വേറെ ഹെഡ്ഡിൽ ആ പണം കിടക്കുന്നതിനെക്കാൾ നല്ലത് ഈ നിയമങ്ങൾ റിലാക്സ് ചെയ്യുന്നതാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ നാലു വർഷക്കാലത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ പദ്ധതികൾ വിലയിരുത്തുമ്പോൾ അഭിമാനത്തോടുകൂടി പറയാൻ കഴിയുന്നത് കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്കുവേണ്ടി ഈ ഗവൺമെന്റ് എടുത്ത നിലപാടാണ്. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഇവിടെ ഇരിക്കുന്നു. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ ചരിത്രത്തിന്റെ ഭാഗമാകാൻപോകുന്നത് ആദിവാസികളുടെ ഭൂമിവിതരണത്തിനുവേണ്ടിയെടുത്ത ആ ഡിറ്റർമിനേഷൻകൊണ്ടാണ്, ആ നടപടികൾ ആരംഭിച്ചു എന്നുള്ളതിന്റെ പേരിലാണ് എന്നു ഞാൻ ഓർക്കുകയാണ്. ആ ഗവൺമെന്റ് ഭൂരഹിതരായ ആദിവാസികളുടെ എണ്ണം തിട്ടപ്പെടുത്തിക്കൊണ്ട് ഇരുപത്തിരണ്ടായിരത്തോളം വരുന്ന കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി കൊടുക്കണമെന്നുള്ള നിശ്ചയദാർഢ്യത്തോടുകൂടി ജനുവരി ഒന്നാം തീയതി മുതൽ നടപടികൾ ആരംഭിച്ചു. ഇടുക്കി, ആലപ്പുഴ, കൊല്ലം ജില്ലകളിൽ പൂർണ്ണമായും ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ആ ഗവൺമെന്റ് എടുത്ത നിശ്ചയദാർഢ്യം ശ്രീ. എ. കെ. ആന്റണിയുടെയും അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ഡോ. എം. എ. കുട്ടപ്പന്റെയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി തിരിച്ചറിയാൻ കഴിഞ്ഞ ഒരു ഗവൺമെന്റും ഒരു മുഖ്യമന്ത്രിയുമാണ് ഇപ്പോൾ ഭരിക്കുന്നത് എന്നുള്ളതിൽ സന്തോഷമുണ്ട്. അന്ന് എടുത്ത ആ തീരുമാനങ്ങളിലെ നിശ്ചയദാർഢ്യം തിരിച്ചറിയാൻ കഴിഞ്ഞ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമാണ് ഇപ്പോഴുള്ളത്. ഇനി കോട്ടയത്തും പത്തനംതിട്ടയിലും ചില സ്ഥലങ്ങളിൽ കൊടുക്കാനുണ്ട്. ഏറ്റവും വലിയ നേട്ടം എന്നു പറയുന്നത് പത്തൊൻപതിനായിരത്തോളം ഏക്കർ വരുന്ന വനഭൂമി കേന്ദ്രത്തിൽനിന്ന് വാങ്ങിയെടുക്കാനുള്ള ഒരു വലിയ ഘട്ടം ഈ ഗവൺമെന്റ് പിന്നിട്ടിരിക്കുന്നു എന്നുള്ളതാണ്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി എല്ലാ പ്രാവശ്യവും ഡൽഹിയിൽ പോകുമ്പോൾ ഒരു ദിവസം മാത്രമേ അദ്ദേഹം അവിടെയുള്ളുവെങ്കിൽപ്പോലും ഈ കാര്യത്തിനുവേണ്ടി ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുകയാണ്. ഈ പത്തൊൻപതിനായിരം ഏക്കർ ഭൂമിക്ക് കേന്ദ്രത്തിന്റെ അനുമതി നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു. പക്ഷേ, സുപ്രീം കോടതിവിധിയുടെ പശ്ചാത്തലത്തിൽ അറുന്നൂറ് കോടി രൂപയോളം നഷ്ടപരിഹാരമായി സംസ്ഥാന ഗവൺമെന്റ് കൊടുക്കണമെന്നുള്ള ഒരു നിബന്ധനയുണ്ട്. നമുക്ക് അറുന്നൂറ് കോടി രൂപ കൊടുക്കാൻ കഴിയില്ല. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ അഭ്യർത്ഥിച്ചതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് സുപ്രീം കോടതിയിൽ ഈ അറുന്നൂറ് കോടി രൂപയിൽനിന്ന് ഈ സംസ്ഥാനത്തെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അഫിഡവിറ്റ് കൊടുത്തിരിക്കുകയാണ്. ഏപ്രിൽ മാസത്തിൽത്തന്നെ ഈ അറുന്നൂറ് കോടി രൂപ ഒഴിവാക്കി 19,000 ഏക്കറോളം വരുന്ന വനഭൂമി കേരളത്തിലെ സാധാരണക്കാരായ

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികൾക്ക് വിതരണം നടത്തുന്നതിനുവേണ്ടി നമുക്ക് കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ഗവൺമെന്റിന്റെ അഞ്ചുവർഷത്തെ കാലാവധി പൂർത്തിയാക്കുന്നതിനുമുൻപ് പത്തൊൻപതിനായിരം ഏക്കറോളം ഭൂമി വിതരണം നടത്താൻ കഴിയുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നു. ആറളം ഫാമിന്റെ ഏഴായിരം ഏക്കർ ഭൂമി നമുക്ക് കിട്ടി. അതിന്റെ തുക നമ്മൾ ഇപ്പോൾ അടച്ചുകൊണ്ടിരിക്കുകയാണ്. ചില യൂണിയനുകളുടെ സമരങ്ങൾ വന്നതുകൊണ്ട് അവിടെ ചില ധാരണകൾ ഉണ്ടാക്കി ആറളം ഫാമിന്റെ 3500 ഏക്കർ ഭൂമി ഒരുപാട് തടസ്സങ്ങളെ അതിജീവിച്ചുകൊണ്ട് അവിടെ കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അവിടെ ഐ.എൻ.ടി.യു.സി.യും സി.ഐ.ടി.യു.വും ഉൾപ്പെടെയുള്ള തൊഴിലാളികളുടെ സമരവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ആ ഭൂമി കൊടുക്കാൻ വൈകുന്നത്. പക്ഷേ, ആ ഭൂമി കേന്ദ്ര ഗവൺമെന്റിന്റെ കയ്യിൽ നിന്ന് വാങ്ങിച്ചെടുക്കുന്ന കാര്യത്തിൽ ഈ രണ്ട് ഗവൺമെന്റുകളും വിജയം കണ്ടു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ചരിത്രത്തിൽ ആദ്യമായി നമുക്കറിയാം, ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് 1975-ലെ ആദിവാസി നിയമം റിപ്പീൽ ചെയ്തുകൊണ്ടാണ് 1999-ൽ ഒരു നിയമം പാസ്സാക്കിയത്. 1999-ലെ നിയമത്തിലെ സെക്ഷൻ 10 പറയുന്നത് മാർച്ച് 6-ാം തീയതി വിജ്ഞാപനം ചെയ്ത ആ നിയമം ഗസറ്റിൽ വന്നതിനുശേഷമുള്ള രണ്ടു വർഷക്കാലംകൊണ്ട് കേരളത്തിലെ മുഴുവൻ ഭൂരഹിതരായിട്ടുള്ള ആദിവാസികൾക്കും ഭൂമി കൊടുക്കണമെന്നാണ്. കണക്ക് അനുസരിച്ചാണെങ്കിൽ 2001-ൽ കേരളത്തിലെ മുഴുവൻ ആദിവാസികൾക്കും ഭൂമി കിട്ടണമായിരുന്നു. പക്ഷേ, ഇവിടെ അഗളിയിലും അട്ടപ്പാടിയിലും മാത്രമാണ് ഇടതുമുന്നണിയുടെ ഭരണകാലത്ത് ഭൂമി വിതരണം നടത്താൻ കഴിഞ്ഞത്. അവിടെയിപ്പോൾ ഒരു ആദിവാസിപോലും അന്ന് വിതരണം നടത്തിയ ഭൂമിയിൽ താമസിക്കുന്നില്ല എന്നുള്ളതാണ് ദൗർഭാഗ്യകരമായിട്ടുള്ള വസ്തുത. കാരണം, വിത്തുകൾ വിതച്ചാൽ അത് വളരാത്ത പാറമടയുള്ള ഭൂമിയാണ് അന്ന് ആദിവാസികൾക്ക് കൊടുത്തത്. ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് ഇടുക്കി ജില്ലയിൽ കൊടുത്ത ഭൂമിയിൽ കൃഷിനടത്തി വിളവെടുക്കാൻ കഴിഞ്ഞു എന്നുള്ളതാണ് അതിന്റെ വ്യത്യാസം. ഇന്നലെ ഇവിടെ വളരെ വിശദമായിട്ടുള്ള ചർച്ചകൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചും സംവരണവ്യവസ്ഥകളെക്കുറിച്ചും നടക്കുകയുണ്ടായി. സംവരണമെന്നു പറയുന്നത് ആരുടേയും ഔദാര്യമല്ല. അത് ഇൻഡ്യൻ ഭരണഘടന ഇൻഡ്യയിലെ പാവപ്പെട്ടവർക്ക്, പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗക്കാർക്ക് കൊടുക്കുന്ന അവകാശമായിട്ട് കാണുന്ന ഒരു രാഷ്ട്രീയപ്രസ്ഥാനമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്. ഞാൻ ഇന്നലെ പല പ്രസംഗങ്ങളും കേട്ടു. ഞാൻ ഓർക്കുന്നു, മുസ്ലീം ലീഗിന്റെ ജനറൽ സെക്രട്ടറിയായ ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ പ്രസംഗം. താൻ പ്രതിനിധീകരിക്കുന്ന സ്വന്തം സമുദായത്തിന്റെ ആവശ്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുകൊണ്ടുതന്നെ പരിണതപ്രജ്ഞനായ ഒരു രാഷ്ട്രീയനേതാവിന്റെ വാക്കുകളാണ് അദ്ദേഹത്തിൽനിന്ന് ഇന്നലെ കേട്ടത്. എത്രയോ ഗൗരവമാർന്ന, പക്വതയോടുകൂടിയ സമീപനമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കാണപ്പെട്ടത്. ഇവിടെ ഇന്നലെ ആ കാര്യം സംസാരിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു, എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് സംവരണം തുടരുന്നതിൽ ഞങ്ങൾ എതിരല്ല. പിന്നെ ആരാണ് എതിര്? എസ്.സി/എസ്.ടി. വിഭാഗത്തിന് സംവരണം കൊടുക്കുന്നതിൽ ഞങ്ങളും എതിരല്ല. ഇവിടെ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം കൊടുക്കുന്നതിൽ ഞങ്ങളും എതിരല്ല. നരേന്ദ്രൻ കമ്മീഷനുമായി ബന്ധപ്പെട്ട പ്രശ്നമെന്താണ്? നരേന്ദ്രൻ കമ്മീഷനുമായി ബന്ധപ്പെട്ട വിഷയം ആ റിപ്പോർട്ടുപ്രകാരം ബാക്ക്ലോഗ് ഉണ്ട്. കുറെ സമുദായങ്ങൾക്ക് അർഹമായ അംഗീകാരം കിട്ടിയിട്ടില്ല. അതെങ്ങനെ പരിഹരിക്കാൻ കഴിയും? ഭരണഘടനയിൽ ഒതുങ്ങിനിന്നുകൊണ്ട് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളതാണ് പ്രശ്നം. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന് സംവരണനയത്തെക്കുറിച്ച് വ്യക്തതയില്ലായെന്ന് ഇന്നലെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവർ പറഞ്ഞു. ഇൻഡ്യൻ നാഷണൽ കോൺഗ്രസിനല്ലാതെ സംവരണത്തെക്കുറിച്ച് ആർക്കാണ് വ്യക്തതയുള്ളത്? ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ഏത് മുഖ്യമന്ത്രി ഭരിച്ചാലും ഏത് പ്രധാനമന്ത്രി ഭരിച്ചാലും ഏതു സമുദായത്തിൽപ്പെട്ട ആൾ ഭരിച്ചാലും സംവരണനയത്തിൽ കോൺഗ്രസിന്റെ ചരിത്രത്തിൽ ഒരുകാലത്തും വെള്ളം ചേർത്തിട്ടില്ലായെന്ന് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയും. ഭരണഘടനയിൽ ഒതുങ്ങിനിന്നുകൊണ്ട് പിന്നോക്ക സമുദായങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുത്തു കൊടുക്കണം. സാമൂഹ്യനീതി നടപ്പിലാക്കണമെന്നതുതന്നെയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നയം. കോൺഗ്രസിന്റെ പ്രതിജ്ഞാബദ്ധമായ ആ നിലപാടുതന്നെയാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ സർക്കാരും അനുവർത്തിച്ചുവരുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിദ്യാഭ്യാസരംഗത്താണ് ഈ നാലുവർഷക്കാലത്ത് യു.ഡി.എഫ്. ഗവൺമെന്റ് ഏറ്റവും വലിയ മാറ്റങ്ങൾ ഉണ്ടാക്കിയതെന്നു നമുക്കറിയാം. സ്വാശ്രയ മാനേജുമെന്റിന്റെ നേതൃത്വത്തിൽ കോഴ്സുകൾ ആരംഭിച്ചപ്പോൾ മെറിറ്റ് സീറ്റിലുള്ള മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ആനുകൂല്യങ്ങൾ കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനമെടുത്തു. ആദ്യ കാലത്ത് പേമെന്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച കുട്ടികൾക്കുകൂടി നമ്മൾ ഇവിടെ ആനുകൂല്യങ്ങൾ കൊടുക്കുകയുണ്ടായി, പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദേശത്തു പഠിക്കാനുള്ള ആനുകൂല്യങ്ങൾപോലും ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഏത് കുട്ടികൾക്കു വേണമെങ്കിലും വിദേശത്തു പോയി പഠിക്കാനുള്ള സൗകര്യങ്ങൾ ആരംഭിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. കോഴിക്കോട് ഐ.ഐ.എം.-നോടുചേർന്ന സ്ഥാപനത്തെ സെന്റർ ഓഫ് എക്സലൻസ് ആക്കിക്കൊണ്ട് ഗ്രാഡ്വേഷൻ പൂർത്തിയാക്കിയ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഏറ്റവും നല്ല കോഴ്സുകൾക്ക് അഡ്മിഷൻ കിട്ടുന്നതിനും ഏറ്റവും നല്ല ജോലി ലഭിക്കുന്നതിനുംവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചത് ഈ കാലഘട്ടത്തിലാണെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഇനിയും വിദ്യാഭ്യാസരംഗത്ത് കൂടുതൽ ശ്രദ്ധവേണം. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളെ മെയിൻ സ്ട്രീമിലേക്ക് കൊണ്ടുവരാൻ കഴിയണം. കഴിഞ്ഞ വർഷത്തെ എസ്. എസ്. എൽ. സി. റാങ്കിൽ ആദ്യത്തെ പത്തു റാങ്കുകളിൽ എത്രയോ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ ഉണ്ടായിരുന്നു. ഇവിടെ ഗ്രേഡിങ് സമ്പ്രദായമല്ല റാങ്ക് സിസ്റ്റം ആയിരുന്നുവെങ്കിൽ ഒരുപക്ഷേ ഒന്നാം റാങ്കോ രണ്ടാം റാങ്കോ ഈ വർഷങ്ങളിൽ പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് നേടാമായിരുന്നത്ര വലിയ സാമൂഹികമാറ്റം വിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കിയിരിക്കുന്നു. ഇതുകൊണ്ടുമാത്രം കാര്യമായില്ല. ഇനിയും മുന്നോട്ടുപോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ തൊഴിൽ വകുപ്പിന്റെ ധനാഭ്യർത്ഥനകളെക്കുറിച്ച് ഞാൻ ചുരുക്കി അവതരിപ്പിക്കുകയാണ്. നമുക്ക് ഒരു തൊഴിൽ സംസ്കാരം വേണം. ഇവിടെ കേന്ദ്ര നിക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മുപ്പതിനായിരം കോടിയോളം രൂപയുടെ കേന്ദ്രനിക്ഷേപം ഉണ്ടാകാൻപോകുന്നു. എത്ര കേന്ദ്രനിക്ഷേപം ഉണ്ടായാലും ശാന്തമായ തൊഴിൽ മേഖലയുണ്ടെങ്കിൽ മാത്രമേ നിക്ഷേപങ്ങൾ കേരളത്തിന് ഗുണപരമാക്കി മാറ്റാൻ കഴിയുകയുള്ളൂ. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വലിയ നിക്ഷേപസാദ്ധ്യതയുള്ള, തൊഴിൽസാദ്ധ്യതയുള്ള മേഖലയാണ്. നമ്മുടെ കൊച്ചി തുറമുഖവുമായി ബന്ധപ്പെട്ടാണ് പണം മുടക്കുന്നത്. പഴയ കൊച്ചി തുറമുഖത്തിന്റെ സ്ഥിതിയെന്താണ്? അധോലോകത്തിന്റെ കീഴിൽ അവിടെയൊരു ട്രേഡ് യൂണിയൻ സംസ്കാരം വളർന്നുവരികയാണ്. അത് നിയന്ത്രിക്കാൻ നമുക്ക് കഴിയണം. രാഷ്ട്രീയപാർട്ടികളുടെയും ട്രേഡ് യൂണിയൻ നേതാക്കന്മാരുടെയും നിയന്ത്രണം കേരളത്തിലെ ട്രേഡ് യൂണിയൻ മേഖലയിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആ മേഖലയിൽ കേരളത്തിന്റെ വികസനത്തിന് അനുകൂലമായ തൊഴിൽ സംസ്കാരം ഉണ്ടാക്കിയെടുക്കുന്നതിന് ഈ ഗവണ്മെന്റ് മുൻകൈ എടുക്കണം. പുതിയ നിക്ഷേപകരുമായി നെഗോഷിയേറ്റ് ചെയ്യുമ്പോൾ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഗവണ്മെന്റ് കൂടുതൽ മുൻതൂക്കം കൊടുക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ രണ്ട് ധനാഭ്യർത്ഥനകളെയും ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

IX. പ്രത്യേക പരാമർശം

ഗിരിധാരാ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടർ അയച്ച കത്ത്

ശ്രീ. എൻ. രാജൻ: സർ, 2004-2005-ലെ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച് ഞാൻ ഈ സഭയിൽ സംസാരിച്ചതാണ്. അന്ന് ഞാൻ ഗിരിധാരാ പ്രോജക്ടുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പന്ത്രണ്ടര കോടി രൂപ ചെലവാക്കിക്കൊണ്ട് വയനാട് ജില്ലയിലെ വൈത്തിരിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് എന്റെ പരിമിതമായ അറിവുകൊണ്ട് ഞാൻ ഈ സഭയിൽ അവതരിപ്പിച്ചതാണ്. അതുകഴിഞ്ഞ് അതിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ തോമസ് വർഗ്ഗീസെന്ന ഐ.എ.എസ്.കാരൻ എന്റെ വീട്ടിൽ കത്തയച്ചു. അതിന്റെ വിവരങ്ങൾ സംബന്ധിച്ച് വളരെ ആക്ഷേപിച്ചുകൊണ്ടുള്ള കത്തായിട്ടാണ് എനിക്കു തോന്നുന്നത്. ഈ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പിൽവച്ച് സംസാരിച്ച കാര്യങ്ങളാണ്. അത് ഇവിടത്തെ രേഖകളിൽ ഉള്ളതാണ്. അതിനെ സംബന്ധിച്ച അന്വേഷണം ആ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ആ കത്തിലെ വാചകം ഞാൻ വായിക്കാം. The present Executive Director has impeccable reputation. അദ്ദേഹംതന്നെ എഴുതിയതാണ്. If anybody alleges corruption against the Executive Director he or she should be a criminal. ഞാൻ ഈ സഭയിൽ സംസാരിച്ചതുകൊണ്ടാണോ ക്രിമിനലായത്? ....and somebody should have bribed him, ഞാൻ ആരിൽനിന്നും കൈക്കൂലി വാങ്ങിക്കൊണ്ടല്ല ഈ സഭയിൽ സംസാരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് വളരെ ഉത്തരവാദിത്വത്തോടുകൂടി സംസാരിക്കാറുള്ള ഒരാളാണ് ഞാൻ. ..... should have bribed him or made him believe a false thing with ulterior motive. എനിക്ക് സഭയിൽ പറയാൻ വേറെ മോട്ടീവൊന്നുമില്ല. Corrupt people will see corruption everywhere like a jaundiced person, would see everything as yellowish. ബഹുമാനപ്പെട്ട ചെയറിന്റെ മുമ്പിൽ എന്റെ അവകാശം ഉപയോഗിച്ച് ഈ സഭയിൽ സംസാരിച്ചതിനാണ് സർക്കാരിലെ ഉന്നതോദ്യോഗസ്ഥൻ എനിക്കെതിരെ എന്റെ വീട്ടിൽ കത്തയച്ചത്. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ വളരെ ഉചിതമായ നടപടി ഇക്കാര്യത്തിൽ എടുക്കണം. ആ തീരുമാനം അറിഞ്ഞതിനു ശേഷം മാത്രമേ ഈ വകുപ്പിനെക്കുറിച്ചു സംസാരിക്കുന്നുള്ളൂ എന്നു ഞാൻ തീരുമാനിച്ചതു തന്നെയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ഒരു അംഗത്തിന് നിർഭയമായി അഭിപ്രായം പറയാൻ അവകാശമുണ്ട്. അതിന്റെ പേരിൽ അംഗത്തിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്തുകൊണ്ട് ഇത്തരമൊരു കത്തയയ്ക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):* ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം അതിന്റേതായ ഗൗരവത്തോടുകൂടിത്തന്നെ എടുത്തുകൊണ്ട് ശക്തമായ നടപടി എടുക്കുമെന്ന് അറിയിക്കുന്നു.

ശ്രീ. എൻ. രാജൻ: ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ വകുപ്പിനെ സംബന്ധിച്ച് വളരെ പരാതികൾ അന്നുന്നയിച്ചതുപോലെ ഇന്നും സൂചിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് സംസ്ഥാന തലത്തിലുള്ള കമ്മിറ്റിയുണ്ട്. കോടിക്കണക്കിന് രൂപയാണ്. കോർപ്പസ് ഫണ്ടെന്നാണ് പറയുന്നത്. പ്രത്യേക ഘടക പദ്ധതികൾ, ട്രൈബൽ സബ് പ്ലാനും എസ്.സി.പി.യും പ്രകാരം ചെലവഴിക്കുന്ന കോർപ്പസ് ഫണ്ട് തീരുമാനിക്കുന്നതുതന്നെ ഈ സംസ്ഥാനത്തെ 4 ഉന്നതോദ്യോഗസ്ഥന്മാരാണ്. ഞാൻ അത് പറയുമ്പോൾ ഉദ്യോഗസ്ഥൻമാർക്ക് നോവും. അതിൽ പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് പരിശീലനം, വിദ്യാഭ്യാസം, ഭവനനിർമ്മാണം, ശുദ്ധജല വിതരണം, വൈദ്യുതി, ആരോഗ്യ പരിപാലനം എന്നീ മേഖലകളിലേക്കാണ് ചെലവഴിക്കേണ്ടത്. നമ്മുടെ നിയമവും അതുതന്നെയാണ്. കഴിഞ്ഞകാലത്ത് അത് സംബന്ധിച്ച് വിനിയോഗിച്ചത് ഡോക്ടർ അംബേദ്കർ കൾച്ചറൽ സെന്റർ തിരുവനന്തപുരം ആണ്. അവിടെ എന്തിനാണ് ഉപയോഗിച്ചത്? അംബേദ്കർ ജയന്തി ആഘോഷിക്കാൻ. പട്ടികജാതിക്കാരെയും പട്ടികവർഗ്ഗക്കാരെയും സഹായിക്കാനുള്ള പദ്ധതിത്തുക അംബേദ്കർദിനം ആഘോഷിക്കുന്നതിനുവേണ്ടിയാണ് ചെലവഴിച്ചിരിക്കുന്നത്. ധന്വന്തരി സെന്ററിന് 17 ലക്ഷം രൂപ പ്രവർത്തന മൂലധനത്തിന് — ഈ ബഡ്ജറ്റ് പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച പരിശീലനം, ആരോഗ്യപരിപാലനം ഇതിനെല്ലാംവേണ്ടി ചെലവഴിക്കേണ്ട തുക ഇങ്ങനെ ചെലവഴിച്ചതിൽ ഞാൻ ഇപ്പോഴും സംശയിക്കുന്നു. ഈ പ്രോജക്ടുകൾ തീരുമാനിക്കുന്നത് സ്റ്റേറ്റ് വർക്കിംഗ് കമ്മിറ്റിയാണ്. അതിൽ നാല് ഉന്നതോദ്യോഗസ്ഥന്മാരാണ് ഉള്ളത്. വേറെ ആരും അതിന്റെ പിന്നിലില്ല. ഒരു പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ ഈ കമ്മിറ്റിയിൽ ഇല്ല. ബഹുമാനപ്പെട്ട മന്ത്രിപോലും ഈ കമ്മിറ്റിയിലില്ല. ഈ നാലുപേരുംകൂടി തീരുമാനിക്കുന്ന ബിനാമി പ്രോജക്ടുകൾ. ഞാൻ ഇപ്പോഴും ആക്ഷേപം ഉന്നയിക്കുന്നു. ബിനാമി പ്രോജക്ടുകൾ വച്ചുകൊണ്ട് കോടിക്കണക്കിനു രൂപ കഴിഞ്ഞ രണ്ടുവർഷമായിട്ട് നമ്മുടെ സംസ്ഥാനത്തെ ഖജനാവിൽനിന്നും പോയിക്കൊണ്ടിരിക്കുകയാണ്. ഇത് ഞാൻ പറഞ്ഞപ്പോഴാണ് എനിക്കെതിരെ ഉദ്യോഗസ്ഥൻ ആക്ഷേപം ഉന്നയിച്ചത്. ഞാൻ ഒരു ചോദ്യം ചോദിച്ചത്, ഏതെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗക്കാരനോ സന്നദ്ധ സംഘടനകളോ വ്യക്തികളോ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരൊക്കെയാണ് എന്ന് ചോദിച്ചപ്പോൾ രണ്ട് സംഘടനകൾ. ഒരാൾക്ക് 40,000 രൂപ. ഒരാൾക്ക് 12 ലക്ഷം രൂപ. ഈ കഴിഞ്ഞ രണ്ടു വർഷമായിട്ട് കേരള സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

ക്കാർക്ക് വിനിയോഗിക്കാൻ കൊടുത്തത് ഈ രണ്ട് സംഘടനകൾക്കു മാത്രമാണ്. ബാക്കിയുള്ളതെല്ലാം ഇതിൽനിന്നും വ്യത്യസ്തമായി പട്ടികജാതി-പട്ടികവർഗ്ഗ ഇതര ബിനാമി സംഘടനകൾക്ക്. ഒരു സ്റ്റേറ്റിന്റെ വർക്കിംഗ് കമ്മിറ്റിയാണ് ഈ തുക തിരിമറി നടത്തിയത്. ഞാൻ ആക്ഷേപം ഉന്നയിക്കുന്നു. കോർപ്പസ് ഫണ്ട് കഴിഞ്ഞ രണ്ടുവർഷക്കാലം ഉപയോഗിച്ചതിനെക്കുറിച്ചും, ഗിരിധാരാ പ്രോജക്ടിനെ സംബന്ധിച്ചും സമഗ്രമായ ഒരു അന്വേഷണം വേണം. ബഹുമാനപ്പെട്ട ചെയർ ഇടപെട്ടതുകൊണ്ട് വിശദമായ ഒരന്വേഷണം വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. ടി. പി. എം. സാഹിർ: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. വർഷങ്ങളായി പ്രസ്താവനകളിൽ മാത്രം ഒതുങ്ങിനിന്നതാണ് ആദിവാസികൾക്ക് ഭൂമി നൽകുക എന്നുള്ളത്. നമ്മുടെ ഗവണ്മെന്റ് വന്നതിനുശേഷം 100 ദിനപരിപാടിയിൽ ഉൾപ്പെടുത്തി 661 ആദിവാസി കുടുംബങ്ങൾക്ക് ഇവിടെ ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞു. ഇത് ചരിത്രത്തിലെ ഒരു മഹത്തായ സംഭവമായിത്തന്നെ പറയേണ്ടതാണ്. കാരണം, വർഷങ്ങളായി ഭൂമി നൽകിയിട്ടുണ്ടെങ്കിലും അവർക്ക് നൽകിയ ഭൂമി അവർക്ക് കൃഷിക്ക് ഉപയോഗിക്കാൻ പറ്റാത്ത, അല്ലെങ്കിൽ അവർ വിറ്റുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് ഉണ്ടായിരുന്നത്. നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റിയുടെതന്നെ മൂന്നു കൊല്ലത്തെ സിറ്റിംഗ്കൊണ്ട് മനസ്സിലായത് 87 ഏക്കർ ഭൂമി 1967-ൽ വിതരണം ചെയ്തിട്ടുള്ളതാണെങ്കിലും ഇന്നുവരെ ആദിവാസികളുടെ കാര്യത്തിൽ ഒരേക്കർ ഭൂമി ഇല്ലെന്നുള്ളതാണ്. അഷ്വറൻസ് കമ്മിറ്റി 30 വർഷങ്ങളിലെ അനുഭവമാണ് ഈ സംസ്ഥാനത്ത് കണ്ടുപിടിച്ചത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ഏക്കറിനും അഞ്ച് ഏക്കറിനും ഇടയ്ക്ക് ഭൂമി വിതരണം ചെയ്തത് ആദിവാസികളെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമായിത്തന്നെ കാണുകയാണ്. അവരുടെ പുരോഗതിക്കുവേണ്ടി എൽ. പി. മുതൽ ഡിഗ്രി തലംവരെ ആവശ്യമുള്ള വിവിധ തരത്തിലുള്ള എയ്ഡുകൾ നൽകുകയുണ്ടായി. ഹോസ്റ്റലിലെ താമസത്തിന്, പ്രൈവറ്റ് ഹോസ്റ്റലുകളിലാണെങ്കിൽ രജനിയുടെ ആത്മഹത്യയോടുകൂടി 100 രൂപ എന്നുള്ളത് 1700 രൂപയാക്കി വർദ്ധിപ്പിച്ചു. പ്രൈവറ്റ് ഹോസ്റ്റലുകളിൽ മാസാന്ത്യത്തിൽ 1200 രൂപവരെ അവർക്ക് ലഭിക്കാനുള്ള വ്യവസ്ഥ ഗവണ്മെന്റ് ചെയ്തുകൊടുത്തിട്ടുണ്ട്. വിദ്യാഭ്യാസപരമായി അവർ മുന്നോക്കം വരുന്നതിന് ഗവണ്മെന്റ് ക്ഷേമപ്രവർത്തനങ്ങൾ നടത്തി. ആദിവാസികൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ എന്നീ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള എല്ലാവിധ പിന്തുണയും ഗവണ്മെന്റ് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. തൊഴിൽ മേഖലയിൽ ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കി. 138 കേന്ദ്രങ്ങളിലാണ് ഗവണ്മെന്റ് ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കിയത്. അവിടെയൊക്കെ സമരമോ സാധനങ്ങൾ ഇറക്കുമ്പോൾ തർക്കമോ ഇല്ല. മുമ്പാണെങ്കിൽ സാധനങ്ങൾ ഇറക്കിയാൽ സ്ഥലം എസ്. ഐ.-യാണ് എത്ര രൂപ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണമെന്ന് തീരുമാനിക്കുന്നത്. ചീഫ് സെക്രട്ടറിയുടെ സാധനങ്ങൾ വന്നപ്പോൾ അവിടെ പ്രശ്നമുണ്ടായി. അത് കാണിക്കുന്നത് നിയമം നടപ്പിലാക്കിയ മേഖലയിൽ പ്രശ്നമില്ലെന്നാണ്. നടപ്പിലാക്കാത്ത സ്ഥലത്ത് പ്രശ്നം ഉണ്ടാകുന്നു. അതിൽ തൊഴിലാളികളാണ് വഞ്ചിതരാകുന്നത്. കാരണം, തൊഴിലാളികളുടെ നിയമം നടപ്പിലാക്കാൻ തൊഴിലാളികളാണ് മുന്നോട്ടു വരേണ്ടത്. അത് നടപ്പിലാക്കിക്കഴിഞ്ഞാൽ അവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അവർക്ക് നല്ല നിലപാടെടുക്കാൻ സാധിക്കുമെന്നാണ് എന്റെ അനുഭവത്തിൽ പറയാനുള്ളത്. തൊഴിൽ മേഖലയിൽ എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് ഇ. എസ്. ഐ. മുഖേനയുള്ള ഫണ്ട് വിതരണത്തെക്കുറിച്ചാണ്. ക്യാൻസർ രോഗത്തിന് ഓപ്പറേഷൻ ചെയ്ത ഒരു ഇ. എസ്. ഐ. തൊഴിലാളി എന്റെ വീട്ടിൽ വന്നു. അയാൾ കോഴിക്കോട്ടുകാരനാണ്. അദ്ദേഹത്തിന്റെ ഇ. എസ്. ഐ. കടലാസുകൾ തൃശ്ശൂർനിന്നാണ് പാസ്സാക്കേണ്ടത്. തൃശ്ശൂർനിന്ന് തിരുവനന്തപുരത്തേക്ക് ഇങ്ങനെ കടലാസുകൾ പോകുന്നതല്ലാതെ കാര്യമൊന്നും നടക്കുന്നില്ല. അദ്ദേഹം ഒരു ഓപ്പറേഷൻ കഴിഞ്ഞ വ്യക്തിയാണ്. പക്ഷേ, ഫണ്ട് വിതരണത്തിന് കാലതാമസം ഉണ്ടാകുന്നു. ഇ. എസ്. ഐ. ഫണ്ടിൽനിന്ന് പണം ലഭിക്കാനുള്ള കാലതാമസം കഴിയുന്നതും ഒഴിവാക്കണം. അത് ക്ഷേമനിധിയിൽ നിന്നാണെങ്കിൽത്തന്നെ അത് കിട്ടേണ്ട ആൾക്ക് പണം വേഗത്തിൽ ലഭിക്കാൻ എളുപ്പമാർഗ്ഗം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഓർഫനേജുകൾക്കുള്ള ഫണ്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം 125 രൂപയാക്കി വർദ്ധിപ്പിക്കാൻ സാധിച്ചു. വാസ്തവത്തിൽ 500 മുതൽ 600 രൂപ വരെയാണ് ഒരു കുട്ടിക്ക് ഒരു മാസം ചെലവാകുന്നത്. ഗവൺമെന്റ് കൊടുക്കുന്നതാകട്ടെ 125 രൂപയാണ്. ഇന്നുള്ള സംവിധാനത്തിൽ ജില്ലാപഞ്ചായത്തിൽകൂടിയാണ് ആ ഫണ്ട് വിതരണം ചെയ്യുന്നത്. ആ ഫണ്ട് ജില്ലാപഞ്ചായത്തിന് കൊടുക്കുകയും ജില്ലാപഞ്ചായത്ത് ഫണ്ട് ലഭ്യതയനുസരിച്ച് വകമാറ്റി ചെലവാക്കുന്നതുമൂലം ഓർഫനേജുകളിലേക്ക് ഈ ഫണ്ട് എത്താൻ വലിയ താമസം ഉണ്ടാവുകയും ചെയ്യുന്നു. അതുകൂടാതെ ട്രഷറി ബാൻ ഇല്ല എന്നാണ് വയ്പെങ്കിലും ട്രഷറി ഉദ്യോഗസ്ഥന്മാർ പറയും ട്രഷറി ബാൻ ഉണ്ട്, അതുകൊണ്ട് തിരുവനന്തപുരത്തുപോയി സ്പെഷ്യൽ ഓർഡർ വാങ്ങിക്കണമെന്ന്. അങ്ങനെ ചെക്ക് കിട്ടിക്കഴിഞ്ഞാൽ പണമാക്കി മാറ്റുന്നതിനുള്ള കാലതാമസം ഉണ്ടാകുന്നു. എന്തെങ്കിലും ഒഴിവുകഴിവുകൾ പറഞ്ഞ് താമസിപ്പിക്കുന്നത് വർഷങ്ങളായുള്ള പതിവാണ്. ഓർഫനേജുകളിലേക്കുള്ള ഈ ഫണ്ട് ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേനയോ അല്ലെങ്കിൽ ഡയറക്ട് പേമെന്റ് മുഖേനയോ നൽകണം. അവർക്ക് കുടിശ്ശികയുണ്ട്. ഏകദേശം 15 ലക്ഷം രൂപ കുടിശ്ശികയുള്ള ഓർഫനേജുകൾവരെയുണ്ട്. അതുകൊണ്ട് കഴിയുന്നതും ഈ ഫണ്ട് വിതരണം സുതാര്യമാക്കണം. അതിനുള്ള എല്ലാ നടപടികളും എടുത്ത് മുന്നോട്ട് പോകണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര സർവ്വീസിൽ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാൻ സംസ്ഥാന പട്ടികജാതി വകുപ്പ് പ്രത്യേകമായി ഒരു സംവിധാനം ഏർപ്പെടുത്തണം. ഇല്ലെങ്കിൽ അതിന് സഹായകമായ രൂപത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ വിദ്യാഭ്യാസപരമായി പരിശീലനം നൽകി സജ്ജമാക്കാൻ നടപടി സ്വീകരിക്കണം. വളരെക്കാലമായി പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ വികസനത്തിനുവേണ്ടി, പുരോഗതിക്കുവേണ്ടി പലകാര്യങ്ങളും ചെയ്യുന്നു. അവരുടെ വിദ്യാഭ്യാസ സൗകര്യത്തിനുള്ള ഹോസ്റ്റലുകൾ, ഇപ്പോൾ വടകര മണ്ഡലത്തിൽ രണ്ട് ഹോസ്റ്റലുകളുണ്ട്. പലപ്പോഴും ഞാൻ ആലോചിക്കാറുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ ഹോസ്റ്റലുകളിൽ 10 – 40 കുട്ടികൾ താമസിക്കുന്നു. വളരെ ചെറിയ മുറിയും വളരെ വിഷമമുള്ള ഒരവസ്ഥയുമാണ്. ഇതുപോലെ ആയിരിക്കും പലഭാഗത്തും. ഇത് പരിഹരിക്കാൻ സാധിക്കാവുന്ന സ്ഥലത്ത് നല്ല ഹോസ്റ്റലുകൾ പണിത് കൊടുക്കുക. അതുപോലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഒക്കെ നല്ല മാർക്ക് വാങ്ങിക്കാൻ സഹായകരമായ രീതിയിലുള്ള ട്യൂഷനും മറ്റ് സംവിധാനങ്ങളും അവർക്ക് ചെയ്തുകൊടുക്കുക. ഇപ്പോൾ വയനാട്ടിലൊക്കെ പരിശോധിക്കുന്ന അവസരത്തിൽ അവിടുത്തെ ആദിവാസി കോളനിയിൽ അവർക്ക് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനു സഹായകരമായ രൂപത്തിൽ എന്ത് ചെയ്യാൻ സാധിക്കും? ആദിവാസികളെ മുഴുവൻ വനത്തിന്റെ മധ്യത്തിലേക്ക് വിടുക, അവർ എടുക്കുന്ന ചില വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മാത്രം ജീവിക്കുക, ആ രൂപത്തിൽ കഷ്ടപ്പെടുന്ന ഒരു അവസ്ഥ വേണോ? അതോ വനത്തിന് തൊട്ടടുത്തുള്ള സ്ഥലത്ത് അവർക്ക് നല്ല വീടുകൾ ഉണ്ടാക്കിക്കൊടുത്ത് അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അതുപോലെ സ്പോർട്സ് രംഗത്ത് ഇന്ത്യയിലെ അതിർത്തി പ്രദേശങ്ങളിലൊക്കെ ആദിവാസി രംഗത്തുള്ള കുട്ടികളാണ് ഇപ്പോൾ ഹോക്കിയിലും അതുപോലെ സ്പോർട്സ് ആന്റ് ഗയിംസിലും പ്രാമുഖ്യം പ്രകടിപ്പിച്ച് മുന്നോട്ട് വരുന്നത്. അവരുടെ പിന്നോക്കാവസ്ഥ, ദൈന്യത മാറ്റുന്നതിന് സഹായകരമായ രൂപത്തിൽ നമുക്ക് ലഭിക്കാവുന്ന എല്ലാ വിഭവങ്ങളും നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി ഉപയോഗിക്കാൻ സാധിക്കേണ്ടതാണ്. അവരുടെ നേർക്ക് ആക്രമണം ഉണ്ടാകുന്ന അവസരത്തിൽ ഈ വകുപ്പിന്റെ കീഴിൽതന്നെ പ്രത്യേകമായി അത് പരിശോധിക്കാനും അതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അവരെ നിർഭയരായി ജീവിക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കാനും നമുക്ക് എങ്ങനെ സാധിക്കും എന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ഇവിടെ കഴിഞ്ഞ എട്ടൊൻപത് കൊല്ലം ഈ സഭയിലുണ്ടായിരുന്ന എന്റെ അനുഭവത്തിൽ പലപ്പോഴായി നമ്മൾ ഇതുസംബന്ധിച്ച് ഗൗരവമായി പറയാറുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഫലത്തിൽ പ്രാദേശികമായി അവർക്ക് ഇന്നു ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് പ്രത്യേകമായി ജോലി ലഭിക്കാനുള്ള സംവിധാനമില്ല. അവർക്ക് കഴിഞ്ഞ കാലത്ത് ഉണ്ടായിരുന്ന പല ജോലികളും സാമൂഹികമായ പുരോഗതിയുടെ ഫലമായി നമ്മൾ എടുത്തുകളഞ്ഞെങ്കിലും അവർക്ക് ജോലി നൽകാനുള്ള ബാധ്യതയിൽ നിന്നു നമ്മുടെ സമൂഹം മാറിനിൽക്കുന്ന ദയനീയമായ അവസ്ഥ നമുക്ക് കാണാൻ ഇന്നു സാധിക്കുന്നു. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇത് വളരെ വ്യക്തമായി അറിയുടെ ആരോഗ്യ-വിദ്യാഭ്യാസ-പാർപ്പിട-തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. അവരെ ആരെങ്കിലും ദ്രോഹിക്കുന്നുണ്ടെങ്കിൽ അവരെ നേരിടാൻ ആവശ്യമായ പ്രത്യേക സേനയെ സംബന്ധിച്ച് പറയുന്നു. ഈ പട്ടികജാതി/പട്ടികവർഗ്ഗക്കാർ കൂടുതലുള്ള പ്രദേശങ്ങളിൽ അവരെ സംരക്ഷിക്കുന്നതിനാവശ്യമായ പ്രത്യേക സേന ഉണ്ടാക്കാൻ സാധിക്കുമോ എന്നതുസംബന്ധിച്ച് ആലോചിക്കണം, സ്വാതന്ത്ര്യം സമ്പാദിച്ച് ഇത്രയും വർഷങ്ങൾ കഴിഞ്ഞശേഷവും നമ്മൾ പട്ടികജാതി/പട്ടികവർഗ്ഗക്കാരെ നമ്മുടെ ജനവിഭാഗത്തിൽനിന്നു വ്യത്യസ്തരായിട്ട് വേറൊരു വിഭാഗം എന്നുള്ള നിലയ്ക്ക് പരിഗണിക്കേണ്ടിവന്നിരിക്കുന്നു. ഇത് ഞാൻ രാഷ്ട്രീയമായ രൂപത്തിലല്ല പറയുന്നത്. ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഇതിനാവശ്യമായ ഫണ്ട് സർക്കാർ തരുന്നില്ലെങ്കിൽ ഫണ്ട് വാങ്ങാൻ ആവശ്യമായ രൂപത്തിൽ സംവിധാനം ഉണ്ടാക്കണം. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഈ ജനവിഭാഗത്തിനുവേണ്ടി ചെലവഴിക്കുന്ന അവസാനത്തെ നയാപൈസകൾവരെ അവരുടെ പുരോഗതിക്കുവേണ്ടി ഉപയോഗപ്പെടുത്തുവാൻ നമുക്ക് സാധിക്കേണ്ടതാണ്. ഒരു കാര്യമേ ഞാൻ പറയുന്നുള്ളു. നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മയുടെ വർദ്ധനവ് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. പല മേഖലകളിലും, കൂടിൽ വ്യവസായ മേഖലകളിലെ ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആളുകൾക്ക് തൊഴിൽ കൊടുക്കാൻ സഹായകരമായ രൂപത്തിൽ എങ്ങനെ പ്രവർത്തിക്കാൻ സാധിക്കും എന്നതിനെ സംബന്ധിച്ച് പരിശോധിക്കണം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി 1,10,000-ൽ അധികം ഹെക്ടർ ഭൂമി കേരളത്തിൽ കൃഷിചെയ്യാൻ ഉപയുക്തമായത് തരിശിടുന്നു എന്നു പറയുന്നു. ഈ ഭൂമി ഉപയോഗിച്ചുകൊണ്ടെങ്കിലും കൂടുതൽ തൊഴിലവസരങ്ങൾ നൽകണം. ഇന്നു വിദ്യാസമ്പന്നരായവരടക്കമുള്ളവർ തൊഴിലില്ലാതെ കഷ്ടപ്പെടുന്നുണ്ട്. തൊഴിൽ നൽകാൻ സഹായകരമായ രൂപത്തിൽ ഒരു സംവിധാനം ഉണ്ടാക്കി എടുക്കാൻ നമുക്ക് സാധിക്കുമോ? തേയില തോട്ടങ്ങൾ വമ്പിച്ച പ്രതിസന്ധിയിലാണ്. അതേ അവസരത്തിൽ ടാറ്റയെപ്പോലെ സംസ്ഥാന ഗവൺമെന്റിന്റെ പതിനായിരക്കണക്കിന് ഹെക്ടർ ഭൂമി കൈവശം വച്ചിരിക്കുന്നവർ അവരുടെ

ഇഷ്ടത്തിന് അത് കൈകാര്യം ചെയ്യുകയാണ്. സർക്കാർ ആവശ്യത്തിന് ഒരു ചെറിയ ആഫീസ് ചോദിച്ചാൽപോലും തരികയില്ല. കേരളത്തിന്റെ പല ഭാഗത്തും സർക്കാർ പാട്ടത്തിനുകൊടുത്ത ഭൂമികൾ ഉണ്ട്, കോടീശ്വരന്മാരുടെ കൈയിൽ. അത്തരത്തിലുള്ള ഭൂമികളിൽ നമ്മുടെ നാട്ടിലെ തൊഴിലില്ലാത്തവരെ ഉപയോഗപ്പെടുത്തി തൊഴിലില്ലായ്മ പരിഹരിക്കാൻ സഹായകരമായ രീതിയിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നു പരിശോധിക്കണം. ഇപ്പോൾ കൈത്തറി മേഖലയിൽ, താഴെക്കിടയിലെ ജനവിഭാഗങ്ങൾ ജീവിക്കുന്ന മേഖലയിലും പ്രതിസന്ധിയുണ്ട്. അത് പരിഹരിക്കാൻ എങ്ങനെ സാധിക്കും? അവർക്ക് തൊഴിൽ ലഭിക്കണമെങ്കിൽ, തൊഴിലില്ലെങ്കിൽ അവർ പട്ടിണിയിലാണ്. ആ പട്ടിണി മാറ്റുന്നതിന് മറ്റ് ഏത് വകുപ്പിനേക്കാളും പ്രധാനപ്പെട്ട ഉത്തരവാദിത്വം തൊഴിൽ വകുപ്പിനാണ്. ഒരു പ്രാവശ്യം ശ്രീ. രാംവിലാസ് പാസ്വാൻ കേന്ദ്രത്തിൽ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ പലരും ചോദിച്ച ചോദ്യമുണ്ട്. ഈ തൊഴിൽ വകുപ്പ് എന്നു പറയുന്നത് അവഗണിക്കപ്പെടുന്ന ഒരു വകുപ്പ് എന്ന നിലയിൽ മാറുന്ന ഒരു അവസ്ഥയുണ്ടാകുമോയെന്ന് ഞാൻ ചോദിക്കുന്നു. തൊഴിൽ വകുപ്പാണ് നമ്മുടെ സംസ്ഥാനത്ത് ഇന്നത്തെ സാഹചര്യത്തിൽ സംഘടിത മേഖലയിലും ചെറുകിട വ്യവസായ മേഖലയിലും ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസരത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ടത്. തൊഴിൽ നൽകുന്നതിന് സഹായകരമായ രൂപത്തിൽ നിരന്തരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന രൂപത്തിൽ എന്തുകൊണ്ട് പ്രാവർത്തികമാക്കുന്നില്ല? ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച് ഗൗരവമായി പറയേണ്ടതാണ്. ഇപ്പോൾ കോഴിക്കോട് ജില്ലയിൽ ഒരു വ്യവസായശാല എന്നു പറഞ്ഞ് എന്തെങ്കിലും ഉണ്ടോ? സോപ്പ് നിർമ്മാണശാല ഇതൊക്കെ തകർന്നുവരുന്നു. അവിടുത്തെ ഭൂമി കരസ്ഥമാക്കാൻ സാധിക്കുമോയെന്നു ആളുകൾ പരിശോധിക്കുന്നു. പഴയ പൊതുമേഖല വ്യവസായങ്ങൾ എല്ലാം തകർക്കുന്നു. ന്യായമാണോ ഇത്? ഇനിയും പുതിയ പുതിയ വ്യവസായശാലകൾ വളർന്നുവരേണ്ട അവസരം, സ്വാതന്ത്ര്യ സമരകാലത്ത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ഭരണഘടനാ നിർമ്മാതാക്കളും നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്ക് പൊതുമേഖലാസ്ഥാപനങ്ങൾക്കുള്ള പ്രത്യേകതകളെ സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞു. ഇന്നിവിടെ പൊതുമേഖലാ സ്ഥാപനങ്ങൾ തകരുന്നു. പൊതുമേഖലാസ്ഥാപനങ്ങളെ തകർച്ചയിൽ നിന്നു രക്ഷപ്പെടുത്താൻ തൊഴിൽകാര്യവകുപ്പായാലും വ്യവസായ വകുപ്പായാലും കൂട്ടായി ആലോചിച്ചുകൊണ്ട് ആവശ്യമുള്ള മേഖലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളെ രക്ഷിക്കണം. തൊഴിൽ വകുപ്പു കുറെക്കൂടി കാര്യക്ഷമമാക്കുന്ന രൂപത്തിൽ നമ്മുടെ ലക്ഷോപലക്ഷം ആളുകൾ പുതുതായി തൊഴിലില്ലാത്തവരായി മാറുന്നത് പരിഹരിക്കുന്നതിന് ആവശ്യമായ ഒരു ദൃഢമായ സമീപനം തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്നു ഉണ്ടാകണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, നാലുമിനിട്ട് പ്രസംഗിക്കുന്നത് ശുഭകരമാണെന്ന് എനിക്ക് തോന്നുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ രണ്ടു മിനിട്ട് പ്രസംഗിച്ചു വന്നതാണ്. അതുകൊണ്ട് കുഴപ്പമൊന്നുമില്ല. പ്രസംഗിക്കാൻ ആദ്യം വന്നപ്പോൾ രണ്ടു മിനിട്ടാണ് കിട്ടിയത്.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സഭയുടെ മുമ്പിൽ ഇപ്പോഴുള്ളത് തൊഴിലാളികളെപ്പറ്റി, തൊഴിലിനെപ്പറ്റിയുള്ള പ്രശ്നങ്ങളാണ്. വളരെയേറെ വാചകങ്ങൾ പറയാൻ സമർത്ഥരാണ് കേരളക്കാർ. ഇത്രയുംകാലം പരിശ്രമിച്ചിട്ടും നമ്മുടെകൂടെ ജീവിക്കുന്ന പാവപ്പെട്ടവന് ഒരു തുണ്ടു ഭൂമി കൊടുക്കുവാൻ ഒരു വീട് ഉണ്ടാക്കിക്കൊടുക്കുവാൻ നമ്മളാരും പരിശ്രമിച്ചിട്ടില്ല. അത് കൊടുക്കുമെന്നു പറയുന്ന സർക്കാരിനെ അനുകൂലിക്കുവാനും ഭൂരിപക്ഷം ആളുകളും തയ്യാറായിട്ടില്ല, ഇത്രയുംകാലം തയ്യാറായിട്ടില്ല. ഈ കേരളക്കരയിൽ പാവപ്പെട്ടവർക്ക് ഇന്നും കിടക്കുവാനുള്ള ഇടം ഉണ്ടാക്കിക്കൊടുക്കുവാൻ സർക്കാരിനോ അല്ലെങ്കിൽ സാമൂഹ്യ സംഘടനകൾക്കോ കഴിയാതെ പോകുന്നുണ്ട്. വാചകം പറഞ്ഞതുകൊണ്ട് കാര്യമായില്ല. ഇവിടെ സർക്കാരിന്റെ പ്രവർത്തനവും നാട്ടുകാരന്റെ പ്രവർത്തനവുമെല്ലാം ഏതാണ്ട് ഒരുപോലെയൊക്കെത്തന്നെയാണ്. കൊടുക്കാം കൊടുക്കാം എന്നുപറയും അല്ലാതെ കൊടുത്ത ചരിത്രങ്ങൾ കുറവാണ്. അല്പസ്വല്പമൊക്കെ കൊടുത്തിട്ടുണ്ട് എന്നല്ലാതെ നാം ആദ്യം മുതൽ, ചിന്തിച്ച കാലം മുതൽ, പറയുന്ന കാലം മുതൽ പറഞ്ഞ കാര്യങ്ങളൊക്കെ ചെയ്തിരുന്നുവെങ്കിൽ ഏറെക്കുറെ നമ്മുടെ ഇടയിലുള്ള ഭൂരിപക്ഷം ആളുകൾക്കും താമസിക്കുവാൻ ഒരു തുണ്ടുഭൂമിയും അതിൽ ഒരു ചെറ്റപ്പുരയും ഉണ്ടാകുമായിരുന്നു. അതുപോലും ഉണ്ടാക്കിക്കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. അതിനെ ഞാൻ സമഗ്രമായി കുറ്റപ്പെടുത്തുന്നില്ല. എങ്കിലും പറയുന്ന ആളുകൾക്ക് അതിൽ അത്ര ആത്മാർത്ഥതയൊന്നുമില്ല. ഇന്ത്യയിൽ മറ്റെല്ലാ സംസ്ഥാനത്തേക്കാളും കൂടുതൽ പറയുന്നത് ചെയ്യാത്ത ആളുകളാണ് മലയാളികൾ. ഇന്ത്യയിൽ മറ്റെല്ലാ സംസ്ഥാനത്തുമുള്ള ആളുകളേക്കാൾ സംസ്ക്കാരസമ്പന്നരാണ് കേരളത്തിലുള്ള ആളുകൾ എന്നാണ് വയ്പ്. വിദ്യാഭ്യാസം ധാരാളം. പക്ഷേ വാക്കിനു നിജമില്ലാത്ത ഒരു വിഭാഗം ആളുകളാണ് ഈ കേരളക്കരയിലെ ഭൂരിപക്ഷം ആളുകളും എന്നു പറയേണ്ടി വന്നതിൽ ഖേദമുണ്ട്. ഞാൻ ആരെയും പ്രത്യേകമായി കുറ്റപ്പെടുത്താനല്ല പറയുന്നത്. നാം പഠിച്ച് മിടുക്കന്മാരായി വരാൻ, ആ പഠിപ്പ് നമുക്ക് ഉയരാൻ വേണ്ടിയും മറ്റുള്ളവരെ ഇല്ലാതാക്കുവാൻ വേണ്ടിയുമല്ലാതെ സാമൂഹ്യ സമീകരണം ഈ രാജ്യത്ത് വേണമെന്നു ചിന്തിക്കുന്ന വിദ്യാഭ്യാസം കിട്ടിയിട്ടുള്ള നമ്മുടെ നാട്ടുകാരായ ആളുകൾ വളരെ കുറവാണ്. എത്രയോ വാചകങ്ങളാണ്. ഏതു രാഷ്ട്രീയ പാർട്ടി കയറിയാലും പാവപ്പെട്ടവന്റെ പുറത്താണ് ഈ നന്നാക്കൽ മുഴുവൻ. പക്ഷേ ഇത്രയും ആളുകൾ നന്നാക്കിയിട്ടും എന്തേ ഇവിടുത്തെ പാവപ്പെട്ട ആളുകളെ നന്നാക്കാൻ കഴിയാതെ പോയി? കിടക്കാൻ വീടില്ലാതെ പോയി. കുടിക്കുവാൻ വെള്ളമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

പോയി? ഇപ്പോൾ ഉണ്ണാൻ ഒന്നും ഇല്ലാതായി തീർന്നു. പറഞ്ഞതുകൊണ്ട് കാര്യമില്ല. ആത്മാർത്ഥമായി പാവപ്പെട്ടവന്റെ വേദനയും യാതനയും മനസ്സിലാക്കി പ്രവർത്തിക്കണം. അതുകൊണ്ട് ഈ തൊഴിലാളികളെപ്പറ്റി സംസാരിക്കുമ്പോൾ ഒരുപാട് കുറ്റബോധം നമ്മുടെ മനസ്സിൽത്തന്നെ ഉണ്ട്. നമ്മുടെ നാട്ടിൽ ജോലിയെടുക്കുന്ന ആളുകൾ പല വിധത്തിലാണ്. ഹോട്ടൽ ജോലികളും വീട്ടു ജോലികളുമൊക്കെയെടുക്കുന്ന ആളുകൾക്ക് കൊടുക്കുന്ന ശമ്പളം താക്കീതുകൾ മാത്രമാണ്. തൊഴിലാളികളുടെ വീട്ടിലുള്ള ആളുകൾക്ക് ആഹാരം വയ്ക്കുവാനുള്ള വകപോലും ശമ്പളമിനത്തിൽ കൊടുക്കാത്ത ദയാദൃഷ്ടിയുള്ള ആളുകളാണ് കേരളക്കാർ മുഴുവൻ. കേരളത്തിലെ ആദർശം പറയാൻ മിടുക്കന്മാരായിട്ടുള്ള ആളുകളെക്കൊണ്ട് മറ്റൊന്നും സാധിക്കില്ല. ഇത്തരം ഈ ആദർശങ്ങൾ കാര്യമായി, സമഗ്രമായി, പൂർണ്ണമായി നടപ്പിലാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുമില്ല. വ്യാഖ്യാനങ്ങളുണ്ട്, ഇവിടുത്തെ പാവപ്പെട്ടവനെപ്പറ്റി വായ്തോരാതെ വർണ്ണിക്കുമ്പോൾ ഒരുപക്ഷേ കേട്ടിരിക്കുവാൻ ഇമ്പമുണ്ട്. പക്ഷേ കണ്ടിരിക്കുവാൻ നമുക്ക് കഴിയുകയില്ല. കാരണം അവർക്ക് വീടില്ല; കുടിലില്ല; ഒന്നുമില്ല. അങ്ങനെ പാവപ്പെട്ടവന്റെ ജീവിതത്തെപ്പറ്റി ആണ്ടിലൊരിക്കൽ ഈ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ നമ്മൾ കൂദാശ കാണിക്കുന്നുവെന്നല്ലാതെ അടുത്ത പ്രാവശ്യവും ഈ ബഡ്ജറ്റ് വരുമ്പോൾ കൂടുതലായി ഒന്നും കൊടുക്കുമെന്നു പറയുവാൻ ഉണ്ടാകുകയില്ല. ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ, ഒരുപാടു കാര്യങ്ങൾ പറയാനുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ധാരാളം ആളുകൾ നമ്മുടെ നാട്ടിൽ വന്ന് ജോലി നോക്കുന്നുണ്ട്, തമിഴ്നാട്, ആന്ധ്ര മുതലായ സ്ഥലങ്ങളിൽ നിന്നൊക്കെ. അവരൊന്നും നമ്മുടെ നിയമത്തിനു വിധേയരല്ല. അവർ നിയമത്തിനു വിധേയരല്ലാത്തതുകൊണ്ട് ഒന്നും കൊടുക്കാതെയും ചിലപ്പോൾ വല്ലതും കൊടുത്തും അവരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന ഒരു ഏർപ്പാടാണ് കേരളത്തിലുള്ളത്. അവരെയെല്ലാം ലിസ്റ്റിൽപ്പെടുത്തി ഒരു വ്യവസ്ഥാപിതമായ നിലയിൽ അവരുടെ തൊഴിലും കണക്കുകൂട്ടിക്കൊണ്ട് അവരെ മനുഷ്യരായി പരിഗണിക്കുവാൻ വളരെ വിശാലമനസ്ക്കരായ മലയാളികൾക്ക് ഇനിയും സമയം വേണം. നമ്മൾ പറയുന്നിടത്ത് നമ്മേക്കാൾ യോഗ്യന്മാർ ആരുമില്ല. നമ്മെപ്പോലെ നീചമായ കാര്യങ്ങൾ ചെയ്യുന്നവരും കുറവാണ്. മലയാളഭാഷ പഠിച്ചതുകൊണ്ട് ഒരുപാട് പറയുകയും ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുക എന്ന ആ രീതിയിലേക്ക് നമ്മൾ ഇനിയും മുമ്പോട്ട് പോയാൽ മറ്റുള്ളവർ നമ്മളെ പുറംതള്ളും. അതുകൊണ്ട് പറയുന്നത് കുറച്ചൊക്കെ ചെയ്യുക. പാവപ്പെട്ടവർക്ക് നൂറു വീടെങ്കിലും ഒരു വർഷം കൊടുക്കുക. അപ്പോൾ പത്തു വർഷം ആകുമ്പോൾ .....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഒരുപാട് കാര്യങ്ങൾ പറയാനുണ്ടെങ്കിലും അതെല്ലാം പറയാൻ സമയമില്ലാത്തതുകൊണ്ട് ഈ ദുഃഖസത്യങ്ങൾ, തൊഴിലാളിയെ തൊഴിലാളിയായി കാണുമെന്ന് പ്രസംഗിച്ചാൽ മാത്രം പോരാ, പ്രവൃത്തിയിൽ കൊണ്ടുവരണം. തൊഴിലാളിയെ തൊഴിലാളിയായി കണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവന്റെ വേദനയും യാതനയും പരിശോധിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നേതാക്കന്മാർ ഇവിടെ വളരെ കുറവാണ്. ഞാൻ അതെല്ലാം ആവർത്തിച്ച് എന്റെ കൂട്ടുകാരെ നൊമ്പരപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല എന്നിരുന്നാലും ഈ ഉള്ള നിയമംവച്ച് .....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. നാരായണക്കുറുപ്പ്: തൊഴിലാളികൾക്കുവേണ്ടി അല്പസ്വല്പം കാര്യങ്ങൾ ചെയ്യാനും ഒന്നു രണ്ടു കൂടിലുകൾ കെട്ടിക്കൊടുക്കുവാനും സൗമനസ്യം കാണിക്കുന്ന ചിന്താഗതി ഈ ഗവൺമെന്റിനുള്ളതുകൊണ്ട് ഞാൻ വളരെ സന്തോഷത്തോടുകൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പ്രധാനമായും തൊഴിൽ വകുപ്പിനെ സംബന്ധിച്ചാണ് പറയാനുള്ളത്. തൊഴിൽ വകുപ്പ് യാതൊരു അജണ്ടയുമില്ലാത്ത വകുപ്പായി മാറുകയാണ്. ഇവിടെ വിതരണം നടത്തിയിട്ടുള്ള നയരേഖയിൽ പറയുന്ന പല കാര്യങ്ങളും അതിശയോക്തിപരമാണ്. പലതും തെറ്റായിട്ടാണ് ഇതിൽ സൂചിപ്പിച്ചിട്ടുള്ളത്. ഈ നയരേഖയിൽ പറയുന്ന കാര്യങ്ങൾ പലതും തൊഴിൽവകുപ്പ് പണ്ടുകാലം മുതലേ നടപ്പാക്കിവരുന്ന കാര്യങ്ങളുടെ ആവർത്തനം മാത്രമാണ്. തെറ്റായ ചില കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ അടച്ചിട്ടിരിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ആയിരം രൂപാവീതം ധനസഹായം നല്കി എന്നാണ് പറയുന്നത്. അത് പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രമാണ്. സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ, ഏകദേശം നാല്പത്തിയഞ്ചോളം കശുവണ്ടി സ്ഥാപനങ്ങൾ ഇവയൊക്കെയുണ്ട്. സ്വകാര്യ വ്യവസായികളുടെ സ്ഥാപനങ്ങളുണ്ട്. ആ സ്ഥാപനങ്ങളിൽ വെറും ഇരുന്നൂറു രൂപ മാത്രമാണ് നല്കിയിട്ടുള്ളത്. അത് ഇവിടെ കാണിക്കണമായിരുന്നു. അത് കാണിച്ചിട്ടില്ല എന്നു മാത്രമല്ല, ധാരാളം സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഒന്നിനുപുറകേ ഒന്നായി അടച്ചു പൂട്ടുകയാണ്. അടച്ചുപൂട്ടുന്ന സ്ഥാപനങ്ങൾ തുറപ്പിക്കുവാൻ യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ബംഗാൾ പോലെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ അടച്ചു പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളെ സംരക്ഷിക്കുവാൻ വേണ്ടി ഒരു ഫണ്ട് ഉണ്ടാക്കുകയും പ്രതിമാസം സാമ്പത്തിക സഹായം നല്കുകയും ചെയ്യുന്ന ഒരു പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ലേബർ അജണ്ട എന്ന പേരിൽ അത്തരം ഒരു പദ്ധതിക്ക് തുടക്കം കുറിച്ചതായിരുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്നര കൊല്ലത്തിനിടയിൽ ചെയ്ത ഒരു കാര്യം തൊഴിലാളികൾക്ക് ദ്രോഹപരമായിട്ടുള്ള, ചുമട്ടു തൊഴിലാളികളുടെ കയ്യും കാലും വരിഞ്ഞുകെട്ടുന്നതിന് ഉതകുന്ന തരത്തിലുള്ള ബിൽ പാസ്സാക്കിയത് മാത്രമാണ്. തൊഴിൽ വകുപ്പുമന്ത്രിക്ക് ഒരു മേന്മയായി അവകാശപ്പെടാൻ കഴിയുന്ന ഏക കാര്യം അതാണ്. കുറേ ക്ഷേമനിധി ബോർഡുകളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളെല്ലാം തന്നെ മുൻ ഗവൺമെന്റുകളുടെ കാലഘട്ടത്തിൽ രൂപംകൊണ്ടവയാണ്. ഈ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിൽ ഉണ്ടായത് ഒന്നുമല്ല. എന്നാൽ ഈ ക്ഷേമനിധി ബോർഡുകളെയെല്ലാം യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് മരവിപ്പിക്കുകയാണ് ചെയ്തത്. എന്താണ് കാര്യം? ഈ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളെല്ലാം ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. പക്ഷേ, ഗവൺമെന്റ് വിഹിതം കൊടുക്കുവാനുണ്ട് എന്നുള്ളതിനെ സംബന്ധിച്ച് ഒരു കാര്യംപോലും ഇതിനകത്ത് സൂചിപ്പിച്ചിട്ടില്ല.

എല്ലാ ബോർഡുകൾക്കും ഗവൺമെന്റ് ധനസഹായം നൽകാനുണ്ട്. കശുവണ്ടിത്തൊഴിലാളികൾ ശമ്പളത്തിൽനിന്ന് ഒരു രൂപ പ്രതിദിനം അങ്ങോട്ട് കൊടുക്കുന്നതിന്റെ ഭാഗമായാണ് അവർക്ക് പെൻഷൻ കൊടുക്കുന്നത്. ഗവൺമെന്റിന്റെ ഔദാര്യമല്ല. തൊഴിലുടമയുടെ അംശദായം കൃത്യമായി ഈടാക്കുന്നില്ല. ഗവൺമെന്റിന്റെ അംശദായം കൃത്യസമയത്ത് അടയ്ക്കുന്നില്ല. തൊഴിലാളി അങ്ങോട്ട് കൊടുക്കുന്ന കാശ് അതും ഇപ്പോൾ പത്തുമാസം കുടിശ്ശികയാണ്. ഒരു വിഭാഗം തൊഴിലാളികൾക്ക് പത്ത് മാസം കുടിശ്ശിക ആയപ്പോൾ മറ്റൊരുവിഭാഗം തൊഴിലാളികൾക്ക് 20 മാസത്തെ കുടിശ്ശികയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയ ഒരു പദ്ധതിയാണിത്. പെൻഷന്റെ കുടിശ്ശികയെ സംബന്ധിച്ച് യാതൊരുകാര്യവും ഇതിൽ പറഞ്ഞിട്ടില്ല. രണ്ട് ദിവസംമുമ്പ് വന്ന പത്രവാർത്ത വായിച്ചില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: Please resume your seat ..... please conclude .....

ശ്രീ. എ. എ. അസീസ്: വളരെ പ്രധാനപ്പെട്ടതാണ്. അതു മാത്രമല്ല, ഇ.എസ്.ഐ. ആശുപത്രികളിൽ മരുന്ന് പുറത്തുനിന്നെടുത്ത് ഉപയോഗിച്ച ഇനത്തിൽ ഒന്നരക്കോടി രൂപയാണ് തൊഴിൽവകുപ്പ് കൊടുക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: Please resume your seat ..... please conclude .....

ശ്രീ. കെ. കെ. ഷാജു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. താരതമ്യേന ശാന്തമായ തൊഴിൽ അന്തരീക്ഷം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഞാൻ മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. പരമ്പരാഗത തൊഴിൽമേഖയിലെ മരവിപ്പും തിരിച്ചടിയും പതുക്കെപ്പതുക്കെ മാറിയിട്ടുണ്ട്. ഇത് ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്നത് കശുവണ്ടിമേഖലയിലാണ്. എന്റെ മണ്ഡലത്തിൽ മൂവായിരത്തിധികം തൊഴിലാളികൾ ജോലിചെയ്യുന്ന രണ്ട് കശുവണ്ടി ഫാക്ടറികളടക്കം കേരളത്തിലെ പൂട്ടിയിട്ടിരിക്കുന്ന എല്ലാ കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിച്ചുകഴിഞ്ഞു. തോട്ടം മേഖലയിൽ ഇപ്പോൾ തന്നെ പ്രതിസന്ധിയുണ്ട്. എന്നാൽ അവിടെയും പ്രതീക്ഷയുടെ കിരണങ്ങൾ കാണുകയാണ്. ഇവിടെ ആശുപത്രിയുടെ കാര്യമൊക്കെ പറഞ്ഞു. ഇ.എസ്.ഐ. ആശുപത്രികളുടെ നിലവാരം കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുസൃതമായി മെച്ചപ്പെടുത്താനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ചു, എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് ഫാക്ടറികളുണ്ട്. അതിൽ തന്നെ മൂവായിരത്തോളം ആളുകൾ ജോലി ചെയ്യുന്നുണ്ട്. പത്തിലധികം സ്വകാര്യ ഫാക്ടറികളുണ്ട്. ആരോഗ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വളരെ മുമ്പുതന്നെ കരിമുളക്കൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇ.എസ്.ഐ. ആശുപത്രിക്ക് വേണ്ടിയുള്ള ഒരു പ്രൊപ്പോസൽ ഉണ്ടായിരുന്നു. അത് ഇതുവരെ സ്ഥാപിക്കാനുള്ള നടപടികൾ ആയിട്ടില്ല. മന്ത്രി മറുപടി പറയുമ്പോൾ അത് എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് പറയണം. പട്ടികജാതി-പട്ടികവർഗ്ഗവകുപ്പ് ആശാവഹമായ പ്രവർത്തനങ്ങളിലൂടെ മുന്നേറുകയാണ്. പഞ്ചായത്ത്‌രാജ് സംവിധാനം വന്നതിന്റെ ഫലമായി അധികാരം താഴേക്ക് വികേന്ദ്രീകരിച്ചു കഴിഞ്ഞപ്പോൾ ഏറ്റവും കൂടുതൽ ഫണ്ടും അധികാരവും താഴേക്ക് പോയിട്ടുള്ള ഒരു വകുപ്പാണിത്. തൽഫലമായി വികസന പദ്ധതികൾ മരവിച്ചു. പഞ്ചായത്തിലെ അംഗങ്ങളുടെ എണ്ണം അനുസരിച്ച് പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുകയാണ്. അതുകൊണ്ടുതന്നെ ഒരു കോളനിയുടെ പൊതുവായ വികസനം ഇപ്പോൾ അസാദ്ധ്യമായി വന്നിരിക്കുകയാണ്. പട്ടികജാതി കോളനികളുടെ സ്ഥിതി അങ്ങേയറ്റം ദയനീയമാണ്. അവിടെ പലയിടത്തും വെളളമില്ല, വെളിച്ചമില്ല. വീടിന്റെ കാര്യത്തിൽ മാത്രമാണ് നമുക്ക് കുറച്ച് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുള്ളത്. വികസനവകുപ്പ് ഉപഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്ന ഒരു സ്കീം ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മാർച്ച് മാസം 31-നുമുമ്പ് ഈ പണം വിനിയോഗിക്കണം. അയ്യായിരം വീടുകളെ സംബന്ധിച്ചു പറഞ്ഞു. അയ്യായിരം വീടുകൾക്ക് 31-ാം തീയതിക്കുമുമ്പ് രണ്ട് ഗഡു കൊടുക്കാൻ കഴിയില്ല. അതുകൊണ്ട് വീടിന്റെ എണ്ണം വർദ്ധിപ്പിച്ച് ടി തുക ലാപ്സാകാതിരിക്കാനുള്ള നടപടി അടിയന്തിരമായി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പട്ടികജാതി ലക്ഷംവീട് കോളനികളിൽ താമസിക്കുന്നർക്ക് സ്വന്തമായി ഭൂമിയില്ല. ഗവൺമെന്റിന്റെ തണ്ടപ്പേരിൽ കിടക്കുന്ന ഭൂമിയാണ്. അവരുടെപേരിൽ ഭൂമി ഇല്ലാത്തതുകൊണ്ട് വായ്പയോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള മറ്റ് സഹായങ്ങളോ ഇവർക്ക് ലഭിക്കുന്നില്ല എന്നുള്ള ഒരു ദുരവസ്ഥയുണ്ട്. കോളനികളിലുള്ള ആളുകൾക്കുവേണ്ടി കൊടുത്തിരിക്കുന്ന ഭൂമി സർക്കാർ പുറമ്പോക്കായി പ്രഖ്യാപിച്ച് പട്ടയം കൊടുക്കാൻ മാത്രമേ കഴിയൂ. ആ നിലയിലുള്ള തീരുമാനം അടിയന്തിരമായി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വീടിന്റെ എണ്ണം വർദ്ധിപ്പിക്കുന്നകാര്യം ഞാൻ പറഞ്ഞു. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ വകുപ്പിൽ നേരിട്ട് പെടുന്നില്ല എങ്കിലും ഈ നിയമസഭ പലപ്പോഴും തീരുമാനിച്ചിട്ടുള്ള കാര്യമാണ് നിയമസഭയ്ക്ക് മുമ്പിൽ ഡോക്ടർ അംബേദ്കറുടെ പ്രതിമ സ്ഥാപിക്കുക എന്നുള്ളത്. അത് അനന്തമായി നീണ്ടുപോവുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രികൂടി മുൻകൈയെടുത്ത് സ്പീക്കറും മുഖ്യമന്ത്രിയുമായി ആലോചിച്ച് എന്ന് ഈ പ്രതിമ അവിടെ സ്ഥാപിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഒരു തീരുമാനമെടുക്കണം. അക്കാര്യത്തിൽ ഒരു ഉറപ്പ് ഉണ്ടാകണം. മന്ത്രിയുടെ നേരിട്ടുള്ള വകുപ്പ് അല്ലെങ്കിലും മന്ത്രിക്ക് ഉത്തരവാദിത്തമുണ്ട് എന്ന് അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: Please resume your seat ..... please conclude .....

ശ്രീ. കെ. കെ. ഷാജു: ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. പട്ടികജാതി വകുപ്പിന്റെ പണം ഉപയോഗിച്ച് ആലപ്പുഴയിൽ പ്രശസ്തമായിട്ടുള്ള പുന്നമട കായലിൽ നടക്കുന്ന നെഹ്റു ട്രോഫി വള്ളംകളിയിൽ പങ്കെടുക്കാൻ ഒരു ചുണ്ടൻവള്ളം ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ പേര് അംബേദ്കർ എന്നാണ്. ആ വള്ളം നടുവൊടിഞ്ഞ് കുട്ടനാട് താലൂക്ക് ഓഫീസിന്റെ വള്ളപ്പുരയിൽ ഇരിക്കുകയാണ്. ബാക്കി വള്ളങ്ങളെല്ലാം ഓരോ കാലഘട്ടത്തിൽ മെയിന്റനൻസ് ചെയ്ത് വള്ളംകളിയിൽ പങ്കെടുക്കുമ്പോൾ അംബേദ്കറുടെ നാമധേയത്തിൽ പണിത വള്ളം കേടുപറ്റി വെള്ളത്തിൽ ഇറക്കാൻ പറ്റാത്ത അവസ്ഥയിൽ എത്തിയിരിക്കുകയാണ്. അടിയന്തിരമായി ഇടപെട്ട് ആ മഹാപുരുഷന്റെ നാമധേയത്തിലുള്ള വള്ളത്തിന് വന്നിട്ടുള്ള ഗതികേട് പരിഹരിക്കാനാവശ്യമായ തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനയെ വീണ്ടും പിന്താങ്ങുന്നു.

ശ്രീ. ഷിബു ബേബിജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. എന്റെ രാഷ്ട്രീയ നിലപാടിനെക്കുറിച്ച് എനിക്ക് വ്യക്തതയുണ്ടെങ്കിലും പലരും സംശയത്തോടുകൂടി വീക്ഷിക്കുന്ന കാലഘട്ടത്തിൽ അത് ദൂരീകരിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ആർ.എസ്.പി.(ബി)യുടെ ടിക്കറ്റിൽ ഐക്യജനാധിപത്യമുന്നണിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിച്ച് നിയമസഭയിൽ എത്തിയതാണ്. അതുകൊണ്ട് ഐക്യജനാധിപത്യ മുന്നണിയിൽ തന്നെ നിലകൊള്ളുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ഉറപ്പിച്ച് പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. പി. അനിൽകുമാർ ദീർഘകാലം ഭരണരംഗത്ത് പ്രവർത്തിച്ച് പക്വതയാർജ്ജിച്ച മന്ത്രിമാരെപ്പോലെ തന്നെ ചുമുങ്ങിയകാലംകൊണ്ട് ഇത്ര ഭംഗിയായി ഒരു വകുപ്പ് കൈകാര്യം ചെയ്തതിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ലേബറിന്റെ ഡിമാന്റുകൾ വച്ചു. അദ്ദേഹം ഏത് പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്നു എന്ന് എനിക്ക് അറിയില്ല. കാരണം ആർ.എസ്.പി.(ബി) യിലൂടെയാണ് അദ്ദേഹം മന്ത്രിയായത്. ഇന്ന് കൂറുമാറ്റ നിയമമൊക്കെ നിലവിലുള്ള ഈ കാലയളവിൽ അദ്ദേഹം ഏത് പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്നു എന്ന് എനിക്ക് അറിയില്ല. നമ്മുടെ നേതാക്കൻമാർ പഠിപ്പിച്ചത് നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനത്തെ പെറ്റമ്മയെപ്പോലെ സ്നേഹിക്കണമെന്നാണ്. ഞാൻ പ്രതീക്ഷിച്ചിരുന്നത് അദ്ദേഹത്തിന്റെ വഴികാട്ടിയായിട്ടുള്ളത് ടി. കെ. ദിവാകരനും ശ്രീകണ്ഠൻനായരുമൊക്കെ ആയിരിക്കുമെന്നാണ്. പക്ഷേ, അദ്ദേഹത്തെ നയിക്കുന്നത്, അദ്ദേഹത്തിന്റെ വഴികാട്ടി ഷിബുസോറനും സ്റ്റീഫൻ മറാണ്ടിയുമാണെന്ന് ഇപ്പോഴാണ് എനിക്ക് മനസ്സിലായത്. ഇങ്ങനെയുള്ള രാഷ്ട്രീയ യുദാസുകളെ ചുമക്കുന്നത് മുന്നണിക്ക് ഗുണകരമാണോ എന്ന് മുന്നണിയുടെ നേതൃത്വം വഹിക്കുന്ന ആളുകൾ ചിന്തിക്കേണ്ടതുണ്ട്. തൊഴിൽവകുപ്പ് കേരളത്തിലെ തൊഴിലാളികളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനാഥമാക്കിയ ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? മറ്റ് ആരുടെയും വേണ്ട, അദ്ദേഹത്തിന്റെതന്നെ നിയമസഭയിലെ രേഖകൾ പരിശോധിച്ചാൽ തൊഴിൽവകുപ്പിനെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാവും. അദ്ദേഹം കഴിഞ്ഞ ഡിമാന്റുകൾ അവതരിപ്പിച്ചുകൊണ്ട് മറുപടി പ്രസംഗത്തിൽ പറഞ്ഞു ഇനി തൊഴിൽവകുപ്പ് എന്നപേര് വേണ്ട വ്യവസായഅനുബന്ധവകുപ്പ് എന്ന പേര് മതിയെന്ന്. ശ്രീ. എഴുകോൺ നാരായണന്റെ മണ്ഡലത്തിൽ നിരവധി കശുവണ്ടി തൊഴിലാളികൾ ഉള്ളതാണ്. കഴിഞ്ഞ ദിവസം അദ്ദേഹം ഇവിടെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചുകൊണ്ട് കശുവണ്ടി തൊഴിലാളികളുടെ എഗ്രിമെന്റ് കാലാവധി പൂർത്തീകരിച്ചു, അവരുടെ വേജസ് കൂട്ടിയിട്ടില്ല, അത് പരിഷ്കരിക്കണം എന്ന് പറഞ്ഞപ്പോൾ മന്ത്രിയുടെ മറുപടി ഞാൻ വീക്ഷിച്ചു. എന്തായിരുന്നു അദ്ദേഹം പറഞ്ഞത്? വേരിയബിൾ ഡി.എ. കൂടുന്നുണ്ട്. ജീവിതനിലവാരം അനുസരിച്ച് വേരിയബിൾ ഡി.എ. കൂടുന്നുണ്ട്, അതുകൊണ്ട് ഇപ്പോൾ ഡി.എ. കൂടിയിട്ടില്ല എങ്കിലും കുഴപ്പമില്ല. ഞാൻ ഒരു കമ്മിറ്റിയെ വയ്ക്കാൻ ആഗ്രഹിക്കുകയാണ്. തൊഴിലാളികളുടെ വേരിയബിൾ ഡി.എ. കൂടുന്നതുകൊണ്ട് കൂലിവേണ്ട എന്ന കാഴ്ചപ്പാട് ഒരു മന്ത്രിയെ നയിക്കുന്നത് തൊഴിലാളികൾക്ക് ഗുണകരമാണോ? ലേബറിനെക്കുറിച്ചുള്ള പരാമർശങ്ങൾ ലേബർ എംപ്ലോയ്മെന്റ് റീഹാബിലിറ്റേഷൻ അടക്കമുള്ള കാര്യങ്ങളിൽ ഏറ്റവും സുപ്രധാനമായ ഒരുകാര്യം, അരപാരഗ്രാഫ് പറഞ്ഞിട്ടുള്ളത് ഐ.ടി.ഐ., ഐ.ടി.സി. പാസ്സാകുന്ന കുട്ടികൾക്ക് ഇപ്പോൾ ഞങ്ങൾ കൊടുക്കുന്ന പരിശീലനം പോരാ. അതുകൊണ്ട് ഏതെങ്കിലും കാർ മുതലാളിമാർക്ക് പരിശീലനം കൊടുക്കാൻ ആഗ്രഹമുണ്ടെങ്കിൽ പരിശീലനം ലഭിക്കാൻ ആഗ്രഹമുള്ളവർ അവിടെപോയി പരിശീലിച്ചോ എന്നാണ്. ഇങ്ങനെ ഒരു ബഡ്ജറ്റ് ഉണ്ടോ? ഞാൻ ദീർഘിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി അവതരിപ്പിച്ച മാനിഫെസ്റ്റോയിൽ അതിനുശേഷം അദ്ദേഹം മുഖ്യമന്ത്രിയായി ചുമതലയെടുത്തപ്പോൾ ചാരായതൊഴിലാളികളെ പുനരധിവസിപ്പിക്കുമെന്ന് പറഞ്ഞു. ഈ ചാരായതൊഴിലാളിക്ക് പ്രതിമാസം കിട്ടുന്നത് 8,000 രൂപയാണ്. ഒരു വർഷം ഒരു ലക്ഷം രൂപയോളം കിട്ടും. അയ്യായിരം ചാരായ തൊഴിലാളികളുണ്ട്. അങ്ങനെ ഒരുവർഷം അൻപതുകോടി രൂപയാണ് ചാരായ തൊഴിലാളികൾക്ക് കിട്ടേണ്ടത്. നാല് വർഷം ഇവിടെ നിയമനം നടന്നിട്ടില്ല. അങ്ങനെ 2,200 കോടി രൂപ എവിടെപ്പോയി? ആരോ ഇവിടെ സംസാരിച്ചു ഈ അഞ്ച് വർഷം കൊണ്ട് പ്രതിവർഷം അൻപത് കോടി രൂപ ചാരായ തൊഴിലാളികൾക്ക് കിട്ടേണ്ടത് അബ്കാരി മുതലാളിമാർക്ക് അല്ലേ കിട്ടിയത്? തൊഴിലാളിവർഗ്ഗപ്രസ്ഥാനം എന്നനിലയിൽ സഖാവ് എൻ. ശ്രീകണ്ഠൻ നായരും ടി.കെ. ദിവാകരനും, ശ്രീ. ബേബി ജോണും, ആർ.എസ്. ഉണ്ണിയും നയിച്ച ഒരു തൊഴിലാളിപ്രസ്ഥാനത്തിന് ഈ പ്രവർത്തനത്തെ ഉൾക്കൊള്ളാൻ സാധിച്ചിട്ടില്ല. ഈ ഭരണമുന്നണിയെ നയിക്കുന്നവർ ആലോചിക്കണം. ഈ നയസമീപനങ്ങൾ ഗുണകരമാണോയെന്ന് ആലോചിച്ച് തീരുമാനിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. യു. സി. രാമൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഏതൊരു പിന്നോക്കാവസ്ഥയ്ക്കും മുന്നോക്കാവസ്ഥയുണ്ട്. എന്നാൽ കേരളത്തിൽ പട്ടികജാതിക്കാരുടെകാര്യം പരിശോധിച്ചാൽ പണ്ടത്തെ ശങ്കരൻ തെങ്ങിൽത്തന്നെ എന്ന സ്ഥിതിയാണുള്ളത്. ഈ ജനവിഭാഗത്തിന് പിന്നോക്കത്തിൽനിന്ന് മോചനംലഭിക്കാൻ ഇനിയെത്ര പതിറ്റാണ്ട് കാത്തിരിക്കണം? ഈ കാലമത്രയും പിന്നോക്കത്തിന്റെ ഭാണ്ഡവുംപേറി കഴിയാൻ ഈ ജനവിഭാഗം ആഗ്രഹിക്കുന്നില്ല. സർക്കാർ ഒട്ടേറെ പദ്ധതികൾ ഈ ജനവിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതയല്ല, മറിച്ച് ഇത് ഫലപ്രദമായി ഉപയോഗിക്കാത്തതും ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഇല്ലാത്തതുമാണ് ഈ വിഭാഗത്തിന് ഇന്ന് ഉണ്ടായ പ്രയാസത്തിന്റെ അനുഭവം. ഇവിടെ എസ്.സി.-എസ്.ടി. അതുപോലെ പിന്നോക്ക വിഭാഗം എന്നിവർക്കുവേണ്ടി സംസാരിക്കുന്ന ആളുകൾ പിന്നോക്കക്കാരെ കബളിപ്പിക്കുന്ന പാരമ്പര്യത്തിന്റെ ഉടമകളാണ്. മലപ്പുറത്തെ സി.പി.ഐ. (എം.) സമ്മേളനവുമായി ബന്ധപ്പെട്ടുകൊണ്ട് യാസർ അരാഫത്തിന്റെയും മോയിൻകുട്ടി വൈദ്യരുടെയും ബോർഡുകളും കമാനങ്ങളും സ്ഥാപിച്ച് അവിടെയുള്ള മുസ്ലീംവിഭാഗത്തിനെ പ്രീണിപ്പിക്കാൻ ശ്രമിച്ചവരാണ് ഇവർ. ഇവിടെ ഇന്നലെ ഈ സഭയിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചർച്ചയ്ക്ക് വന്നപ്പോൾ അവരെടുത്ത നപുംസകമായ നിലപാട് കണ്ടതാണ്. ആറളം ഫാം ഇവിടെയുള്ള പട്ടികവർഗ്ഗക്കാർക്ക് പതിച്ചു കൊടുക്കുന്നതിനുവേണ്ടി യു.ഡി.എഫ്. സർക്കാർ തയ്യാറായപ്പോൾ അതിനെതിരെ കേന്ദ്രത്തിൽ പരാതി കൊടുത്തവരാണ്. ആ പരാതി കൊടുത്തുകൊണ്ടാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളോട് നീതികാണിച്ചത്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അംബേദ്കർ പ്രതിമ നിയമസഭയുടെമുൻപിൽ സ്ഥാപിക്കാൻ ഇനി ഒട്ടുംവൈകരുത്. അടിയന്തിരമായി അതിന് നടപടിയുണ്ടാകണം. അതോടൊപ്പം തന്നെ പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽപ്പെട്ട ആളുകളിൽ ഒട്ടേറെപ്പേർ ഭൂമിയില്ലാത്തവരായിട്ടുണ്ട്. അവർക്ക് കൈവശരേഖയില്ലാത്തതുകൊണ്ടാണ് വീട് നിർമ്മിക്കാൻ സാധിക്കാതെ പോകുന്നത്. അവർക്ക് പട്ടയം നൽകി, അവർക്ക് വീട് നൽകുന്നതിനാവശ്യമായ നടപടികളും ഉണ്ടാകണം. അതോടൊപ്പം തന്നെ സ്വകാര്യ മേഖലയിൽ സംവരണം കർശനമായി പാലിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പട്ടിക വിഭാഗക്കാർക്ക് ചികിൽസാസഹായം നൽകുന്നുണ്ട്. പക്ഷേ, ആ സഹായം ഈ വിഭാഗങ്ങൾക്ക് ലഭ്യമാകുന്നതിന് ഒരുപാട് കാലതാമസം നേരിടുന്നുണ്ട്. എത്രയും പെട്ടെന്ന് രോഗിക്ക് സഹായം എത്തിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാകണം. കുന്ദമംഗലത്ത് ഒരു ഒ.ബി.സി. ഹോസ്റ്റൽ പണിയുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഹോസ്റ്റൽ സംവിധാനം എത്രയുംപെട്ടെന്ന് യാഥാർത്ഥ്യമാക്കാൻ ആവശ്യമായ സംവിധാനമുണ്ടാകണം. ഇവിടത്തെ ട്രൈബൽ ഹോസ്റ്റൽ ബഹുമാനപ്പെട്ട മന്ത്രി പട്ടികജാതി-പട്ടികവർഗ്ഗ ജില്ലാസമിതി അംഗമായിരുന്ന സമയത്ത് ഞാനും മന്ത്രിയും ഉൾപ്പെടെയുള്ള സമിതി അവിടെ പോയി കണ്ടതാണ്. ട്രൈബൽ ഹോസ്റ്റലിന്റെ സ്ഥിതി വളരെ ദയനീയമാണ്. കുട്ടികൾക്ക് ട്രൈബൽ ഹോസ്റ്റൽ പണിയുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ നിർദ്ദേശം പരിഗണനയിലുണ്ട്. അതുപോലെ കോഴിക്കോട്ട് ഒരു എം.ആർ.എസ്. വാടക കെട്ടിടത്തിലാണുള്ളത്. കെട്ടിടം ഉടമ കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതിന് ആവശ്യപ്പെടുന്നുണ്ട്. കുന്ദമംഗലത്ത് സി.ഡബ്ല്യു.ആർ.ഡി. വക ഒട്ടേറെ ഭൂമി ഉപയോഗശൂന്യമായി കിടക്കുകയാണ്. ആ സ്ഥലം ഏറ്റെടുത്തുകൊണ്ട് അവിടെ എം.ആർ.എസ്. സ്ഥാപിക്കുന്നതിന് ആവശ്യപ്പെടുകയാണ്. അതൊടൊപ്പംതന്നെ അംഗനവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കണം. പ്രധാനമായും എന്റെ മണ്ഡലത്തിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ഒരു കാര്യമുണ്ട്. മാവൂർ ഗ്വാളിയർ റയോൺസ് എന്റെ മണ്ഡലത്തിലാണ്. അത് അടച്ചുപൂട്ടിയിട്ട് 6 വർഷം കഴിഞ്ഞിരിക്കുന്നു. അന്ന് കമ്പനിയുമായി ബന്ധപ്പെട്ടുകൊണ്ട് തുച്ഛമായ വിലയ്ക്ക് കൊടുത്ത സ്ഥലം ഉപയോഗിച്ചാണ് കമ്പനി പ്രവർത്തിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് .....

ശ്രീ. യു. സി. രാമൻ: ഇവിടെയുള്ള കരാർ തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാത്തതിന്റെ പേരിൽ കരാർ തൊഴിലാളികൾ സമരത്തിലാണ് ..... മൈക്ക് ഓഫ് .....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. യു. സി. രാമൻ: ..... (മൈക്ക് ഓഫ് ചെയ്തു) ..... ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: 2005-2006 സാമ്പത്തികവർഷത്തെ തൊഴിലും തൊഴിലാളി ക്ഷേമവും, പട്ടികജാതി-പട്ടികവർഗ്ഗ-മറ്റു പിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. കായികശേഷിയുള്ളവർക്ക് എല്ലാം തൊഴിൽ നൽകാൻ കഴിയുന്ന വ്യവസ്ഥയെ സമ്പന്നമായ വ്യവസ്ഥയെന്ന് നമുക്ക് വിളിക്കാവുന്ന വിധത്തിൽ അഭിമാനിക്കാം. അതിനുള്ള യാത്ര നമുക്ക് തുടരണം. ഇതാണ് ഇന്നത്തെ വെല്ലുവിളി. ശ്രീ. ടി. പി. രാമകൃഷ്ണൻ ഇവിടെ ധനാഭ്യർത്ഥനകളുടെ ചർച്ചയുടെ തുടക്കത്തിൽ നിയമങ്ങളെക്കുറിച്ച് പറഞ്ഞത് അഭിമാനത്തോടെ കേട്ടവരാണ് നമ്മൾ. പണിയെടുക്കുന്നവനാണ് തൊഴിലാളികൾ. വരുമാനം ഉറപ്പുവരുത്തുന്നവനാണ് ജീവനക്കാരൻ എന്ന സത്യം ഇന്നിവിടെ നിലനിൽക്കുന്നു. വേതനം വാങ്ങുന്നവരൊക്കെ തൊഴിലെടുക്കുന്നവരായി വളരാത്തിടത്തോളംകാലം അവരവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചെന്നുവരില്ല. ഇതിന് ജീവനക്കാരും തൊഴിലാളിയും തമ്മിൽ മാനുഷികമായ വേദനയുടെ അളവുകോൽ അളക്കാൻ കഴിയുന്നത് തൊഴിലാളിക്കാണ്. അങ്ങേക്കറിയാം MACT – Motor Accident Claim Tribunal-കളിൽ സാക്ഷികളായിവരുന്ന 70 ശതമാനം ആളുകളും ഇന്ന് ഓട്ടോറിക്ഷാ ഡ്രൈവർ അല്ലെങ്കിൽ ചുമട്ട് തൊഴിലാളികളായിരിക്കും. മറ്റ് മാന്യൻമാരായ ആളുകൾ കടന്നുപോകുന്നു വെങ്കിലും ഇത് കാണാനോ കണ്ടാൽത്തന്നെ രക്ഷിച്ചതിനുശേഷം

11.30 A M]

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥാപിതമായി ലഭിക്കേണ്ടുന്ന ആനുകൂല്യം കോടതി മുഖേന ലഭിക്കുന്നതിന് സാക്ഷിയായി വരാനോ തയ്യാറല്ല. അപ്പോൾ ഇത് തെളിയിക്കുന്നത് മനുഷ്യത്വം ആരിലാണ് കുടികൊള്ളുന്നത് എന്നത് തന്നെയാണ്. ഒരു സമൂഹത്തിന്റെ ക്ഷേമം ഉറപ്പുവരുത്താൻ ആഭ്യന്തര കലഹത്തിനിടയിലും ഐക്യജനാധിപത്യമുന്നണിയുടെ ബാനറിൽ ശ്രീ. ബാബു ദിവാകരൻ ഇവിടെ കാണിച്ച ധീരത അഭിനന്ദനാർഹമാണ്. കാലാവസ്ഥ നമ്മൾ മനസ്സിലാക്കണം. ആ കാലാവസ്ഥയ്ക്ക് അനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ കഴിയൂ. എന്നെ സംബന്ധിച്ചാണെങ്കിൽ രാഷ്ട്രീയകാലാവസ്ഥ പ്രസവവേദനകൊണ്ട് പുളയുന്ന ഒരന്തരീക്ഷം കണ്ടുകൊണ്ടിരിക്കുന്നവനാണ് ഞാൻ. എന്റെ കൊച്ചുനാളിൽ എന്റെ അമ്മ എന്റെ പെങ്ങൾ പ്രസവവേദനകൊണ്ട് പുളയുമ്പോൾ അവിടെനിന്ന് ദൈവത്തെ വിളിച്ച് പ്രാർത്ഥിക്കുന്ന ഒരു വാചകം കേട്ടിട്ടുണ്ട്. ദൈവമേ രണ്ടും രണ്ടായി മാറണമേ, രക്ഷിക്കണമേ എന്ന്. ഒരമ്മയ്ക്ക് ഉണ്ടാകാവുന്ന വേദനയാണ്. രാഷ്ട്രീയത്തിലും രാഷ്ട്രീയ സത്യസന്ധത പുലർത്തുകയും പ്രവർത്തിക്കുകയും ചെയ്യുന്നതാണ് എന്തുകൊണ്ടും അഭികാമ്യമെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. ഇടയ്ക്കൊരു പ്രസവം അത് ചാപിള്ളയായെന്ന് ദുഃഖിക്കുന്നതിലും നല്ലത് ഈ പ്രസവം സുഖകരമാക്കുന്നതുതന്നെയാണ് എന്ന് ഒരാള് വിചാരിച്ചാൽ അത് തെറ്റല്ല എന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. അതിലേക്ക് പോകുന്നില്ല. എൽ.ഡി.എഫ്-ൽനിന്ന് യു.ഡി.എഫ്. ഭരണമാറ്റം ഏറ്റെടുത്തപ്പോൾ ഇവിടത്തെ സാമ്പത്തിക സ്ഥിതി ഏത് നിലയിൽ ഉള്ളതായിരുന്നു? നമുക്കേവർക്കുമറിയാം. എന്നിട്ടും ഇവിടെ തൊഴിലാളി സമരങ്ങൾ ഉണ്ടായിട്ടില്ല. ഉണ്ടാകാൻ അനുവദിച്ചിട്ടില്ല. ഉണ്ടായ സമരങ്ങൾ രമ്യമായി തീർക്കാൻ ശ്രീ. ബാബു ദിവാകരന്റെ നേതൃത്വത്തിന് കുറേയൊക്കെ കഴിഞ്ഞിട്ടുണ്ട് എന്നത് അഭിമാനകരം തന്നെയാണ്. പോരായ്മകൾ അനവധിയുണ്ട്. ഫാക്ടറികൾ പലതും പൂട്ടിയത് തുറക്കാൻ ബാക്കിയുണ്ട്. ഇതൊക്കെ സത്യമാണെങ്കിലും ഇന്ന് പൂട്ടിയതല്ലല്ലോ? അതിലെ തൊഴിലാളികൾക്കും ഇന്ന് ഓണം വന്നാൽ ആയിരം ഉറുപ്പികയെങ്കിലും കൊടുക്കാൻ കഴിഞ്ഞു. ചെറുതായെങ്കിലും അവരെ ആശ്വസിപ്പിക്കുന്നു എന്നതിന് ഉദാഹരണമാണ് 2004-2005-ൽ കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ ജനുവരി വരെ 48 കോടി 54 ലക്ഷം ഉറുപ്പിക വിതരണംചെയ്തു. 14 കോടി 31 ലക്ഷം രൂപകൂടി മാർച്ച് 31-ന് മുൻപ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. അവശേഷിക്കുന്ന കുടിശ്ശികയിൽ പകുതി 2005-2006-ൽ കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 2004-2005-ൽ 2 കോടി 86 ലക്ഷം രൂപയുടെ ഇതര ആനുകൂല്യങ്ങളും വിതരണംചെയ്തു. ആശ്വാസം. പക്ഷേ, ഇത് ഇവിടെ നിർത്താൻ കഴിയില്ല. കാരണം, സർക്കാർ പ്രഖ്യാപിതമായ ആനുകൂല്യങ്ങൾ പ്രത്യേകിച്ച് പെൻഷൻപോലുള്ള ആനുകൂല്യങ്ങൾ. പെൻഷൻ നൽകുന്നത് ആർക്ക്, മാനദണ്ഡം എന്ത്, തൊഴിലും വയസ്സും. തൊഴിലും വയസ്സും മാനദണ്ഡമായി എടുത്തുകൊണ്ട് കൊടുക്കുന്ന പെൻഷൻതുക

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസപ്പെടുത്തുന്നത് ഒരുഗവണ്മെന്റിനും ഭൂഷണമല്ല. സർക്കാർ സർവ്വീസിൽ സേവനം അനുഷ്ഠിച്ചവർക്കും കോടതിയിൽ സേവനം അനുഷ്ഠിച്ചവർക്കും, നിയമസഭയിൽ സാമാജികരായി വന്ന നമുക്കും ഒക്കെ വ്യവസ്ഥാപിതമായി പെൻഷൻ ആനുകൂല്യങ്ങൾ വൈകാതിരിക്കുകയും നമുക്ക് ഉണ്ണാനും ഉടുക്കാനും അദ്ധ്വാനിച്ചവർക്ക് ചെറുതെങ്കിലുമുള്ള തുക സർക്കാർ കൊടുക്കാൻ നിശ്ചയിച്ചാൽ അതിൽ വർഷങ്ങളോളം കാലതാമസം വരുത്തുകയും ചെയ്യുന്നത് ഒരിക്കലും പൊറുക്കാൻ കഴിയുന്നതല്ല. സർക്കാരും ജീവനക്കാരും സാമാജികരും കോടതിയുമൊക്കെ ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കുകയും, അത് കൊടുക്കുകയുംവേണം. അപാകത വളരെയേറെയുണ്ട്. ആ അപാകത, അപാകതയെന്നു പറഞ്ഞ് ആരും തൊടാതെ തള്ളിനീക്കുന്നത് ഒരു ഉത്തരവാദിത്വമല്ല. ആ അപാകതകൾ എന്തെന്നറിയുകയും അദ്ധ്വാനത്തിന് അംഗീകാരവും പ്രതിഫലവും ചെറുതെങ്കിലുമുള്ള ആനുകൂല്യങ്ങളും നൽകുന്നത് കൃത്യമായ നിയമത്തിൽ ആക്കേണ്ടതായിട്ടുണ്ട്. കൈത്തറിമേഖലയെ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. കൂടാതെ കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമബോർഡിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടുവോളം പണം ഉണ്ട്. പക്ഷേ, വലിയ മീനിനെ കാണുമ്പോൾ കൊറ്റി കണ്ണ് ചിമ്മുന്നതുപോലെയാകരുത് അംശദായം വാങ്ങൽ. അത് സർക്കാരായാലും വൻകിട മുതലാളിമാരായാലും, കരാറുകാരായാലും, കൊള്ളാം അവരിൽനിന്നൊക്കെ ഈയിനത്തിൽ അംശദായം വാങ്ങിയേ മതിയാകൂ. അതിൽ സർക്കാരിനെ എക്സംപ്റ്റ് ചെയ്യണമെങ്കിൽ ആ വഴി നോക്കണം. അല്ലാതെ അവർ കൊടുക്കാൻ ബാദ്ധ്യസ്ഥരും കൊടുക്കില്ലായെന്നതിൽ കണ്ണ് ചിമ്മുകയും ചെയ്യുന്നത് ഒരു ഭൂഷണമല്ല. അതുകൊണ്ട് അക്കാര്യം വളരെ ഗൗരവമായി ആലോചിക്കണം. ആ വിഭാഗത്തിലെ ആളുകൾക്ക് വാർദ്ധക്യ സഹജമായ വിഷമം വരുമ്പോൾ അവർക്കൊരാശ്രയം വേണം. അവർക്ക് വൃദ്ധസദനം തുടങ്ങുമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്ന നോട്ടിലുണ്ട്. ആ 'വൃദ്ധ' എന്നത് മാറ്റുക 'സ്നേഹസദന'മെന്നാക്കുക. ചിലപ്പോൾ ഈ വാക്കുകൾ പലർക്കും അരപ്പും, വെറുപ്പും വരുത്തുന്നുണ്ട്. വയസ്സുകൊണ്ട് വൃദ്ധനാകുന്നെങ്കിലും അവർ വരാനിടയാക്കുന്നത് സ്നേഹപരിചരണം ലഭിക്കാത്തതുകൊണ്ടാണ്. സ്നേഹപരിചരണം നൽകുന്നതിനുള്ള ആലയങ്ങളാവണം ഇതിനുവേണ്ടി പണിയുന്ന സദനങ്ങൾ. അത് ആ നിലയിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയൊക്കെ തുടങ്ങിയിട്ടുണ്ട്. അതൊരംഗീകാരം തന്നെ. സംശയമില്ല. തൊഴിൽ തർക്കപരിഹാരം 2003-2004-ൽ 2,281 തൊഴിൽതർക്കങ്ങൾ അനുരഞ്ജന ചർച്ചയിലൂടെ പരിഹരിച്ചു എന്നത് ചെറിയ കാര്യമല്ല. ഒപ്പം പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നം ഈ ഗവണ്മെന്റിന് വലിയ ദുഃഖം വരുത്തിവച്ച ഒന്നാണ്. അത് രണ്ട് നിലയിൽ ഉണ്ടല്ലോ. ഇന്ന് തേയില

LIBRARY ARCHIVES Kerala Legislative Assembly

തോട്ടങ്ങൾ പഴയതുപോലെ വരുമാനം ഇല്ലാത്തതാണ് എന്നതിന്റെ പേരിൽ മുതലാളിമാർ മനഃപൂർവ്വം അത് പൂട്ടുകയും അവിടെനിന്ന് അകലുകയും ചെയ്യുന്നു. വേറൊന്ന് നെല്ലിയാമ്പതി പോലുള്ള മലമുകളിൽ സർക്കാർ പാട്ട വ്യവസ്ഥ അനുസരിച്ച് കാലാവധി പൂർത്തിയാകുമ്പോൾ അത് സർക്കാർ ഏറ്റെടുക്കുന്നു. സർക്കാരിന് സ്വകാര്യ മുതലാളിയെപ്പോലെ തോട്ടം നടത്താൻ പല കാര്യങ്ങൾ കൊണ്ട് സാധ്യമല്ല. അതുകൊണ്ട് ആ തോട്ടത്തിലെ തൊഴിലാളികൾക്ക് സ്വകാര്യ മേഖലയിലെ ആളുകൾ ചെയ്തപ്പോൾ കിട്ടിയ ആനുകൂല്യവും സൗകര്യവും എങ്കിലും നൽകുന്നത് ഉറപ്പാക്കാൻ കഴിയണം. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് ഒരു കാര്യം പറയാനുള്ളത് നെല്ലിയാമ്പതിയിലെ ചന്ദ്രമല എസ്റ്റേറ്റിൽ ഏതാനും ദിവസങ്ങളായി ഒരു നിസ്സാരകാര്യത്തിന്റെപേരിൽ തൊഴിലാളിയും മുതലാളിയും ഇണങ്ങാതെ പിണങ്ങിനിൽക്കുന്നു. ആ തർക്കം കഴിയുന്നത്രവേഗത്തിൽ അനുരഞ്ജനത്തിലൂടെ പരിഹരിക്കേണ്ടത് നമുക്കത്യാവശ്യമാണ്. തൊഴിലില്ലായ്മവേതനം കൊടുക്കാൻ ആവശ്യപ്പെട്ടത്, അതിനുവേണ്ടി മുറവിളികൂട്ടിയത്, അത് ചെറുതെങ്കിലും കൊടുക്കാൻ കഴിഞ്ഞത് ഇതിലൊക്കെ എൽ.ഡി.എഫും, യു.ഡി.എഫുമൊക്കെ ഒരുപോലെ അഭിമാനം കൊള്ളുന്നവരാണ്. പക്ഷേ, കാലാനുസൃതമായി സംഖ്യയിൽ മാത്രമല്ല, അതിന്റെ എണ്ണത്തിലും വർദ്ധനവ് വരുത്തണം. ആ സംഖ്യ സർക്കാർ ഖജനാവിൽനിന്ന് കൊടുക്കുമ്പോൾ ആരോഗ്യമുള്ള, ബുദ്ധിയുള്ള യുവതി യുവാക്കളെക്കൊണ്ട് ഈ സമൂഹത്തിനായി എന്തെങ്കിലും ചെയ്യിക്കുന്നതിനെക്കുറിച്ചും കാലതാമസംകൂടാതെ ആലോചിക്കേണ്ടിയിരിക്കുന്നു. തൊഴിലില്ലായ്മവേതനത്തെക്കുറിച്ചും മറ്റുമുള്ള കണക്കുകൾ ഇങ്ങനെയാണ് ലഭിക്കുന്നത്. എസ്.എസ്.എൽ.സി.-ക്കാർ 2,364 ദശലക്ഷം, പി.ഡി.സി.-ക്കാർ 564 ലക്ഷം, പ്രീ-ഡിഗ്രിക്കാർ 268 ലക്ഷം, ഡിപ്ലോമക്കാർ 61,330, ഡോക്ടർമാർ 3,567, എൻജിനീയർമാർ 8,116, ഡിപ്ലോമക്കാർ 40,660, ഐ.ടി.ഐ.-ക്കാർ 105 ലക്ഷം പേർ, കാർഷിക ഡിഗ്രിയെടുത്തവർ 897, മൃഗഡോക്ടർമാർ 836. ഇത്രയും എംപ്ലോയ്മെന്റ് രജിസ്റ്ററിൽനിന്ന് ലഭിക്കുന്ന കണക്കാണ്. ഇവർക്ക് പലർക്കും ഇന്ന് തൊഴിലുണ്ട്. ആ തൊഴിൽ ഔദ്യോഗികമായി അറിയാനും, അറിയിക്കാനും കഴിയാത്ത അവസ്ഥയാണ്. തൊഴിൽ ഇല്ലാത്തവർക്ക് വേതനം കൊടുക്കണം. അവർക്ക് വേതനം കൊടുക്കുമ്പോൾ സെൻസസ് ആയാലും മറ്റ് പല ജോലികളായാലും നല്ലതുപോലെ നാടിനെ അറിയാവുന്ന ആളുകളാണ് ഈ ചെറുപ്പക്കാരത്രയും. അവരുടെ ബുദ്ധിയും ശക്തിയും വിനിയോഗിച്ചുകൊണ്ട് അത് നമുക്ക് പ്രയോജനപ്പെടുത്തേണ്ടിവരും. ഒരു വസ്തുതകൂടി നമ്മളോർക്കണം. ഇവർക്കൊക്കെയാണ് തൊഴിൽ ഇല്ലാത്തത്. എസ്.എസ്.എൽ.സി. പഠിച്ചവർക്ക്, ബി.എസ്.സി., ബി.എ. എന്നിവ പഠിച്ചവർക്ക്. പണി എടുക്കുന്നവരെ വേണ്ടുവോളം ഇവിടെ കിട്ടാതിരിക്കുന്നു. പണിയെടുക്കുന്നതിന് മാന്യതയും വേതനവും കൊടുക്കാൻ കഴിയുമെങ്കിൽ തീർച്ചയായും കൊടുക്കണം. പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പിന്റെകാര്യം പറയാതിരിക്കാൻ നിവൃത്തിയില്ലല്ലോ. ഇന്നല്ല എന്നും ഈ ജനതയെയും ഈ രാജ്യത്തെയും നിരീക്ഷിച്ച് പഠിച്ച് പണിയെടുത്ത് ഈ ഭൂമുഖത്തെ രക്ഷിച്ചുനിൽക്കുന്ന ആളുകളാണ്. അവരുടെ രക്ഷയ്ക്കായി നമുക്ക് വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: Please conclude ..... അങ്ങയുടെ സമയം കഴിഞ്ഞു. ഇനി പറയുന്ന കാര്യങ്ങൾ രേഖയിൽ കാണില്ല.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, അവരിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ..... (മൈക്ക് ഓഫ് ചെയ്തു)

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ, വലിയ അത്ഭുതങ്ങളൊന്നും സംസ്ഥാനത്ത് നടത്തിയതായി ഞാൻ അവകാശപ്പെടുന്നില്ലെങ്കിലും വളരെ പക്വതയോടുകൂടി, വളരെ സമചിത്തതയോടുകൂടി തന്റെ വകുപ്പിൽ വളരെ വലിയ നേട്ടങ്ങൾ കൈവരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. തൊഴിൽവകുപ്പിൽ ഒരു ശാന്തത കൈവരിക്കാനും ഉൽപ്പാദനരംഗത്ത് കഴിയുന്നനിലയിൽ തൊഴിലാളികളെ പങ്കാളികളാക്കിക്കൊണ്ട് നല്ല നിലയിൽ ഒരു ഉണർവ്വുണ്ടാക്കിക്കൊടുക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാർ അദ്ദേഹത്തിന്റെ വകുപ്പിൽ വലിയ തിക്കുംതിരക്കുമൊന്നും കാണിച്ചില്ലെങ്കിലും ആത്മാർത്ഥതയോടുകൂടി, വളരെ പക്വതയോടുകൂടി കാര്യങ്ങൾ ചെയ്യുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ പലതും തകർച്ചയിലേക്കുപോയി എന്ന് നമുക്കറിയാം കുറെയൊക്കെ ഉയർത്തിക്കൊണ്ടുവരുവാൻ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിൽ രണ്ടു ഫാക്ടറികളിലായി ആയിരക്കണക്കിന് തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തെ സംബന്ധിച്ച് കശുവണ്ടി വ്യവസായം ഇന്ന് വലിയൊരു തകർച്ചയെ നേരിടുകയാണ്. വളരെ ശാസ്ത്രീയമായനിലയിൽ ഈ കാര്യങ്ങൾ പഠിച്ച് മുന്നോട്ടുവരാൻ തയ്യാറായാൽ നമുക്ക് ഈ തകർച്ച മാറ്റാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മറ്റേതൊരു സംസ്ഥാനത്തേക്കാൾ കശുവണ്ടി ഉൽപ്പാദനത്തിലും കശുവണ്ടി സംസ്കരണത്തിലും 60 വർഷങ്ങൾക്കുമുൻപുതന്നെ മുൻപന്തിയിൽ നിന്നിരുന്ന സംസ്ഥാനമാണ് കേരളം. ആ നിലയിൽ വലിയ ഖ്യാതി നേടിയ സംസ്ഥാനമാണ്. പക്ഷേ, ഭൂനിയമം മാറ്റി, ശാസ്ത്രീയമായി പഠനം നടത്താത്തതിന്റെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാത്തതിന്റെയും അടിസ്ഥാനത്തിൽ നമ്മൾ പുറകോട്ടുപോയി. ഇതിന് പരിഹാരം ഉണ്ടാക്കാൻ കഴിയും. റബർ ബോർഡിന്റെ നേതൃത്വത്തിൽ ഇന്ന് റബർ ഉത്പാദനത്തിൽ വലിയ മുന്നേറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. അതേ മാതൃകയിൽ കാഷ്യൂ ബോർഡ് രൂപീകരിച്ചാൽ വലിയ മാറ്റങ്ങൾ വരുത്താൻ കഴിയും. വാണിജ്യമന്ത്രാലയം ഇതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. നമ്മുടെ ശക്തമായ ആവശ്യം ഇക്കാര്യത്തിലുണ്ടായാൽ തീർച്ചയായും കാഷ്യൂ ബോർഡ് രൂപീകരിക്കാൻ കഴിയും. ഇന്ന് കാഷ്യൂ ഉൽപ്പാദനത്തിൽ മഹാരാഷ്ട്രയും ആന്ധ്രയും കേരളത്തിനെ കവച്ചുവച്ചിട്ടുണ്ടെങ്കിൽപോലും നമുക്ക് വലിയ നേട്ടം കൈവരിക്കാൻ കഴിയും. രാഷ്ട്രീയമായ കാര്യങ്ങൾ ഓർക്കുകയും മാറ്റത്തിലേക്കുകൊണ്ടുപോകാൻ തയ്യാറാവുകയും ചെയ്താൽ നമുക്ക് വിപ്ലവകരമായ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റം കേരളത്തിൽ ഉണ്ടാക്കാൻ കഴിയും. 1940-കളിൽ കുറെ ചെറുപ്പക്കാർ കൂടിയാണ് കാഷ്യൂ പ്രോസസ്സിംഗ് ഫാക്ടറി തുടങ്ങിയത്. അവരുവഴി കേരളം കശുവണ്ടിപ്പരിപ്പ് എക്സ്പോർട്ട് ചെയ്യുന്നതിൽ ഏറ്റവും വലിയ സംസ്ഥാനമായി മാറുകയുണ്ടായി. ഇന്നും നമുക്കതിന് കഴിയും. അതിന് പര്യാപ്തമാകുന്ന നിലയിൽ കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിനാവശ്യമായ സമ്മർദ്ദം ചെലുത്തിക്കൊണ്ട് തൊഴിൽമേഖലയിലെയും അതുപോലെ ഉൽപ്പാദന മേഖലയിലെയും തകർച്ച പരിഹരിക്കാൻ കഴിയണം. കാഷ്യൂ ബോർഡ് രൂപീകരിക്കുമ്പോൾ അതിന്റെ ആസ്ഥാനം കേരളം ആകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. സി. ടി. അഹമ്മദ് അലി: ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. തൊഴിലാളികളും തൊഴിൽ ഉടമകളും തമ്മിൽ നല്ല ഒരു സൗഹൃദം സ്ഥാപിക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ വലിയ നേട്ടമായി കാണുകയാണ്. തൊഴിൽ രംഗത്തിന്റെ ഭാഗമായി വിദേശരാജ്യങ്ങളിൽനിന്നും ഇൻഡ്യയിൽനിന്നും സംരംഭകർ കേരളത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ കേരളത്തിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുവാനും അവസരം ഉണ്ടാക്കിയതിന് ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളികൾക്ക് വിവിധ പെൻഷനുകളും അതുപോലെതന്നെ കുടിശ്ശികയുമെല്ലാം നല്ലൊരുഭാഗം കൊടുത്തുതീർക്കാൻ കഴിഞ്ഞു. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിട്ടുള്ള സർക്കാരിനും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായ സർക്കാരിനും ഈ കാലയളവിനുള്ളിൽ കേരളത്തിലെ തൊഴിൽ രംഗത്തും വ്യവസായ രംഗത്തും വമ്പിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞത് നമ്മുടെ തൊഴിൽ നയത്തിന്റെ പ്രതീകമായിട്ടാണ്. നാൽപ്പത്തഞ്ചുലക്ഷം വരുന്ന തൊഴിലാളികളെ സംബന്ധിച്ച് മുഴുവൻ വിഭാഗക്കാരെയും ക്ഷേമനിധി പദ്ധതികളിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ ഉണ്ടാവണം. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഒട്ടേറെ വിഭാഗങ്ങളെ ഇതിന്റെ പരിധിയിൽപ്പെടുത്തിയെങ്കിലും ഇനി അവശേഷിക്കുന്ന എല്ലാ വിഭാഗങ്ങളെയും ക്ഷേമബോർഡിന്റെ പരിധിയിൽപ്പെടുത്തിക്കൊണ്ട് ക്ഷേമപദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കണം. ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് മാതൃകാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി ഉയർത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഇ.എസ്.ഐ. ഹോസ്പിറ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും തുടക്കംകുറിച്ചു . അതോടൊപ്പംതന്നെ ഇ.എസ്.ഐ. ഹോസ്പിറ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകതാൽപ്പര്യം

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുന്ന തൊഴിൽ വകുപ്പുമന്ത്രി കാസർഗോഡ് ഇ.എസ്.ഐ. ഹോസ്പിറ്റലിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻകൂടി നടപടികൾ സ്വീകരിക്കണം. അതോടൊപ്പം തൊഴിൽ പരിശീലന വകുപ്പിന്റെകീഴിലുള്ള കാസർഗോഡ് ഐ.ടി.ഐ. ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ആയി ഉയർത്തുന്നതിനും അതോടൊപ്പം പത്തുപുതിയ ട്രേഡുകൾക്ക് പുറമേ ആറു ദീർഘകാല കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുകയും അതോടൊപ്പം മുപ്പത് പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്ത ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ആളുകൾക്ക് യഥാസമയം പുതുക്കാൻ കഴിയാതെ age over ആയി ഇന്ന് തൊഴിലിനുവേണ്ടി കാത്തുകിടക്കുകയാണ്. അത് വളരെയേറെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. ഒരു മാനുഷിക പരിഗണന വച്ചുകൊണ്ട് ഒരു അദാലത്ത് വച്ച് നിശ്ചിതതീയതികളിൽ അടിയന്തിരമായി മുഴുവൻ രജിസ്ട്രേഷനും പുതുക്കിക്കൊടുക്കാൻ ആവശ്യമായ നടപടികൾ മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം വിദേശത്ത് ജോലി നൽകിവരുന്ന ODEPC (Overseas Development and Employment Promotion Consultants Ltd.) എന്ന സ്ഥാപനത്തിന്റെ നഷ്ടം തീർക്കാനും ലാഭകരമാക്കിതീർക്കാനുമുള്ള നടപടികൾകൂടി സ്വീകരിക്കണം. ഏതാണ്ട് 177 പേർക്ക് ഈ സ്ഥാപനംവഴി വിദേശത്ത് ജോലി നൽകാൻ കഴിഞ്ഞു. ഇതിന്റെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്താനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. വിദേശത്തേക്ക് കേരളത്തിൽനിന്ന് ഒട്ടേറെപ്പേരെ തിരഞ്ഞെടുത്തയയ്ക്കാൻ അതിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റിന് ഈ കാലഘട്ടത്തിൽ കഴിഞ്ഞു. അവർക്കുവേണ്ടി ഒട്ടേറെ പദ്ധതികൾ പുതിയതായി നടപ്പാക്കാൻ കഴിഞ്ഞു. ഈ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി പുതിയ പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെതന്നെ സംസ്ഥാനത്ത് പ്രത്യേകിച്ച് കാസർഗോഡ് മറാത്തി സമുദായത്തിൽപ്പെട്ടവരുടെ പ്രശ്നം, ആ സമുദായത്തെ കേന്ദ്ര ഗവൺമെന്റിന്റെ പട്ടികവർഗ്ഗ ലിസ്റ്റിൽനിന്നും ഒഴിവാക്കി. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി മറാത്തി സമൂഹത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻവേണ്ട നടപടി സ്വീകരിക്കണം. അവർക്ക് നേരത്തെ ഉണ്ടായിരുന്ന ആനുകൂല്യങ്ങൾ നിലനിർത്താൻ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്ന കാലത്ത് തീരുമാനിച്ചു. അന്നത്തെ ഗവൺമെന്റ് തുടർന്നുകൊണ്ടുവന്നത് യാതൊരു പോറലുമേൽക്കാതെ കാത്തുസൂക്ഷിച്ച ഇന്നത്തെ ഗവൺമെന്റിനെ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അഭിനന്ദിക്കുകയാണ്. വിവിധകേന്ദ്രങ്ങളിൽ ക്യാമ്പ്വച്ചുകൊണ്ട് മുഴുവൻ വികലാംഗർക്കും ഉപകരണങ്ങൾ വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പം വികലാംഗർക്കു നൽകുന്ന പെൻഷൻതുക വർദ്ധിപ്പിക്കുകയും മുഴുവൻ കുടിശ്ശികകളും തീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. വികലാംഗർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. മെഡിക്കൽ ബോർഡുകൾ കൃത്യസമയത്ത് ചേർന്നുകൊണ്ട് മുഴുവൻ അപേക്ഷകർക്കും കാലതാമസംകൂടാതെ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം ഇലക്ട്രിക്കൽ കണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കണം. വികലാംഗർക്കു നൽകിവരുന്ന വായ്പ ജോലിക്കും അതുപോലെ പഠനത്തിനും നൽകി അതിന്റെ പ്രവർത്തനം വിപുലീകരിക്കണം. വികലാംഗ കോർപ്പറേഷൻവഴി നൽകുന്ന വായ്പകൾക്ക് കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഓർഫനേജുകളുടെ ഗ്രാന്റ് തുക വർദ്ധിപ്പിക്കണം. മുഴുവൻ അന്തേവാസികൾക്കും യഥാസമയം ഗ്രാന്റ് നൽകാൻ നടപടി ഉണ്ടാവണം. ഓർഫനേജുകളോടനുബന്ധിച്ച് ഐ.റ്റി.സിയും മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കണം.

ശ്രീ. എ. കെ. മണി: സർ, തൊഴിൽ വകുപ്പുമന്ത്രിയും, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഇന്നലെ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ, ജസ്റ്റിസ് ജോസഫ് കമ്മീഷൻ എന്നീ കമ്മീഷനുകളെപ്പറ്റിയുള്ള ചർച്ചകളിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിലും അതുമായി ബന്ധപ്പെട്ട് പ്രസംഗിച്ച ആൾക്കാരുടെ പ്രസംഗം കേട്ടപ്പോൾ ഞാൻ അതിശയിച്ചുപോയി. അതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണനും അതുപോലെതന്നെ യു.ഡി.എഫ്.-ലെ ശ്രീ. ആർ ബാലകൃഷ്ണപിള്ളയും ഒക്കെ പ്രസംഗിക്കുമ്പോൾ കാതലായ ഭാഗത്ത് പറഞ്ഞിട്ടുള്ളത് ജാതിയുടെ അടിസ്ഥാനത്തിൽ റിസർവേഷൻ ഉണ്ടാവണമെന്നുള്ളതാണ്. അതിൽ പട്ടികജാതി-പട്ടികവർഗ്ഗ ആളുകളെ സംബന്ധിച്ച് പറയുമ്പോൾ അവർക്കു കിട്ടിക്കൊണ്ടിരിക്കുന്ന റിസർവേഷൻ നിലനിർത്തണമെന്നാണ് അവരുടെ പ്രസംഗത്തിലുണ്ടായിരുന്നത്. അവരോട് അതിന്റെ പേരിൽ അഭിനന്ദനങ്ങൾ അറിയിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന റിസർവേഷൻ നിലനിർത്തണമെന്നുള്ളതാണ്. ഇത് ആരും തന്നതല്ല. ഭരണഘടന അനുസരിച്ച് കിട്ടിയ right ആണ്. പക്ഷേ, ആ right establish ചെയ്യാനായി നിലവിൽ നിയമങ്ങൾ ഉണ്ട്. അതല്ല പറയേണ്ടത് സമൂഹത്തിൽ ജനസംഖ്യ വർദ്ധന കൂടിയിട്ടുണ്ട്. വർദ്ധനകൂടിയ സാഹചര്യത്തിൽ എട്ട് പട്ടികജാതി സമൂഹത്തിനും രണ്ടു പട്ടികവർഗ്ഗ സമൂഹത്തിനും ഉള്ള റിസർവേഷന്റെ ശതമാനം കൂട്ടേണ്ടതാണ് എന്ന അഭിപ്രായങ്ങൾ പറയേണ്ടതായിരുന്നു. അങ്ങനെയാണെങ്കിൽ കുറേക്കൂടി അദ്ദേഹത്തിന്റെ പ്രസംഗത്തിന് ഗൗരവം ഉണ്ടാകുമായിരുന്നു. അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിക്കൊണ്ടിരിക്കുന്ന right അത് കളയാൻ ആരുവിചാരിച്ചാലും നടക്കില്ല. ഇത് ഇൻഡ്യൻ ഭരണഘടനയനുസരിച്ചുള്ളതാണ്. ഇൻഡ്യൻ രാഷ്ട്രീയ ശിൽപ്പി ഡോ. അംബേദ്ക്കർ ഭരണഘടന രൂപീകരിക്കുമ്പോൾ ഈ ആർട്ടിക്കിൾകൂടി ഉണ്ടാക്കിയിട്ടുണ്ട്. ഇത് പുതിയ കണ്ടുപിടിത്തമല്ല. ഇനിയെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗ സമൂഹത്തിൽപ്പെട്ട ആളുകളുടെ റിസർവേഷൻ കൂട്ടുവാൻ ഈ സഭയിലെ മുഴുവൻ അംഗങ്ങളും പ്രസംഗിക്കുമ്പോൾ പറയണം എന്നുള്ളതാണ് എന്റെ അഭിപ്രായം. ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റും അതുപോലെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റും അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് വളരെയധികം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഏതാണ്ട് പതിനായിരത്തോളം വരുന്ന എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികൾക്ക് നിയമനം നഷ്ടപ്പെട്ടുകഴിഞ്ഞു. വേണ്ടപ്പെട്ടരൂപത്തിൽ റിവ്യൂ പോലും നടത്തുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ വികസന ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മെമ്പർ എന്ന നിലയിൽ ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവുമെന്ന് തോന്നുന്നു. ഇതിനെപ്പറ്റി പരാമർശിക്കാൻ ബഹുമാനപ്പെട്ട മെമ്പർ തയ്യാറാവുമോ?

ശ്രീ. എ. കെ. മണി: സർ, അങ്ങ് പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. We are joining the same point. അത് കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ളതാണ് ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. ശ്രീ. എ. പി. അനിൽകുമാർ മന്ത്രി ആയതിനുശേഷമുണ്ടായതല്ല. മുൻമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഉണ്ടായിരുന്ന കാലഘട്ടത്തിലുമുണ്ടായിരുന്നു. അന്നും ഞാൻ മെമ്പർ ആയിരുന്നു. അന്നും ഈ കാര്യങ്ങൾ ആവർത്തിക്കാറുണ്ട്. ഇത് കാലാകാലങ്ങളായി നിലനിൽക്കുന്ന സമ്പ്രദായമാണ്. തീർച്ചയായും അങ്ങുപറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. മാറ്റങ്ങൾ ഉണ്ടാവണം റിസർവേഷൻ നഷ്ടപ്പെടാൻ പാടില്ല. റിസർവേഷൻ നഷ്ടപ്പെടുത്തിക്കൊണ്ട് ഈ സമൂഹത്തിന് മുന്നേറ്റമുണ്ടാകുമെന്ന് ഒട്ടും വിശ്വാസമുള്ള ആളല്ല ഞാൻ. ഞാൻ ആ സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുന്ന ആളാണ്. ഇന്നത്തെ ധനാഭ്യർത്ഥനയിൽപ്പെട്ട രണ്ടുമാണ് ഞാൻ-തൊഴിലാളിയും എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ആളുമാണ് ഞാൻ. എനിക്ക് അങ്ങ് പറഞ്ഞ കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. അത് ഉണ്ടാവണം. എല്ലാ കാലഘട്ടത്തിലും ഉണ്ടായതാണ്. അത് മാത്രമാണോ വികസനം എന്നുപറയുന്നത്? അതുമാത്രമല്ല മറ്റുകാര്യങ്ങളിലേക്കും നമ്മൾ കടക്കണ്ടേ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വന്ന മാറ്റങ്ങൾ നമ്മൾ മനസ്സിലാക്കണം. ശ്രീ. എ. പി. അനിൽകുമാർ ചെറുപ്പക്കാരനാണ്. അദ്ദേഹം വന്നതിനുശേഷം കുറഞ്ഞകാലഘട്ടമായാലും ഈ കാലയളവിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ നമുക്കാർക്കും ചിന്തിക്കാൻപോലും

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കില്ല. എഴുപതിനായിരം രൂപയാണ് ആദിവാസികൾക്ക്, വീടില്ലാത്തവർക്ക് വീടുവച്ചുകൊടുക്കാനായി നൽകാൻ തീരുമാനമെടുത്തിട്ടുള്ളത്. ഈ സംസ്ഥാനത്ത് 5000 വീടുകൾ ആണ് വച്ചുകൊടുത്തിട്ടുള്ളത്. വേറൊരു കാലഘട്ടത്തിലുമുണ്ടായിട്ടില്ല ഇത്. ഇതിനുമുൻപുള്ള കാലഘട്ടങ്ങളിലൊക്കെ തലചായ്ക്കാൻ ഒരു കൂടിലുപോലുമില്ലാതെ, ഒരുതുണ്ടു ഭൂമിപോലുമില്ലാതെയിരുന്ന സമൂഹമിന്ന് മാറ്റത്തിലേക്ക് കടന്നിരിക്കുകയാണ്. അന്തിയോളം വിയർപ്പൊഴുക്കി മണ്ണിനുവേണ്ടിയും ഒരു ചാൺ വയറിനുവേണ്ടിയും അദ്ധ്വാനിക്കുന്ന ഈ ജനവിഭാഗം സൂര്യൻ അസ്തമിക്കുമ്പോൾ കടത്തിണ്ണയിൽ . ആണ്. നിങ്ങൾക്കും എനിക്കും മനസ്സിലാകും. മാറ്റം വേണ്ടേ? കാലാകാലങ്ങളിൽ കടത്തിണ്ണകളിലും വഴിയോരങ്ങളിലും കിടക്കണമെന്നാണോ അഭിപ്രായം? മാറ്റം വേണ്ടേ? അതിനുവേണ്ടി ശ്രീ. എ. പി. അനിൽകുമാർ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വീട് ഇല്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ സമൂഹത്തിനുവേണ്ടി അയ്യായിരം പേർക്ക് വീട് കൊടുത്തു. വീടുവയ്ക്കാൻ ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കാൻ പത്തുകോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തു. ഈ അടുത്ത കാലഘട്ടത്തിൽ ഇത്രയും ജനങ്ങൾക്ക് ഭൂമി നൽകാൻവേണ്ടി പത്തുകോടി രൂപ കൊടുത്തിട്ടുള്ള കാര്യങ്ങൾ നമുക്കെല്ലാമറിയാം. അതുമാത്രമല്ല, മാറ്റം വേണ്ടത് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞതുപോലെ എല്ലാ സെക്ടറിലും മാറ്റം ഉണ്ടാകണം. Social justice വേണം, Educational justice വേണം, Economical justice വേണം. ഇതെല്ലാംവേണം. മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അയിത്തംമാറി. നമ്മുടെ കേരളത്തിൽ അയിത്തം കാലങ്ങൾക്കുമുൻപ് ഉണ്ടായിരുന്നു. ഇപ്പോൾ അയിത്തം മാറി. അതുകൊണ്ട് മാത്രം കാര്യമില്ല. മനുഷ്യനെ മനുഷ്യനായി കാണാനുള്ള social justice ഇപ്പോഴും വേണ്ടതാണ്. പലസമൂഹങ്ങൾ അതിനുവേണ്ടി യുദ്ധത്തിലാണ്. യുദ്ധം ചെയ്തുവേണോ social justice നേടാൻ? ഇല്ല. വിദ്യാഭ്യാസരംഗത്ത് ഏറ്റവുംകൂടുതൽ വിദ്യാഭ്യാസം നേടിയിട്ടുള്ള നമ്മുടെ കേരളത്തിൽ ഒരു മനുഷ്യൻ യുദ്ധം ചെയ്തുവേണോ അവർക്ക് social justice നേടാൻ? ഈ അഭിപ്രായം നമ്മുടെ സമൂഹത്തിൽ നിന്നുമാറിയാലേ നമ്മുടെ കേരളം യഥാർത്ഥ സംസ്കാരകേരളം ആയി മാറിയെന്നുപറയാൻ സാധിക്കൂ. ഇതുപോലെ ഒരുപാടുകാര്യങ്ങൾ ഉണ്ട്. ഇവിടെ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഈ സമൂഹത്തിനുവേണ്ടി ചെയ്തു തന്നിട്ടുള്ള കാര്യങ്ങളൊക്കെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. അയ്യായിരം പട്ടികജാതിക്കാർക്ക് എഴുപതിനായിരം രൂപ വിലയുള്ള വീടുകൾ നൽകുന്നതുമാത്രല്ല അത്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ധാരാളം പട്ടികവർഗ്ഗക്കാരായ ജനങ്ങൾ, ഒരുതുണ്ടു ഭൂമിപോലുമില്ലാത്ത നിരവധിപേർ ഈ സംസ്ഥാനത്തുണ്ടായിരുന്നു. അതിന് മാറ്റങ്ങൾ ഒരുപാടുണ്ടായി. 77052 കുടുംബങ്ങൾ ഇപ്പോഴും അഞ്ചുസെന്റ് ഭൂമി പോലുമില്ലാത്തതായിട്ടുള്ള ഈ സമൂഹത്തിനുവേണ്ടി 3208 കുടുംബങ്ങൾക്ക് ഒന്നര മുതൽ അഞ്ചേക്കർവരെ ഉള്ള ഭൂമി ഈ സർക്കാർ കൊടുത്തിട്ടുള്ളതാണ്. അതിനുവേണ്ടി 5173.92 ഏക്കർ വനഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതു മാത്രമല്ല, നമുക്ക് പല തെറ്റുകളും സംഭവിക്കുന്നുണ്ട്. പട്ടികജാതിയിൽപ്പെട്ട ആളുകൾക്ക് ഭൂമി കൊടുക്കുവാൻ വേണ്ടി സർക്കാരിന്റെ വനഭൂമി കണ്ടെത്തി അതിനുവേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും, ചിലപ്പോൾ അനുവാദം കിട്ടാത്ത സാഹചര്യമുണ്ടാകുകയും ചെയ്യുന്നുണ്ട്. അതിനു കാരണമെന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഞാൻ ഇടുക്കി ജില്ലയിൽ നിന്നും വരുന്നയാളാണ്. അവിടെ ധാരാളം വനഭൂമികളും റവന്യു ഭൂമികളും വ്യക്തികളുടെ കൈവശമുണ്ട്. ഒരു കുടുംബത്തിനുതന്നെ ആയിരം ഏക്കറോളം വരുന്ന ഏലത്തോട്ടങ്ങളുണ്ട്. നൂറും ഇരുന്നൂറും ഏക്കർ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നു എന്നുള്ളതിന്റെ പേരിൽ സർക്കാരിനു കൊടുക്കാനുള്ള ടാക്സ് കൊടുക്കാതെ സർക്കാരിനെ കബളിപ്പിക്കുകയാണ്. ഇത്തരം സ്ഥലങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുപോലും നിയമപ്രകാരം അതേറ്റെടുക്കാൻ എൽ.ഡി.എഫ്. സർക്കാർ തയ്യാറായില്ല. ഇപ്പോൾ യു.ഡി.എഫ്. സർക്കാരും തയ്യാറാകുന്നില്ല. അതു വലിയൊരു വീഴ്ചയായിട്ടാണ് ഞാൻ കാണുന്നത്. പിന്നെ എവിടെയാണ് സോഷ്യൽ ജസ്റ്റീസുണ്ടാകുക? ഒരു കുടുംബത്തിനുതന്നെ ആയിരം ഏക്കർ സ്ഥലമൊക്കെയുള്ളപ്പോൾ ഒരു പട്ടികവർഗ്ഗ കുടുംബത്തിനു സ്ഥലം കൊടുക്കാൻ വേണ്ടി കേന്ദ്രത്തിൽ പോയി കാത്തു നിൽക്കണമെന്നുള്ള ഗതികേട് നമുക്കുണ്ടാകുന്നതു മാറ്റണം. ഇത് എല്ലാ ഗവൺമെന്റുകളുടെയും കാലത്തുമുണ്ടാകുന്നതാണ്. അതു മാറ്റിയെടുക്കുവാൻ നമ്മൾ തയ്യാറാകണം. അതു മാറ്റിയെടുക്കാൻ തയ്യാറാകുകയാണെങ്കിൽ, കേരളത്തിൽ ഇരുപത്തിരണ്ടായിരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല എന്നാണ് ഞാൻ മനസ്സിലാക്കിയത്. ഈ സ്ഥലം ഏറ്റെടുക്കുന്നതിൽ പ്രശ്നമുണ്ടാകില്ല. കാരണം ഫോറസ്റ്റിന്റേയും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റേയും സെക്രട്ടറി ഒരാൾ തന്നെയാണ്. അതു ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. എന്റെ മണ്ഡലത്തിൽ ചിന്നക്കനാൽ, മറയൂർ എന്നിവിടങ്ങളിൽ ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ സ്ഥലം കൊടുത്തതാണ്. ആദിവാസികളോടൊപ്പം നിന്നുകൊണ്ട് തലപ്പാവൊക്കെ കെട്ടിയുള്ള ശ്രീ. എ. കെ. ആന്റണിയുടെ നൃത്തം നിങ്ങളൊക്കെ കണ്ടുകാണും. അദ്ദേഹത്തിന്റെ ജീവിതത്തിൽ അന്നത്തെ ദിവസം മറക്കാൻ കഴിയാത്ത ദിവസമായിരിക്കും. അത്രമാത്രം ആഘോഷിക്കപ്പെട്ട് കൊടുത്ത സ്ഥലങ്ങളിൽ ഇപ്പോൾ വിളവെടുക്കാൻപോലും പറ്റാത്ത സാഹചര്യമാണ് പട്ടികവർഗ്ഗക്കാർക്കുള്ളത്. ചിന്നക്കനാൽ പഞ്ചായത്തിൽ സോളാർ ഫെൻസിംഗിനുവേണ്ടി 50 ലക്ഷം രൂപ ബഡ്ജറ്റിൽ മന്ത്രി ശ്രീ. അനിൽകുമാർ വകയിരുത്തിയിട്ടുള്ളത് നല്ല കാര്യമാണ്. രണ്ടര വർഷമായി ഇവർക്ക് സ്ഥലം കൊടുത്തിട്ട്. പൈൻ മരങ്ങൾ നിറഞ്ഞു നിൽക്കുന്ന സ്ഥലമാണ് അവർക്ക് വിതരണം ചെയ്തുകൊടുത്തത്. അവിടെ ഒരു കൃഷിയും ഇതുവരെ ചെയ്യാൻ സാധിച്ചിട്ടില്ല. ഞാനും ശ്രീ. എ. കെ. ബാലനുമൊക്കെ അവിടെ പോയി ആ സ്ഥലങ്ങൾ സന്ദർശിച്ചതാണ്. പട്ടികവർഗ്ഗക്കാരായ ആളുകൾക്ക് കാട്ടാനയെ പേടിച്ച് അവിടെ താമസിക്കാൻ

12 NOON]

LIBRARY ARCHIVES Kerala Legislative Assembly

തന്നെ പേടിയാണെന്നാണ് ഞങ്ങളോടു പറഞ്ഞത്. ഒരു കുടുംബക്കാർ അവിടെ താമസിക്കാതെ വേറെ സ്ഥലത്തു പോയാണ് താമസിക്കുന്നത്. എങ്ങനെയാണ് പട്ടികവർഗ്ഗക്കാർക്ക് സ്ഥലം കൊടുത്തു എന്നുള്ളതിന്റെ പേരിൽ സന്തോഷിക്കുക? അഭിമാനം കൊള്ളുക? നമ്മുടെ ആശയം തന്നെ അവിടെ നഷ്ടപ്പെടുകയല്ലേ? അവർക്ക് രണ്ടര ഏക്കർ സ്ഥലം കൊടുത്തതുകൊണ്ടു മാത്രം നമ്മുടെ കടമ പൂർത്തിയാകുമോ? വിളവെടുക്കണ്ടേ? പട്ടിണിയിലാണ് ആ സമൂഹം. നമ്മുടെ സർക്കാർ അവർക്ക് അരിയും പയറും എണ്ണയും കൊടുത്തുകൊണ്ടിരിക്കുകയാണ്. അവിടെയുള്ള മരം മുറിച്ചു മാറ്റുകയാണെങ്കിൽ അവർക്ക് അവിടെ വിളവെടുക്കാൻ കഴിയും. അപ്പോൾ ഗവൺമെന്റിന് സൗജന്യമായി അരി കൊടുക്കേണ്ട ആവശ്യം വരുന്നുണ്ടോ? സർക്കാരിനു കാശ് നഷ്ടപ്പെടുത്തേണ്ടതുണ്ടോ? എന്നെന്നും സൗജന്യ റേഷൻ വാങ്ങുന്ന ഒരു ജനസമൂഹമായി അവരെ നമ്മൾ കാണേണ്ടതുണ്ടോ? പട്ടികജാതി/പട്ടികവർഗ്ഗമെന്നു പറയുന്നത് സൗജന്യത്തിനുവേണ്ടി കാത്തിരിക്കുന്ന ഒരു സമൂഹമായിട്ടു മാറ്റണമോ? അതു പാടില്ലെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അദ്ധ്വാനിക്കുന്ന ഒരു സമൂഹമായി വളരാൻ അവരെ അനുവദിക്കണം. അതാണ് ആവശ്യം. അല്ലാതെ ഒരു സമൂഹത്തെ മാത്രം മടിയന്മാരാക്കി മാറ്റുന്നത് ശരിയല്ല. അരിയും പയറും എണ്ണയുമെല്ലാം സൗജന്യമെന്നു പറഞ്ഞ് തള്ളിപ്പറയുക. ആ ചിന്ത മാറ്റണം. ആ നയം തന്നെ മാറ്റണം. അതു തെറ്റാണ്. അവർക്കു ഭൂമി വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അവിടെ വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ മാറ്റി കൊടുക്കണം. അവർക്കുവേണ്ടിയുള്ള ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനത്തിൽ എനിക്കു കാണാൻ സാധിച്ചിട്ടുണ്ട്. ഇവിടെ pre-examination സെന്ററുണ്ട്. ശ്രീ. എ. കെ. ബാലന്റെ മണ്ഡലത്തിലുണ്ട്. കുഴൽമന്ദത്തുണ്ട്. വയനാടുകഴിഞ്ഞാൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ താമസിക്കുന്ന മണ്ഡലമാണ് എന്റെ നിയോജകമണ്ഡലമായ ദേവികുളം. എല്ലാ സീറ്റും മാറിയാലും എന്റെ സീറ്റു മാറില്ല. അത്രയ്ക്ക് ജനസംഖ്യയുള്ള ഒരു മണ്ഡലമാണ്. അവിടെ ഒരു pre-examination സെന്റർ കൊടുക്കണ്ടേ? കേരളത്തിൽ നിന്നും ഐ.പി.എസ്. സെലക്ഷൻ ലഭിച്ച ഒരു പയ്യൻ, സേതുറാം. എന്റെ സമുഹത്തിൽപ്പെട്ട പയ്യനാണ്. ദേവികുളത്തുള്ള പയ്യനാണ്. അതുപോലെ അമേരിക്കൻ സ്കോളർഷിപ്പ് വാങ്ങിയതും എന്റെ സമൂഹത്തിൽപ്പെട്ട പയ്യനാണ്. എനിക്ക് വളരെ അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഇത്തരം വിദ്യാർത്ഥികളുള്ള ദേവികുളം മണ്ഡലത്തിൽ pre-examination centre വേണ്ടേ? അതുണ്ടാകണം. ആദിവാസികളായ പട്ടികവർഗ്ഗക്കാരായ ആളുകളുടെ വികസനത്തിനുവേണ്ടി വർക്കിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പക്ഷേ അതിനകത്ത് ജനപ്രതിനിധികൾ ഇല്ല. ഉദ്യോഗസ്ഥന്മാർ വേണ്ടെന്നുള്ള അഭിപ്രായം എനിക്കില്ല. അവർ വേണം. സെക്രട്ടറിയുണ്ടാകണം, ഡയറക്ടർ ഉണ്ടാകണം. എല്ലാവരും ഉണ്ടാകണം. പക്ഷേ അവരുടെ അഭിപ്രായങ്ങൾ പറയാൻ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകണ്ടേ? സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി എന്തെങ്കിലും പറയണമെങ്കിൽ .....(മൈക്ക് ഓഫ് ചെയ്തു.)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. ഭൂമിയില്ലാത്ത, വീടില്ലാത്ത, തൊഴിലില്ലാത്ത, ജീവിക്കാനുള്ള പശ്ചാത്തല സൗകര്യമില്ലാത്ത, വിദ്യാഭ്യാസംലഭിക്കാത്ത, ഭക്ഷണം കിട്ടാത്ത, ചികിത്സാസൗകര്യങ്ങൾ ഇല്ലാത്ത, ക്ഷയം, കുഷ്ഠം, വിവിധ തരത്തിലുള്ള വൃണങ്ങൾ, മരണത്തിന്റെ വായിൽ പകച്ചു നിൽക്കുന്ന ഒരു ജനവിഭാഗം, ദൈന്യത ഇതെല്ലാം ഏതു ജനവിഭാഗത്തിന്റെ മുഖത്താണ് നമുക്കു കാണാൻ സാധിക്കുക? പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ മുഖത്തല്ലാതെ മറ്റെവിടെയാണ് കാണാൻ നമുക്കു സാധിക്കുന്നത്? ഈ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള ഡിമാന്റ്സാണ് ഇന്നു ചർച്ച ചെയ്യുന്നത്. പട്ടികജാതിക്കാർക്കെല്ലാം ഇങ്ങനെ മതിയെന്നുള്ള ധാരണ വച്ചുകൊണ്ട് ഡിമാന്റ്സ് ചർച്ചയും ഇങ്ങനെ മതി എന്നു ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അതിനോട് ശക്തമായ വിയോജിപ്പ് ആദ്യം തന്നെ ഞാൻ രേഖപ്പെടുത്തുകയാണ്. ഇവരുടെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി സമയം തന്നെ പകുതിയായി ചുരുക്കിയിരിക്കുന്നു എന്നത് പ്രതിഷേധാർഹമായ ഒരു കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ നയരേഖ പ്രസിദ്ധീകരിച്ചു. നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി കോടിക്കണക്കിനു രൂപയാണ് ചെലവാക്കിയിട്ടുള്ളത്. ഇടതുമുന്നണി കേരളത്തിൽ ഭരണം നടത്തിക്കൊണ്ടിരിക്കുമ്പോൾ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കോടിക്കണക്കിനു രൂപ ഗ്രാമപഞ്ചായത്തുകൾക്കും ബ്ളോക്കു പഞ്ചായത്തുകൾക്കും ജില്ലാപഞ്ചായത്തുകൾക്കും എല്ലാം കൊടുക്കാനും നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ശ്രമിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഡോ. എം. എ. കുട്ടപ്പൻ മന്ത്രിയായതോടുകൂടി ഒരു കാര്യം തീരുമാനിച്ചു. ഇനി ഇമ്മാതിരി പണി വേണ്ട, എല്ലാ കാര്യങ്ങളും ഡിപ്പാർട്ടുമെന്റ് തന്നെ നേരിട്ടു നിർവ്വഹിക്കാം. വീടുണ്ടാക്കുന്നതുൾപ്പെടെയുള്ള എല്ലാ വികസന പ്രവർത്തനങ്ങളും ഞങ്ങൾ തന്നെ നിർവ്വഹിക്കാമെന്ന രൂപത്തിലാണ് ആലോചിച്ചത്. അതിനെ അടിസ്ഥാനപ്പെടുത്തി ഉണ്ടായ അഴിമതിയുടെ കഥയൊന്നും ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. ട്രഷറിയിൽ പണമടയ്ക്കാതെ ബാങ്കുകളിൽ കൊണ്ടുപോയി പണം അടച്ചതിന്റെ ഫലമായുണ്ടായ പ്രശ്നങ്ങൾ ഉൾപ്പെടെ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ഞാൻ ഒരൊറ്റ കാര്യം മാത്രം ചൂണ്ടിക്കാണിക്കാം. 152 ബ്ളോക്കുകൾ കേരളത്തിലുണ്ട്. അതിൽ ദേവികുളം ബ്ളോക്കിൽ വികസന ഓഫീസർ നടത്തിയിട്ടുള്ള അഴിമതിയെ സംബന്ധിച്ച്, വകുപ്പ് ഉദ്യോഗസ്ഥന്മാരായ ഒൻപതു പേർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി. ആദ്യത്തെ അന്വേഷണവും രണ്ടാമത്തെ അന്വേഷണവും പൂർത്തിയാക്കി റിപ്പോർട്ട് ഇവിടെ കിട്ടിയിരിക്കുകയാണ്. ആ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ കയ്യിൽ ആ റിപ്പോർട്ട് ഉണ്ടാകുമെന്ന് ഞാൻ വിചാരിക്കുകയാണ്. അവിടെ ഏഴു പഞ്ചായത്തുകളാണുള്ളത്. ഒരു പഞ്ചായത്തിനെപ്പറ്റി അന്വേഷിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. ബാക്കിയുള്ള ആറു പഞ്ചായത്തുകളെപ്പറ്റിയും അവർ അന്വേഷിച്ചു. മൂന്നാർ, മറയൂർ, കാന്തല്ലൂർ, വട്ടവട, ശാന്തൻപാറ, ചിന്നക്കനാൽ ഇത്രയും പഞ്ചായത്തുകളിലാണ് അന്വേഷണം നടത്തിയത്. 2002-2003-ൽ ഭവനനിർമ്മാണ ധനസഹായത്തിന്റെ ഭാഗമായി 118 പേർക്ക് 35,000 രൂപ വീതവും 243 പേർക്ക് 70,000 രൂപ വീതവും കൊടുത്തു. ആകെ 2,11,00,000 രൂപ വിതരണം ചെയ്തു. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച ഒൻപത് ഉദ്യോഗസ്ഥന്മാർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നേതൃത്വത്തിൽ ഇക്കാര്യങ്ങളെല്ലാം പരിശോധിക്കാൻ വേണ്ടി തീരുമാനിച്ചു. പരിശോധന നടത്തിയപ്പോൾ നാലു രീതിയിലുള്ള തട്ടിപ്പുകൾ കണ്ടുപിടിച്ചു. വ്യാജരേഖകൾ ചമച്ചു തട്ടിപ്പു നടത്തിയിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അങ്ങനെ മറയൂർ എന്ന സ്ഥലത്ത് കോച്ചാരംകരയിൽ എന്റെ സ്ഥലത്തുമാത്രം മൂന്നു സെന്റിൽ കുറയാത്ത വസ്തുക്കളുണ്ടെന്ന് രേഖപ്പെടുത്തി 34,000 രൂപയുടെ വ്യാജ പണം തട്ടിയെടുത്തു. വില്ലേജ് ഓഫീസറുടെ സീലുപോലും മാറ്റിയാണ് ഇതൊക്കെ നടത്തിയിട്ടുള്ളത്. വിവിധ പ്രദേശങ്ങളിൽ നിന്നായി 40 ലക്ഷം രൂപയാണ് ഇതിന്റെ ഭാഗമായിട്ട് തട്ടിയെടുത്തത്. ഔദ്യോഗികമായി കണ്ടെത്തിയിട്ടുള്ളതാണ്. വികസന ആഫീസർ ക്രിസ്റ്റർരാജ് എന്നുപറയുന്ന മനുഷ്യനാണ്. ബഹുമാനപ്പെട്ട ഡോ. എം. എ. കുട്ടപ്പന്റെ കാലത്താണ് ഇത്തരം പ്രവർത്തനങ്ങൾ മുഴുവൻ നടത്തിയത്. ഇത് ഒരു ബ്ളോക്കിലെ ഒരൊറ്റ അനുഭവം മാത്രമേ ചൂണ്ടിക്കാണിച്ചിട്ടുള്ളൂ. ഞങ്ങൾ ആരും പറഞ്ഞതല്ല. ഉദ്യോഗസ്ഥൻമാർ അന്വേഷിച്ചപ്പോൾ കണ്ടുകിട്ടിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. 152 ബ്ളോക്കിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തിയാൽ കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പാണ് നടത്തിയിട്ടുള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും. 40 ലക്ഷം രൂപയുടെ കണക്കാണ് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പ് ഇനത്തിൽ നൽകുന്ന 13 കോടി രൂപ ലാപ്സാക്കി. 2001-2002-ൽ 9.38 കോടി രൂപ ചെലവാക്കിയില്ല. 2002-2003-ൽ മൂന്നുകോടി രൂപയിൽ ഒന്നും ചെലവാക്കിയില്ല. 2003-2004-ൽ 6.7 കോടി രൂപയായിരുന്നു കണക്ക്. ആ കണക്കിന്റെ അടിസ്ഥാനത്തിൽ എത്ര ചെലവാക്കിയെന്ന് പറഞ്ഞിട്ടില്ല. അതുപോലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് സ്കോളർഷിപ്പ് കൊടുക്കാൻ വേണ്ടി 92 ലക്ഷം രൂപ അനുവദിച്ചപ്പോൾ 73 ലക്ഷം രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളൂ. കഴിഞ്ഞ മൂന്നുവർഷവും അതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് ഒരു പൈസപോലും തരാതിരിക്കുന്ന നിലയാണ് ഉണ്ടായിരിക്കുന്നത്. പിന്നോക്കം നിൽക്കുന്ന ജനങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവാക്കിയിട്ടുണ്ട്. അങ്ങനെ കോടിക്കണക്കിന് രൂപ ചെലവാക്കിയിട്ടും ഇവർ മുന്നോട്ട് വന്നിട്ടില്ല. ഇപ്പോഴും സംവരണത്തെക്കുറിച്ചാണ് നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗത്തിന് ഇന്ന് തുടർന്നുകൊണ്ടിരിക്കുന്ന സംവരണം അതേപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

തുടരണം. അതിൽ ഒരു മാറ്റവും വരാതെ തുടരണമെന്ന കാര്യത്തിൽ തർക്കമില്ല. എസ്.സി. വിഭാഗത്തിന് എട്ട് ശതമാനവും എസ്.ടി. വിഭാഗത്തിന് രണ്ട് ശതമാനവുമാണ് പി.എസ്.സി.-യിൽ റിസർവേഷൻ ലഭിക്കുന്നുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് വളരെ ഫലപ്രദമായ ഒരു പരിശോധനയും നടക്കുന്നില്ല. അത് റിവ്യൂ നടത്താൻ തന്നെ തയ്യാറാകുന്നില്ല. കേരളത്തിൽ അഞ്ചേകാൽ ലക്ഷം ജീവനക്കാരുണ്ടായിരുന്നു. അതിൽ 75,000 പേർ ഇപ്പോൾ പിരിഞ്ഞുപോയി. ആ 75,000 പോസ്റ്റ് ഇപ്പോൾ അനുവദിക്കുന്നില്ല. 50 ശതമാനം സംവരണം ലഭിച്ചിരുന്നുവെങ്കിൽ അവിടെ ധാരാളം പിന്നോക്കക്കാർക്കും പട്ടികജാതിക്കാർക്കും ജോലി ലഭിക്കുമായിരുന്നു. അവർക്ക് ജോലി ലഭിക്കുന്നില്ലെന്നുള്ളതാണ് ഇതിന്റെ ഭാഗമായിട്ടുണ്ടായത്. പൊതുമേഖലയിലായാലും ബോർഡുകളിലായാലും കോർപ്പറേഷനുകളിലായാലും ഉദ്യോഗതലങ്ങളിൽ സംവരണം ഒന്നുംതന്നെ പാലിച്ചിട്ടില്ല. ഒരു ഉദാഹരണം ഞാൻ പറയാം. 1961 ജൂലൈ മാസം ആരംഭിച്ചിട്ടുള്ളതാണ്, 44 വർഷം പിന്നിട്ട കെ.എസ്.ഐ.ഡി.സി. വ്യവസായ വികസന കോർപ്പറേഷൻ. അവിടെ 45 ഓഫീസർമാർ ഉണ്ട്. ആ 45 ഓഫീസർമാരിൽ ഒറ്റ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളും ഇല്ല. ഇതേവരെയില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട രണ്ടേ രണ്ട് ആളുകൾ ഉണ്ട്. അതിൽ ഒരാൾ മെറിറ്റ് അടിസ്ഥാനത്തിൽ വന്നതാണ്. റിസർവേഷൻ അടിസ്ഥാനത്തിൽ വന്നതല്ല. ഇന്നേവരെ പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാളേയും നിശ്ചയിക്കാത്ത എസ്.സി. വിഭാഗത്തിൽപ്പെട്ട രണ്ട് ആളുകളെ മാത്രം നിശ്ചയിച്ച ഒരു സ്ഥിതിയാണുണ്ടായിട്ടുള്ളത്. ആ സ്ഥിതി മാറ്റാൻ ശ്രദ്ധിക്കണം. പി.എസ്.സി. മുഖേന അവിടത്തെ നിയമനം നടത്താൻ സാധിക്കണം. അത് ഇപ്പോഴും മുസ്ലീം ലീഗ് കൈകാര്യം ചെയ്യുന്ന ഒരു വകുപ്പാണ്. അവിടെ പിൻവാതിൽ നിയമനം നടത്തിക്കൊണ്ടിരിക്കുമ്പോൾ ഒരേയൊരു മുസ്ലീം മാത്രമാണ് ഈ 45 പേരുടെ കൂട്ടത്തിലുള്ളത്. അയാൾ വിദേശത്താണുള്ളത്. അതുകൊണ്ട് അവിടത്തെ നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിക്കണം. പ്രൈവറ്റ് മേഖലയിൽത്തന്നെ സംവരണാനുകൂല്യം കൊടുക്കുന്നതിനുവേണ്ടി, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഭരണഘടനാ ഭേദഗതിയുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗൗരവപൂർവ്വം ചർച്ച ചെയ്യേണ്ടതുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കണം. ഭൂമിവിതരണത്തെ സംബന്ധിച്ച് എം.എൽ.എ.-മാർ വിശദീകരിക്കുകയുണ്ടായി. നാലുവർഷമായിട്ടും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരുകാര്യവും നിർവഹിച്ചിട്ടില്ല. ആറളം ഫാമിലെ ഭൂമിവിതരണം നടത്തിയിട്ടില്ല. ആലക്കോട് ഫാമിലെ ഭൂമി വിതരണം നടത്തിയിട്ടില്ല. ഒരുപാട് ഭൂമിവിതരണം നടത്തുമെന്ന് പറയുന്നതല്ലാതെ ഒരു ഭൂമിയും വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. മിച്ചഭൂമി തട്ടിപ്പ് നടത്തിയവർക്ക് കൈവശാവകാശം കിട്ടാൻ തന്നെയാണ് ഇവിടെ പാസ്സാക്കിയ നിയമംകൊണ്ട് സാധിച്ചിട്ടുള്ളത്. പാവപ്പെട്ട ആദിവാസികൾക്ക് കിട്ടേണ്ടുന്ന ഭൂമിയിലാണ് തട്ടിപ്പ് നടത്തിയിട്ടുള്ളതെന്ന് കാണാൻ കഴിയും. ഇതിന് കുഴപ്പമുണ്ടാക്കുന്നത് മാർക്സിസ്റ്റുകാരല്ല. നിങ്ങൾ ഭൂമി വിതരണം ചെയ്യണമെന്നാണ് നമുക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് അടിയന്തിരമായും മിച്ചഭൂമി, അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവർക്ക് കിട്ടേണ്ടുന്ന ഭൂമി, ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ആറളം ഫാമിലെ ഭൂമി, ആലക്കോട് ഫാമിലെ ഭൂമി എന്നിവ അവർക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണം. യൂദാസ് എന്നാണ് ഒരു മന്ത്രിയെ ഭരണകക്ഷിയിലെ എം.എൽ.എ. വിളിച്ചത്. അതിന് ഞാൻ മറുപടി പറയുന്നില്ല. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ മന്ത്രിയായിരുന്നപ്പോൾ തുടങ്ങിയ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് മോഡൽ റെസിഡൻഷ്യൽ സ്കൂൾ (എം.ആർ.എസ്.). വൈക്കം മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്ലസ് ടു ആകുകയാണ്. 15 ഏക്കർ സ്ഥലം അവിടെയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അവിടെ പ്ലസ് ടു കഴിഞ്ഞതിനുശേഷമുള്ള കോളേജ് ആരംഭിക്കണം. ഒരു മോഡൽ റെസിഡൻഷ്യൽ കോളേജ് ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. പശ്ചാത്തല സൗകര്യമുണ്ടാക്കാൻ സാധിക്കും. അതുകൊണ്ട് അതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യമാണ് നമ്മൾ സ്ഥിരം പറഞ്ഞുകൊണ്ടിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗത്തിനുവേണ്ടി നമ്മൾ എല്ലാം ചെയ്യുന്നവർ, നമ്മൾ കുറെ ആളുകൾ ഇതെല്ലാം നടപ്പിലാക്കുന്നവർ. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം രക്ഷപ്പെടാത്തത് അതുകൊണ്ടാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, അവർക്കുതന്നെ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന രൂപത്തിൽ അവരെ ഉയർത്തണം. മാനസികമായി, അതുപോലെ സാമ്പത്തികമായി സാമൂഹികമായി അവർക്കുതന്നെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നവരായി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരെ ഉയർത്തിക്കൊണ്ടു വരുന്നതിനുവേണ്ടി, പുതിയ തലമുറയെ വളർത്തിയെടുക്കുന്നതിനുവേണ്ടി അവർക്കുവേണ്ടി നമ്മൾ കാര്യങ്ങൾ ചെയ്യുകയല്ല അവർ അവർക്കുവേണ്ടിത്തന്നെ കാര്യങ്ങൾ ചെയ്യുന്ന തരത്തിൽ അവരെ ഉയർത്തിക്കൊണ്ട് വരുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനമാണ് നടത്തേണ്ടത്. അത് നടത്തുന്നതിനുവേണ്ടി തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പാവപ്പെട്ട ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ട് വരുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങളൊന്നും ഈ നയരേഖയുടെ ഭാഗമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. കയ്യൂർ മോഡൽ ഐ.ടി.ഐ.-ക്ക് കഴിഞ്ഞ വർഷം 5 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളതാണ്. ഒരു കാര്യവും ചെയ്തിട്ടില്ല. കുറുമാത്തൂർ ഐ.ടി.ഐ.-ക്ക് ടോക്കൺ എമൗണ്ട് വച്ചിട്ടുണ്ട്. ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് കുറുമാത്തൂർ ഐ.ടി.ഐ. ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. കയ്യൂർ മോഡൽ ഐ.ടി.ഐ. ഉണ്ടാക്കാനാവശ്യമായ നടപടിയുണ്ടാകണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)* : സർ, സോഷ്യൽ വെൽഫയറിനെ സംബന്ധിച്ച് കാര്യമായ വിമർശനങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടായില്ല. അതുകൊണ്ട് ദീർഘമായി ഞാൻ സംസാരിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നതിനുശേഷം സാമൂഹ്യക്ഷേമരംഗത്ത് വളരെയേറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. പ്രധാനപ്പെട്ട ഒരു മാറ്റം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച് 179 ദിവസം പൂർത്തിയാക്കിയ 536 വികലാംഗരെ അടുത്ത മാസം സ്ഥിരപ്പെടുത്തുന്നതാണ്. സർക്കാർ സർവ്വീസിൽ വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള മൂന്ന് ശതമാനം തസ്തികകളിൽ 1079 പേർക്ക് ഇതിനകം ജില്ലാ കളക്ടർമാർ മുഖേന നിയമനം നടത്തിയിട്ടുണ്ട്. വളരെക്കാലമായി ഈ സംവരണ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയായിരുന്നു. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട മറ്റൊരു സംഗതി വികലാംഗരായിട്ടുള്ള അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 100 രൂപയിൽ നിന്ന് 125 രൂപയാക്കുകയും പുതുതായി 224 അനാഥാലയങ്ങളിലെ അന്തേവാസികൾക്കുകൂടി സഹായം നൽകാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. അതോടൊപ്പംതന്നെ എല്ലാ എം.എൽ.എ.-മാരും പ്രത്യേകം ശ്രദ്ധിക്കുന്ന അംഗൻവാടികളുടെ കാര്യത്തിൽ.....

ശ്രീ. എം. വി. ജയരാജൻ: വികലാംഗ നിയമനം സ്ഥിരപ്പെടുത്താനുള്ള ഉത്തരവ് വരുന്നതിന്റെ ഫലമായി ഇപ്പോൾ ചില ഏജന്റുമാർ ആ ലിസ്റ്റിൽ നോക്കിയിട്ട് ആളുകളുടെ അടുത്ത് കാശിനായി സമീപിക്കുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഉത്തരവ് എന്റെ കൈവശമുണ്ട്. വേണമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്ക് തരാം. ഇന്നലെ ഉത്തരവ് പുറപ്പെടുവിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ: സുനാമി പ്രദേശത്തെ അംഗൻവാടികളൊക്കെ തകർന്നുപോയി. അതൊക്കെ പുനഃസൃഷ്ടിക്കാനുള്ള നടപടി എടുക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: അതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ആലപ്പുഴ സോഷ്യൽ വെൽഫയർ ഓഫീസറെ പ്രത്യേകം കാണാൻ പറഞ്ഞിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ നഷ്ടപ്പെട്ടുപോയിട്ടുള്ള എല്ലാ അംഗൻവാടികളും പുനർജ്ജീവിപ്പിക്കാനും പുനരുദ്ധരിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം 12,741 അംഗൻവാടികൾക്കേ സ്ഥിരം കെട്ടിടങ്ങളുള്ളൂ. 1472 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള ഭരണാനുമതിയും ആദ്യഗഡുവായി 73.6 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: ഒരു കപ്പ് പാലും ഷെയ്ക്ഹാന്റും പദ്ധതി പണ്ട് പ്രഖ്യാപിച്ചു. ഇപ്പോൾ കപ്പും ഇല്ല, പാലും ഇല്ല, ഷെയ്ക്ഹാന്റും ഇല്ല. അഞ്ചു കോടി രൂപ മിൽമയ്ക്ക് കൊടുക്കാൻ ബാക്കിയുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: എം.ജി.പി.-യുടെ ഭാഗമായി 1102 അംഗൻവാടികൾ ഏറ്റെടുക്കും. അതിൽ മൂന്ന് ലക്ഷം രൂപവരെയുള്ളവ ഇന്റർനാഷണൽ നിലവാരത്തിലുള്ള അംഗൻവാടികളായിട്ടാണ് നിലനിൽക്കുന്നത്. സെപ്റ്റംബർ മാസം മുതൽ അതിന്റെ പണം നൽകുന്നതാണ്. അതോടൊപ്പംതന്നെ ഒരു കപ്പ് പാലും ഷെയ്ക്ഹാന്റും പദ്ധതിക്ക് പകരമായി ഒരു പോഷകാഹാര

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ ട്രയൽ വാമനപുരം, അങ്കമാലി, ബാലുശ്ശേരി എന്നീ ബ്ലോക്കുകളിൽ നടന്നു. അത് വൻവിജയമാണെന്ന് തെളിയിച്ചു. സംസ്ഥാനത്തുടനീളം ഈ പദ്ധതി പ്രാവർത്തികമാക്കും. Take Home Ration Strategy എന്നാണ് അതിന്റെ പേര്. ഇത് സംസ്ഥാനത്തുള്ള എല്ലാ അംഗൻവാടികൾ മുഖേനയും നടപ്പിലാക്കുന്നതാണ്. അതോടൊപ്പംതന്നെ നിരവധി കാര്യങ്ങൾ വിശദീകരിക്കാനുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: സർ, ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ച പോരായ്മകളും നിർദ്ദേശങ്ങളുമെല്ലാം അർഹിക്കുന്ന ഗൗരവത്തോടുകൂടി കണ്ടുകൊണ്ട് നടപടികൾ എടുക്കുമെന്ന് ഞാൻ ആദ്യമായി അറിയിച്ചുകൊള്ളട്ടെ. പ്രധാനമായും തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ ലേബർ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും മാത്രമായി എടുക്കുന്ന നടപടികളിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും എന്ന വിശ്വാസം ആർക്കും ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. എങ്കിലും ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ് കൂടി കൈകാര്യം ചെയ്യുന്ന വകുപ്പ് എന്ന നിലയിൽ നമ്മുടെ സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മയുടെ പ്രത്യേകതകൾ കണ്ടുകൊണ്ട് അഭ്യസ്തവിദ്യരായ തൊഴിലാളികൾക്ക് ചെയ്യാൻ കഴിയുന്ന തൊഴിലുകൾ നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ഉണ്ടാകില്ല എന്നതാണ് സ്ഥിതി. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും ലോകത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിലവസരങ്ങൾകൂടി കണ്ടുകൊണ്ട് ഇതിന് ആവശ്യമായ സ്കിൽഡ് ഡെവലപ്മെന്റ് നടത്താൻ നമുക്ക് കഴിഞ്ഞാൽ നമ്മുടെ തൊഴിലില്ലായ്മയ്ക്ക് ഒരു വലിയ അളവോളം പരിഹാരം കാണാൻ കഴിയും എന്നാണ് ഗവൺമെന്റ് കാണുന്നത്. ആധുനിക കാലഘട്ടത്തിൽ ആവശ്യമായിട്ടുള്ള ഹ്യൂമൻ റിസോഴ്സസ് കൊടുക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞാൽ ലോകത്ത് എമ്പാടുമുള്ള സാദ്ധ്യതകൾ നമുക്ക് ചൂഷണം ചെയ്യാൻ കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്തെ ഈ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞദിവസം ഇവിടെ പറഞ്ഞത് ഇതു തന്നെയാണ്. കാലഘട്ടത്തിന് ആവശ്യമായ ഹ്യൂമൻ റിസോഴ്സസ് ഡെവലപ് ചെയ്യാനുള്ള ലക്ഷ്യം വച്ചുകൊണ്ട് കാലഹരണപ്പെട്ട കോഴ്സുകളെല്ലാം നിർത്തലാക്കി പുതിയ കോഴ്സുകൾ തുടങ്ങിക്കൊണ്ട് നമ്മുടെ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം. പ്രത്യേകിച്ച് സാധാരണക്കാരായ കുടുംബത്തിൽനിന്നും വരുന്ന ഉന്നത വിദ്യാഭ്യാസത്തിന് പോകാൻ കഴിഞ്ഞ വലിയ ഒരു നമ്പറാണ് ഐ.ടി.ഐ., ഐ.ടി.സി., വൊക്കേഷണൽ ട്രെയിനിംഗുകളിലേക്ക് വരുന്നത്. അവർക്ക് ആവശ്യമായ പുതിയയിനം കോഴ്സുകൾ ആരംഭിക്കാനും പുതിയ തൊഴിൽ അവസരങ്ങൾ പഠിക്കാനുമുള്ള അവസരങ്ങൾ ഒരുക്കിക്കൊണ്ട് ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ് പുനഃസംഘടിപ്പിക്കാനും അതിന്റെ പ്രർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും ഗവൺമെന്റിന് കഴിയും. പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചു

LIBRARY ARCHIVES Kerala Legislative Assembly

പൂട്ടുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. തീർച്ചയായും പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നത് തൊഴിൽ പ്രശ്നങ്ങൾ കൊണ്ടുമാത്രമല്ല, പല കാരണങ്ങളുണ്ട്. കാലഹരണപ്പെട്ട വ്യവസായങ്ങളുണ്ട്. പിന്നെ അതിന്റെ ആധുനികവൽക്കരണം, അതിന്റെ മാനേജുമെന്റ്, അങ്ങനെയുള്ള പല കാരണങ്ങൾകൊണ്ടാണ് പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചു പൂട്ടപ്പെടുന്നത്. അപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ റീസ്ട്രക്ചർ ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് നിലപാട് എടുത്തിട്ടുണ്ട്. ഒരു പൊതുമേഖലാസ്ഥാപനംപോലും പൂട്ടാൻ അനുവദിക്കില്ല എന്ന നിലപാടാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം മുൻകൈ എടുത്ത് പ്രവർത്തിച്ചതിന്റെ ഫലമായി ഒരു പൊതുമേഖലാ സ്ഥാപനവും പൂട്ടാനുള്ള അവസരം ഉണ്ടായിട്ടില്ല. അതാണ് ഈ കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

ശ്രീ. ടി. കെ. ദേവകുമാർ: ബഹുമാനപ്പെട്ട മന്ത്രിയെ യൂദാസ് എന്ന് വിളിച്ച് ഒരു പരാമർശം വന്നു. യൂദാസ് മന്ത്രിയായാൽ ശരിയാകുമോ? യൂദാസിന്റെ റോൾ എന്താണെന്ന് അറിയാമല്ലോ? അതുകൊണ്ട് അതിനെക്കുറിച്ച് അങ്ങ് മറുപടി തരണം.

ശ്രീ. ബാബു ദിവാകരൻ: നമ്മുടെ കുടുംബത്തിലെ അനിയൻമാരും സഹോദരൻമാരും ഒക്കെ രോഷംകൊണ്ട് വല്ലതും പറഞ്ഞതായിരിക്കും. നമ്മൾ അതിനെ അത്ര സീരിയസ്സായിട്ട് എടുക്കണ്ട. ഇപ്പോൾ തൊഴിൽ മേഖലയിൽ നമ്മുടെ കേരളത്തിൽ കണ്ടുവരുന്ന വലിയ ഒരു പ്രോബ്ലം ഉണ്ട്. Emigrant labour, അന്യ സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് വന്നിരിക്കുന്ന അനേകലക്ഷം തൊഴിലാളികളെ ചൂഷണത്തിന് വിധേയരാക്കുന്നു എന്ന് പറഞ്ഞു. ആ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ആ കാര്യത്തിൽ ഗവൺമെന്റ് ഒരു പ്രത്യേക ശ്രദ്ധ പതിപ്പിക്കാനും കേരളത്തിലെ Emigrant labour, അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ വന്ന് തൊഴിലെടുക്കുന്നവരുടെ കാര്യത്തിൽ ട്രേഡ് യൂണിയനുകളും ശ്രദ്ധിക്കുന്നില്ല. ആ മേഖലയിൽ വളരെ ചൂഷണം ഉണ്ട് എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ രംഗത്ത് ഒരു ക്രമീകരണം വരുത്താനും Emigrant labour നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അത് നിയന്ത്രിക്കുന്നതിനും ഗവൺമെന്റ് മുൻകൈ എടുക്കുന്നതാണ്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് റിക്രൂട്ടിംഗ് ഏജൻസികളുണ്ട്. പല സ്ഥലത്തും കൂണുപോലെ റിക്രൂട്ടിംഗ് ഏജൻസികൾ വന്ന് ആളുകളെ കബളിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അവരെ നിയന്ത്രിക്കുന്നതിനും റെഗുലേറ്റ് ചെയ്യുന്നതിനുമായി ഒരു സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ബാലവേല നിർമ്മാർജ്ജനത്തിനുള്ള ഒരു ബിൽ "Kerala Child Labour Release and Rehabilitation Welfare Fund Bill" ഈ നിയമസഭാസമ്മേളനകാലയളവിൽത്തന്നെ ഇൻട്രോഡ്യൂസ് ചെയ്യുന്നുണ്ട്. അത് എത്രയും പെട്ടെന്ന് പാസ്സാക്കി കേരളത്തിലെ ബാലവേലയെ സംബന്ധിച്ച് ഒരു പൂർണ്ണമായ നിരോധനം കൊണ്ടുവരാനും ഗവൺമെന്റ് ശ്രമിക്കുന്നതാണ്. അതുപോലെ Shops and

LIBRARY ARCHIVES Kerala Legislative Assembly

Establishment മേഖലയിൽ പണിയെടുക്കുന്ന അനേകലക്ഷം തൊഴിലാളികളുടെ അഭ്യർത്ഥന മാനിച്ച് അവർക്കുവേണ്ടിയുള്ള ഒരു ക്ഷേമനിധികൂടി കൊണ്ടുവരാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. ടി.പി. രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ച ഗ്രാസിം കമ്പനിയുടെ പ്രശ്നങ്ങൾ അങ്ങേക്കും അറിയാം. അത് പരിഹരിക്കാൻ ശ്രമിക്കുകയാണ്. ഇ.എസ്.ഐ. ഡോക്ടർമാരുടെ അഭാവം ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോൺട്രാക്ട് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരെ പിടിച്ചുപറിക്കാരായി കാണുന്നത് ശരിയല്ല. തൊഴിലാളികളുടെ തൊഴിലിന്റെ മാഹാത്മ്യത്തെ ആ രീതിയിൽത്തന്നെ കാണുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഒരു കാരണവശാലും മറിച്ച് ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതല്ല. ശ്രീ. സാഹിർ ചൂണ്ടിക്കാണിച്ചപ്പോൾ ഇ.എസ്.ഐ.-യുടെ ഫണ്ട് വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നതായി പറഞ്ഞു. അത് പൂർണ്ണമായി ഈ മാർച്ച് 31-നകം പരമാവധി കൊടുത്തുതീർക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീ. സി. കെ. നാണു ചൂണ്ടിക്കാണിച്ചതുപോലെ ഒരു തൊഴിൽസേന രൂപീകരിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. മുൻപ് ഒരു ശ്രമം നടത്തി. അത് പരാജയപ്പെട്ടു. കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടു മുന്നോട്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ടായി. അത് വീണ്ടും പരിശോധിക്കാവുന്നതാണ്. ഈ നിലയിൽ ബന്ധപ്പെട്ട മന്ത്രിമാരുമായിട്ട് ആലോചിച്ച് അതിന് ശ്രമിക്കുന്നതാണ്. ശ്രീ. അസീസ് ചൂണ്ടിക്കാണിച്ചപ്പോൾ കശുവണ്ടി മേഖലയിൽ മിനിമം വേജസ് കൊടുക്കാതിരിക്കുന്നതിനെ സംബന്ധിച്ച് വലിയ പരാതികൾ ഉണ്ടെന്നു പറഞ്ഞു. അദ്ദേഹംകൂടി അംഗമായിട്ടുള്ള ഒരു enforcement കമ്മിറ്റിയുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെങ്കിൽ തീർച്ചയായും അത് പരിശോധിക്കാനും മിനിമം വേജസ് നടപ്പാക്കാനും ശ്രമിക്കും. കോർപ്പറേഷനിലേയും കാപ്പക്സിലേയും തൊഴിലാളികളുടെ ജോലി ഉറപ്പ് വരുത്തുന്നതിനുവേണ്ടി enforcement machinery-യുടെ പ്രവർത്തനങ്ങളിൽ കുറച്ച് വീഴ്ച ഉണ്ട് എന്നുള്ളത് ഗവൺമെന്റ് മനസ്സിലാക്കുന്നു. തീർച്ചയായും അത് പരിഹരിച്ചുകൊണ്ട് തൊഴിലാളികളുടെ മിനിമം വേജസും മറ്റ് ആനുകൂല്യങ്ങളും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളെടുക്കും. അതുപോലെ തന്നെ പെൻഷൻ ബോർഡ് കൊടുക്കുന്നതല്ലാത്ത കുറച്ച് കുടിശിക ഉണ്ട്. അത് ഈ 31-ാം തീയതിക്കുമുൻപ് കുറച്ച് കൊടുത്തുതീർക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. ശ്രീ. കെ. കെ. ഷാജു അദ്ദേഹത്തിന്റെ മേഖലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറിയെക്കുറിച്ച് പറഞ്ഞു. തീർച്ചയായും അത് പരിശോധിച്ച് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ശ്രീ. കെ. എ. ചന്ദ്രൻ ചൂണ്ടിക്കാണിച്ചപ്പോൾ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുടിശികയുടെ കാര്യവും അതുപോലെതന്നെ കർഷക തൊഴിലാളികളുടെ പെൻഷന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ള കാലതാമസത്തെക്കുറിച്ചും പറഞ്ഞു. തീർച്ചയായും അത് പരിഹരിക്കുന്നതാണ്. അദ്ദേഹം വച്ച ഒരു നിർദ്ദേശം 'വൃദ്ധസദനം' എന്നത് 'സ്നേഹസദനം' എന്ന് ആക്കുന്നതാണ്. തീർച്ചയായും

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന് ആ നിർദ്ദേശം നൽകുന്നതാണ്. ചന്ദ്രമല എസ്റ്റേറ്റിലെ ഡിസ്പ്യൂട്ടിനെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അടിയന്തിരമായി അതിന് നടപടി സ്വീകരിക്കുന്നതാണ്. ശ്രീ. സി. ടി. അഹമ്മദ് അലി ചൂണ്ടിക്കാണിച്ചപ്പോൾ കാസർഗോഡ് ഡിസ്പെൻസറിയെക്കുറിച്ച് പറഞ്ഞു. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ശ്രീ. തോമസ് ഉണ്ണിയാടൻ ചൂണ്ടിക്കാണിച്ച കാഷ്യൂ ബോർഡ് എന്ന ആശയം വളരെ വർഷങ്ങളായി നിലനിൽക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് പരമ്പരാഗത വ്യവസായങ്ങൾക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കുമ്പോൾ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് മുന്നോട്ടുവയ്ക്കാവുന്ന ഏറ്റവും നല്ല ഒരു നിർദ്ദേശമാണ് കാഷ്യൂബോർഡ്. കാഷ്യൂബോർഡിന്റെ സെന്റർ കേരളത്തിലാക്കണമെന്നാണ് താൽപ്പര്യം. പക്ഷേ, നമുക്ക് ഇവിടെ കാഷ്യൂ തോട്ടങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉത്തരേന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി നോക്കുമ്പോൾ പരിമിതമാണ്. തീർച്ചയായും ഇത് വളരെ ഗൗരവമായിതന്നെ ടേക്കപ്പ് ചെയ്യുന്നുണ്ട്. ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഐ. ടി. കളുടെ കാര്യം പറഞ്ഞു. ഈ വർഷത്തെ ബഡ്ജറ്റിൽ അതിനുള്ള തുക വകകൊള്ളിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: സഭയുടെ പൊതുവികാരം കണക്കിലെടുത്ത് പന്ത്രണ്ടര മണി എന്നുള്ളത് അഞ്ച് മിനിട്ടുകൂടി നീട്ടുകയാണ്. ദയവായി Conclude ചെയ്യണം.

ശ്രീ. ബാബു ദിവാകരൻ: ശ്രീ. ഷിബു ബേബിജോൺ ചൂണ്ടിക്കാണിച്ച കാര്യം, എന്റെ സഹോദരനെപോലെ ഞാൻ കരുതുന്ന ഷിബുവിനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായി അദ്ദേഹത്തിന്റെ സംസ്കാരം വച്ചിട്ട് അദ്ദേഹം കുറേ കാര്യങ്ങൾ പറഞ്ഞു. അതിനൊന്നും മറുപടി പറയാൻ എന്റെ സംസ്കാരം അനുവദിക്കുന്നില്ല എന്നുള്ളതുകൊണ്ട് ഞാൻ ആ കാര്യങ്ങളെക്കുറിച്ചൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. അവരുടെ സംസ്കാരം അവർക്കുള്ളതാണ്. എന്തായാലും ഷിബുവിനെ രാഷ്ട്രീയഗുരുവായി അംഗീകരിക്കുന്നതിനെ സംബന്ധിച്ച് ഞാൻ ചിന്തിച്ചിട്ടുപോലുമില്ല. അങ്ങനെ ഒരു ഗതികേട് വന്നാൽ രാഷ്ട്രീയം മതിയാക്കുന്നതായിരിക്കും എനിക്ക് നല്ലത് എന്നുള്ളതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് ആലോചിക്കുന്നില്ല. ഷിബുവിന്റെ പിതാവിന്റെ ഗുരുത്വത്തിലാണ് ഞാൻ രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചത്. അദ്ദേഹത്തിന്റെ പാതകളാണ് ഞാൻ പിൻതുടരുന്നത്. എന്റെ സംസ്കാരം അതിനൊന്നും മറുപടി പറയാൻ അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശങ്ങൾക്കെല്ലാം ഒരിക്കൽകൂടി നന്ദി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)*: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും അതുപോലെതന്നെ ക്രിയാത്മകമായ വിമർശനങ്ങളും ഒക്കെ പൂർണ്ണമായ മനസ്സോടുകൂടി ഉൾക്കൊള്ളുകയാണ്. ബഹുമാന്യനായ വി. ഡി. സതീശൻ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ സ്വാതന്ത്ര്യ സമര

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിൽ തന്നെ തുടങ്ങിയ ഒരു പ്രക്രിയയ്ക്ക് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഒരു ഭരണഘടനാപരമായ പരിരക്ഷയും സുരക്ഷിതത്വവും നൽകിയിട്ടുപോലും കഴിഞ്ഞ 57 വർഷങ്ങൾ കഴിഞ്ഞിട്ടും സംസ്ഥാന കേന്ദ്ര ഭരണകൂടങ്ങളും ത്രിതല പഞ്ചായത്തുകളും നടത്തിയ പ്രവർത്തനങ്ങൾ കൊണ്ടുപോലും ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തിക്കുവാൻ കഴിഞ്ഞില്ല എന്നുള്ള ഒരു പൊതുവികാരം ശ്രീ. സതീശനോടൊപ്പം തന്നെ ഇവിടെ പ്രസംഗിച്ച മുഴുവൻ ആളുകളും പ്രകടിപ്പിക്കുകയുണ്ടായി. ആ ലക്ഷ്യത്തിൽ എത്തുവാനുള്ള പ്രവർത്തനത്തിന് നേതൃത്വം കൊടുക്കേണ്ട ആളുകളാണ് ഈ സഭയിൽ ഉള്ളതും വ്യത്യസ്ത രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട നേതാക്കൻമാരുമൊക്കെ. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇത്രയും കാലം പിന്നിട്ടുകഴിഞ്ഞിട്ടും ഇതിനകത്ത് വ്യക്തമായ ലക്ഷ്യത്തിൽ എത്താൻ കഴിയാത്ത ഒരു സാഹചര്യത്തിൽ അത് എന്തുകൊണ്ടാണെന്ന് ആലോചിക്കുവാൻ മുഴുവൻ രാഷ്ട്രീയപ്രസ്ഥാനങ്ങളും നേതാക്കളുമൊക്കെ തയ്യാറാകേണ്ട ഒരു സമയം ആയിരിക്കുന്നു എന്നാണ്. ഇവിടെ അവസാനമായി പ്രസംഗിച്ച ബഹുമാന്യനായ ഗോവിന്ദൻ മാസ്റ്റർ പറഞ്ഞ ഒന്നുരണ്ട് കാര്യങ്ങളെക്കുറിച്ച് ഞാൻ ആദ്യം സൂചിപ്പിക്കുകയാണ്. അദ്ദേഹം പറഞ്ഞു പഞ്ചായത്തുകളുടെ അധികാരം പിടിച്ചെടുക്കുവാനുള്ള ശ്രമമാണ് നടക്കുന്നത് എന്ന്. ഒരു കാരണവശാലും പഞ്ചായത്തുകളുടെ അധികാരം പിടിച്ചെടുക്കുവാൻ ശ്രമമില്ല എന്നുമാത്രമല്ല, സമൂഹത്തിന്റെ താഴേത്തട്ടിൽ കിടക്കുന്ന ജനവിഭാഗത്തിന് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവരെ ലക്ഷ്യങ്ങളിൽ എത്തിക്കുവാനുമുള്ള ശ്രമം ത്രിതല പഞ്ചായത്തുകളിലായാലും, കേന്ദ്രത്തിലായാലും, സംസ്ഥാനത്തിലായാലും അത് നടപ്പിലാക്കണം. ഒരു കാര്യം കൂടി പറയാനുണ്ട്, കഴിഞ്ഞ വർഷം 59 ശതമാനമായിരുന്നു പഞ്ചായത്തുകൾക്ക് സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ നിന്ന് നീക്കിവച്ചിരുന്ന തുക എങ്കിൽ ഇപ്രാവശ്യം അത് മൂന്നു ശതമാനം കൂടി വർദ്ധിപ്പിച്ച് 62 ശതമാനം നൽകിയിരിക്കുന്നു എന്നുള്ള കാര്യം കൂടി ഞാൻ ശ്രീ. ഗോവിന്ദൻ മാസ്റ്ററെ അറിയിക്കുകയാണ്. ഏതാണ്ട് 330 കോടി രൂപയാണ് ഈ വർഷം നമ്മൾ ത്രിതല പഞ്ചായത്തുകൾക്ക് നൽകുന്നത്. അവരുടെ അവകാശം മുഴുവൻ നിലനിർത്തിക്കൊണ്ടുതന്നെ ആ പണം അർഹമായ കൈകളിൽ എത്തുന്നുണ്ടോ എന്ന് അന്വേഷിക്കുവാനുള്ള ഒരു ഉത്തരവാദിത്തം നമുക്ക് എല്ലാവർക്കും ഉണ്ടാകണം. ഞാൻ ഇത് പറയാൻ കാരണം ഒരു മാസം മുമ്പ് ഭൂമിയില്ലാത്ത ആളുകളുടെ അപേക്ഷ ക്ഷണിച്ചപ്പോൾ സ്വാതന്ത്ര്യം കിട്ടി 57 വർഷമായിട്ടും ഒരു തുണ്ട് ഭൂമിയില്ലാത്ത ആയിരക്കണക്കിന് ആളുകളുടെ അപേക്ഷകളാണ് കിട്ടിയത്. അതുപോലെതന്നെ വീടില്ലാത്ത ആളുകൾക്ക് 70,000 രൂപ സഹായം നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചപ്പോൾ 25,000 അപേക്ഷകളാണ് കിട്ടിയത്. 57 വർഷം കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യങ്ങൾപോലും പൂർണ്ണമായിട്ടും ലക്ഷ്യത്തിലെത്തിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതിന്റെ ഒരു ചെറിയ ഉദാഹരണമായിട്ട് ഞാൻ ഇക്കാര്യം ചൂണ്ടിക്കാണിക്കുകയാണ്. അപ്പോൾ 330 കോടി രൂപ ഈ വർഷം കൊടുക്കുമ്പോൾ, യഥാർത്ഥത്തിൽ ഈ വർഷം 530 കോടി രൂപയാണ് സംസ്ഥാന ത്രിതല പഞ്ചായത്തുകൾക്കുള്ളത്. ഈ 530

LIBRARY ARCHIVES Kerala Legislative Assembly

കോടിയുണ്ടെങ്കിൽ നമുക്ക് ഒരുമിച്ച് തീരുമാനം എടുത്തുകൊണ്ട് പ്ലാനിംഗ് ബോർഡിന്റെകൂടി നിർദ്ദേശത്തിനനുസരിച്ച് മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് 25,000 വീടുകൾക്ക് 70,000 രൂപാ വച്ച് കൊടുക്കുകയാണെങ്കിൽപ്പോലും അത് 200 കോടി രൂപയേ വരുമായിരുന്നുള്ളൂ. അതുപോലെ തന്നെയാണ് വൈദ്യുതിയുടേയും കുടിവെള്ളത്തിന്റെയും കാര്യം, ഇത്രയും കാലം കഴിഞ്ഞിട്ടും ഇത്രയും കോടികൾ ചെലവഴിച്ചിട്ടും വെളിച്ചം കാണുവാൻ കഴിയാത്ത, വൈകുന്നേരമായിക്കഴിഞ്ഞാൽ മണ്ണെണ്ണ വിളക്കിനെ അഭയം പ്രാപിക്കേണ്ട ആയിരക്കണക്കിന് കുടുംബങ്ങൾ ഇന്നും നമ്മുടെ കേരളത്തിൽ ഉണ്ട്. അതുപോലെതന്നെ കുടിവെള്ളത്തിന് കിലോമീറ്ററുകളോളം നടന്നുപോകേണ്ട അവസ്ഥ ഇന്നുണ്ട്. അതിനൊക്കെ പണം ഉണ്ടായിരുന്നിട്ടും എന്തുകൊണ്ട് ഇത് നടന്നില്ല എന്ന് ആലോചിക്കുവാൻ നമ്മൾ തയ്യാറാകണം എന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ. ഈ ഗവൺമെന്റ് പരമപ്രധാനമായി കാണുന്നത് കിടക്കാൻ ഒരു വീടും അതുപോലെ ഒരു തുണ്ട് ഭൂമിയും കുടിവെള്ളവും വൈദ്യുതിയുമാണ്. സ്വാതന്ത്ര്യം കിട്ടി 57 വർഷം പിന്നിട്ടിട്ടും നമുക്ക് അത് കൊടുക്കാൻ കഴിയാത്തതിൽ എല്ലാവരും കുറ്റക്കാരാണ്. ഇവിടെ ശ്രീ. സതീശൻ സൂചിപ്പിച്ചു നമുക്ക് എല്ലാവിധ പരിരക്ഷയും ഉണ്ടായിട്ടും ഗവൺമെന്റിന് ഫണ്ട് ഉണ്ടായിട്ടുപോലും അത് കൊടുക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായതിന്റെ കുറ്റബോധം ഈ സഭയിൽ എല്ലാവരും ഏറ്റെടുക്കേണ്ട കാര്യമാണ്. അതുകൊണ്ട് ഏറ്റവും പരമപ്രാധാന്യം നൽകുന്നത് അടിസ്ഥാന സൗകര്യത്തിനാണ്. അതിന്റെ ഭാഗമായി ഈ വർഷം തന്നെ 5000 വീടുകൾ വച്ചു കൊടുക്കുന്ന കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. 5000 വീടുകൾക്ക് 70000 രൂപ വച്ച് കൊടുക്കുന്ന സാഹചര്യം കഴിഞ്ഞ ഒരു വർഷം മുമ്പ് ബഹുമാന്യനായ എം. എ. കുട്ടപ്പൻ മന്ത്രിയായിരുന്നപ്പോൾ എടുത്ത തീരുമാനമാണ്. പക്ഷെ കഴിഞ്ഞ വർഷം കൊടുക്കാൻ കഴിഞ്ഞില്ല, ഈ വർഷം അത് വീണ്ടും കൊടുക്കുവാൻ വേണ്ടി തീരുമാനിച്ചു. 10 കോടി രൂപ ഭൂമി വാങ്ങുന്നതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കും വൈദ്യുതിക്കും വേണ്ടിയും തുക നീക്കിവച്ചിട്ടുണ്ട് എന്ന കാര്യം കൂടി അറിയിക്കുകയാണ്. അതോടൊപ്പം അടുത്ത വർഷം 5000 വീടുകൾ കൂടി കൂടുതൽ കൊടുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. 5000 വീടുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ തന്നെ കൊടുക്കുവാനുള്ള നടപടി പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പ് സ്വീകരിച്ചിട്ടുണ്ട് എന്ന് പറയുകയാണ്. ഈ വർഷത്തെ ബജറ്റിൽ 21 കോടി രൂപയാണ് കെ.എസ്.ഇ.ബി.-ക്ക് പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലേക്ക് വൈദ്യുതി എത്തിക്കുവാൻ വേണ്ടി നീക്കിവച്ചിട്ടുള്ളത്. ആ 21 കോടി രൂപയും അതോടൊപ്പം തന്നെ കൂടുതൽ സഹായവും ആ മേഖലയ്ക്ക് നൽകിക്കൊണ്ട് പരമാവധി അടുത്തവർഷം തന്നെ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലും വൈദ്യുതി എത്തിക്കുക എന്നുള്ള തീരുമാനം ഗവൺമെന്റ് എടുത്തിരിക്കുകയാണ്. അത് പൂർണ്ണമായും നടപ്പാക്കാൻ കഴിയുമെന്ന വിശ്വാസം ഗവൺമെന്റിനുണ്ട്. വീടിന്റെയും കുടിവെള്ളത്തിന്റേയും വൈദ്യുതിയുടെയും കാര്യത്തിൽ നമുക്ക് ഈ വർഷവും അടുത്ത വർഷവും പരമാവധി കാര്യങ്ങൾ ചെയ്യുവാനുള്ള അടിസ്ഥാനസൗകര്യം എന്നുള്ള ലക്ഷ്യത്തിലേക്ക് ഒരു തുടക്കം

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ച് ഉദ്ദേശിച്ചതിന്റെ പകുതിയെങ്കിലും നടപ്പാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. ഇന്നും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ നിൽക്കുന്ന ഒരു ജനതയെ മുന്നോട്ടു കൊണ്ടുവരണമെങ്കിൽ നമുക്ക് ചെയ്യാവുന്ന കാര്യം വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളാണ്. വിദ്യാഭ്യാസരംഗം ഒരുപാട് മുന്നോട്ടുപോയി. ശ്രീ. സതീശൻ ഇവിടെ സൂചിപ്പിച്ചു എസ്. എസ്. എൽ. സി.-ക്ക് ഒന്നാം റാങ്കും രണ്ടാം റാങ്കും വാങ്ങുവാൻപോലും കഴിവുള്ള കുട്ടികൾ ഇന്ന് ഈ സമൂഹത്തിൽ ഉണ്ടാകുന്ന സാഹചര്യം ഉണ്ട്. ശരിയാണ്, വിദ്യാഭ്യാസരംഗത്ത് ഒരുപാട് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ ഉണ്ടാകുമ്പോഴും ഒരുപാട് പ്രയാസങ്ങളും പ്രശ്നങ്ങളും ഇന്നും നിലനിൽക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല, പക്ഷെ വിദ്യാഭ്യാസരംഗത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് മുന്നോട്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് എന്നും പരാതികൾ ഉണ്ടാകാറുണ്ട്. ഹോസ്റ്റലിന്റെ കാര്യത്തിൽ ആയാലും മറ്റു പല കാര്യങ്ങളിലും ഒരുപാട് പരാതികൾ എനിക്ക് നേരിട്ട് തന്നെ കിട്ടാറുണ്ട്. പല തിരക്കുകൾക്കിടയിൽ പലപ്പോഴും നമുക്ക് അത് പൂർണ്ണമായി ശ്രദ്ധിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് അടുത്ത അധ്യയനവർഷം തന്നെ വകുപ്പു മന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഇത്തരത്തിലുള്ള വിദ്യാഭ്യാസ പ്രശ്ന പരിഹാരത്തിന് ഒരു സെൽ രൂപീകരിക്കും എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എഞ്ചിനീയറിംഗ്-മെഡിക്കൽ കോഴ്സുകൾക്ക് ഒക്കെ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികളിൽ പല കുട്ടികളും ഇന്ന് വളരെ പ്രയാസപ്പെട്ട സാഹചര്യത്തിൽ നിന്ന് വരുന്നവരാണ്. അവർക്ക് അഡ്മിഷൻ ലഭിച്ചുകഴിഞ്ഞാൽ അവരുടെ പ്രാഥമിക ആവശ്യങ്ങൾക്ക്, ഡ്രസ്സ് വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഇന്ന് പണം ഇല്ലാത്ത സാഹചര്യം ഉണ്ട്. എഞ്ചിനീയറിംഗ്, മെഡിക്കൽ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന 40,000 രൂപയിൽ താഴെ വരുമാനമുള്ള കുട്ടികൾക്ക് 5000 രൂപ ഒരു പ്രത്യേക അലവൻസായി നൽകുവാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇന്ന് പ്രൊഫഷണൽ കോഴ്സുകൾക്ക് പല കാരണങ്ങൾ കൊണ്ടും റിസർവേഷൻ ഉള്ളതുകൊണ്ട് പലപ്പോഴും അഡ്മിഷൻ കിട്ടുന്നുണ്ട്. പക്ഷെ അഡ്മിഷൻ കിട്ടുന്ന കുട്ടികൾ പൂർണ്ണമായും ലക്ഷ്യത്തിൽ എത്തുന്നുണ്ടോ, വിജയത്തിൽ എത്തുന്നുണ്ടോ എന്നന്വേഷിച്ചു കഴിഞ്ഞാൽ പലപ്പോഴും പകുതിവച്ച് കൊഴിഞ്ഞുപോകുന്ന സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് പ്രധാനപ്പെട്ട കാരണം റിസർവേഷനിലൂടെ വരുന്ന കുട്ടികൾക്ക് വളരെ ഉന്നതമായ വിദ്യാഭ്യാസം നേടിവരുന്ന, കോച്ചിംഗ് ലഭിച്ചുവരുന്ന കുട്ടികളുമായി മൽസരിക്കുവാനുള്ള സാഹചര്യം ഇല്ലാത്ത അവസ്ഥയിൽ

LIBRARY ARCHIVES Kerala Legislative Assembly

പലപ്പോഴും പകുതി വഴിയിൽ വച്ചുതന്നെ നിർത്തിപ്പോകേണ്ട അവസ്ഥയുണ്ട്. അങ്ങനെയുള്ള കുട്ടികൾക്ക് ഒരു വ്യക്തിത്വ വികസന കോഴ്സ് എന്നുള്ള നിലയ്ക്ക് ഒരു മാസത്തെ കോഴ്സ് തുടങ്ങുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുപോലെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ഇന്ന് വളരെ നല്ല രീതിയിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പ്ലസ് ടു തുടങ്ങുവാൻ എസ്.എസ്.എൽ.സി. പൂർത്തിയായിട്ടുള്ള രണ്ടു സ്കൂളുകളാണ് നിലവിലുള്ളത്. ആലുവയിലും തൃത്താലയിലുമാണെന്നാണ് തോന്നുന്നത്, ഈ രണ്ടു സ്ഥലത്തും പ്ലസ് ടു സ്കൂളുകൾ തുടങ്ങുവാനുള്ള നടപടികൾ കൂടി സ്വീകരിക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അതോടൊപ്പം ഈ കുറഞ്ഞ സമയത്തിനകത്ത് വിദ്യാഭ്യാസരംഗത്ത് കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ബഹുമാന്യനായ ശ്രീ. എ. കെ. ബാലൻ എം.എൽ.എ.-യുടെ മണ്ഡലത്തിൽ തന്നെ ഒരു പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ തുടങ്ങുവാൻ കഴിഞ്ഞു. അങ്ങനെ വിദ്യാഭ്യാസരംഗത്ത് കൂടുതൽ കാര്യങ്ങൾ ഈ കുറഞ്ഞ സമയത്തിനുള്ളിൽ ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഇവിടെ സൂചിപ്പിച്ച ആദിവാസികൾക്ക് ഭൂമി കൊടുക്കുക എന്നുള്ളത് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യത്തോടുകൂടി കാണുന്ന കാര്യമാണ്.. അക്കാര്യത്തിൽ ഒരു പാളിച്ചയും ഗവൺമെന്റിന് ഇതുവരെ ഉണ്ടായിട്ടില്ല. ബഹുമാന്യനായ ഗോവിന്ദൻ മാസ്റ്റർക്കറിയാം, ആറളം ഫാമിന്റെ കാര്യത്തിൽ നമുക്ക് ആ ഭൂമി വിട്ടുകിട്ടിയിട്ടും കൊടുക്കാൻ കഴിയാതിരുന്നത് ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു. ഉൾപ്പെടെയുള്ളവരുടെ ഭാഗത്തുനിന്നുണ്ടായ നിസ്സഹകരണം കൊണ്ടാണ്. പക്ഷെ തൊഴിലാളികൾ പൂർണ്ണമായും കഴിഞ്ഞദിവസം ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ സഹകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് ഭൂമി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. തീർച്ചയായും വിദ്യാഭ്യാസരംഗത്തും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും ഗവൺമെന്റ് ശക്തമായ നിലപാടുകൾ കൈക്കൊള്ളും. ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയത്തിന് അതീതമായി സമൂഹത്തിലെ ഏറ്റവും ദുർബലമായ ജനവിഭാഗം എന്നുള്ള നിലയ്ക്ക് അവർക്കെല്ലാം ഇന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ അവർക്ക് എത്തിക്കുവാനുള്ള പ്രവർത്തനത്തിൽ രാഷ്ട്രീയത്തിന് അതീതമായ ഒരു കാഴ്ചപ്പാട് എല്ലാ വിഭാഗം ആളുകളുടെയും എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയ നേതാക്കൻമാരുടെയും ഭാഗത്തുനിന്നുണ്ടാകണം. എക്കാലത്തും ഇതുപോലെ ആനുകൂല്യം ലഭിക്കുന്ന ഒരു വിഭാഗമായി നിലനിൽക്കാനല്ല അതിനപ്പുറത്ത് സ്വന്തമായി, പരാശ്രയമില്ലാതെ മുന്നോട്ടുപോകാൻ കഴിയുന്ന ഒരു ജനതയാക്കി മാറ്റുന്നതിനുള്ള ഒരു ശ്രമത്തിന് എല്ലാവരുടേയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട് മോഷനുകൾ പ്രസ്സ് ചെയ്യുന്നുണ്ടോ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-2006 വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—50

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എ. പി. അനിൽകുമാർ
4. ,, എൻ. ഡി. അപ്പച്ചൻ
5. ,, ബാബു ദിവാകരൻ
6. ,, പി. കെ. കെ. ബാവ
7. ,, ടി. വി. ചന്ദ്രമോഹൻ
8. ,, കെ. എ. ചന്ദ്രൻ
9. ,, എം. എ. ചന്ദ്രശേഖരൻ
10. ,, ഡൊമിനിക് പ്രസന്റേഷൻ
11. ,, എം. പി. ഗംഗാധരൻ
12. ,, എം. എം. ഹസ്സൻ
13. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
14. ശ്രീ. ഉമ്മൻ ചാണ്ടി
15. ,, എം. കെ. പോൾസൺ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. വി. ജെ. പൗലോസ്
17. ,, അടൂർ പ്രകാശ്
18. ,, കെ. സി. ജോസഫ്
19. ,, പി. ജെ. ജോയി
20. ,, വർക്കല കഹാർ
21. ,, ജി. കാർത്തികേയൻ
22. ,, ലൂഡി ലൂയിസ്
23. ,, സി. മമ്മൂട്ടി
24. ,, എ. കെ. മണി
25. ,, ആര്യാടൻ മുഹമ്മദ്
26. ,, സി. പി. മുഹമ്മദ്
27. ,, എം. കെ. മുനീർ
28. ,, കെ. നാരായണക്കുറുപ്പ്
29. ,, എഴുകോൺ നാരായണൻ
30. ,, കെ. കെ. ഷാജു
31. ,, ഷിബു ബേബി ജോൺ
32. ,, കടവൂർ ശിവദാസൻ
33. ശ്രീമതി ശോഭനാ ജോർജ്ജ്
34. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
35. ശ്രീമതി രാധാ രാഘവൻ
36. ശ്രീ. യു. സി. രാമൻ
37. ,, ടി. പി. എം. സാഹിർ
38. ,, എൻ. ശക്തൻ
39. ശ്രീമതി മാലേത്ത് സരളാദേവി
40. ശ്രീ. വി. ഡി. സതീശൻ
41. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
42. ശ്രീ. നാലകത്ത് സൂപ്പി
43. ,, സ്റ്റീഫൻ ജോർജ്ജ്
44. ,, എൻ. സുന്ദരൻ നാടാർ
45. ,, സി. എഫ്. തോമസ്
46. ,, പി. ടി. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

47. ശ്രീ. തോമസ് ചാഴികാടൻ
48. ,, തോമസ് ഉണ്ണിയാടൻ
49. ,, ബി. വിജയകുമാർ
50. ,, വക്കം പുരുഷോത്തമൻ

പ്രതികൂലിക്കുന്നവർ—29

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. എം. കുമാരൻ
14. ,, കെ. വി. കുഞ്ഞിരാമൻ
15. ,, വി. കെ. സി. മമ്മത്കോയ
16. ,, കെ. പി. മോഹനൻ
17. ,, എ. സി. മൊയ്തീൻ
18. ,, പിരപ്പൻകോട് മുരളി
19. ,, സി. കെ. നാണു
20. ,, പി. നാരായണൻ
21. ഡോ. എ. നീലലോഹിതദാസൻ നാടാർ
22. ശ്രീ. കെ. രാധാകൃഷ്ണൻ
23. ,, എൻ. രാജൻ
24. ,, രാജു എബ്രഹാം

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ. ടി. പി. രാമകൃഷ്ണൻ

26. „ സാജു പോൾ

27. „ കെ. പി. സതീശ് ചന്ദ്രൻ

28. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

29. ശ്രീ. പി. എസ്. സുപാൽ

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 50

പ്രതികൂലിക്കുന്നവർ — 29

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെട്ട സാമൂഹ്യക്ഷേമം XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട് മോഷനുകൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—50

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. „ സി. ടി. അഹമ്മദ് അലി

LIBRARY ARCHIVES Kerala Legislative Assembly

3. ശ്രീ. എ. പി. അനിൽകുമാർ
4. ,, എൻ. ഡി. അപ്പച്ചൻ
5. ,, ബാബു ദിവാകരൻ
6. ,, പി. കെ. കെ. ബാവ
7. ,, ടി. വി. ചന്ദ്രമോഹൻ
8. ,, കെ. എ. ചന്ദ്രൻ
9. ,, എം. എ. ചന്ദ്രശേഖരൻ
10. ,, ഡൊമിനിക് പ്രസന്റേഷൻ
11. ,, എം. പി. ഗംഗാധരൻ
12. ,, എം. എം. ഹസ്സൻ
13. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
14. ശ്രീ. കെ. സി. ജോസഫ്
15. ,, പി. ജെ. ജോയി
16. ,, വർക്കല കഹാർ
17. ,, ജി. കാർത്തികേയൻ
18. ,, ലൂഡി ലൂയിസ്
19. ,, സി. മമ്മൂട്ടി
20. ,, എ. കെ. മണി
21. ,, ആര്യാടൻ മുഹമ്മദ്
22. ,, സി. പി. മുഹമ്മദ്
23. ,, എം. കെ. മുനീർ
24. ,, കെ. നാരായണക്കുറുപ്പ്
25. ,, എഴുകോൺ നാരായണൻ
26. ,, കെ. കെ. ഷാജു
27. ,, ഷിബു ബേബി ജോൺ
28. ,, കടവൂർ ശിവദാസൻ
29. ശ്രീമതി ശോഭനാ ജോർജ്ജ്
30. ശ്രീ. നാലകത്ത് സൂപ്പി
31. ,, സ്റ്റീഫൻ ജോർജ്ജ്
32. ,, ഉമ്മൻ ചാണ്ടി
33. ,, എം. കെ. പോൾസൺ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

34. ശ്രീ. വി. ജെ. പൗലോസ്
35. ,, അടൂർ പ്രകാശ്
36. ,, വക്കം ബി. പുരുഷോത്തമൻ
37. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
38. ശ്രീമതി രാധാ രാഘവൻ
39. ശ്രീ. യു. സി. രാമൻ
40. ,, ടി. പി. എം. സാഹിർ
41. ,, എൻ. ശക്തൻ
42. ശ്രീമതി മാലേത്ത് സരളാദേവി
43. ശ്രീ. വി. ഡി. സതീശൻ
44. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
45. ശ്രീ. എൻ. സുന്ദരൻ നാടാർ
46. ,, സി. എഫ്. തോമസ്
47. ,, പി. ടി. തോമസ്
48. ,, തോമസ് ചാഴികാടൻ
49. ,, തോമസ് ഉണ്ണിയാടൻ
50. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—29

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
10. ,, കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. എം. കുമാരൻ
14. ,, കെ. വി. കുഞ്ഞിരാമൻ
15. ,, വി. കെ. സി. മമ്മത്കോയ
16. ,, കെ. പി. മോഹനൻ
17. ,, എ. സി. മൊയ്തീൻ
18. ,, പിരപ്പൻകോട് മുരളി
19. ,, സി. കെ. നാണു
20. ,, പി. നാരായണൻ
21. ഡോ. എ. നീലലോഹിതദാസൻ നാടാർ
22. ശ്രീ. കെ. രാധാകൃഷ്ണൻ
23. ,, എൻ. രാജൻ
24. ,, രാജു എബ്രഹാം
25. ,, ടി. പി. രാമകൃഷ്ണൻ
26. ,, സാജു പോൾ
27. ,, കെ. പി. സതീശ് ചന്ദ്രൻ
28. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
29. ശ്രീ. പി. എസ്. സുപാൽ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 50

പ്രതികൂലിക്കുന്നവർ — 29

നിഷ്പക്ഷതപാലിക്കുന്നവർ — ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും മാർച്ചുമാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 മാർച്ചുമാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.43-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly